# ഫാന്റസിയും വയലൻസും മലയാളനോവലിൽ

## (ടി.ഡി. രാമകൃഷ്ണന്റെ തെരഞ്ഞെടുത്ത നോവലുകളെ ആസ്പദമാക്കിയുള്ള പഠനം)

സെന്റ്. തെരേസാസ് കോളേജ് (സ്വയംഭരണം) മലയാള ബിരുദാനന്തര ബിരുദത്തിന്റെ ഭാഗികപൂരണത്തിനായി സമർപ്പിക്കുന്ന പ്രബന്ധം


**സോന ആൽബി**

രജിസ്റ്റർ നമ്പർ: SM21MAL008



**സെന്റ്. തെരേസാസ് കോളേജ് (സ്വയംഭരണം)**

എറണാകുളം

2023

# ഫാന്റസിയും വയലൻസും മലയാളനോവലിൽ

## (ടി.ഡി. രാമകൃഷ്ണന്റെ തെരഞ്ഞെടുത്ത നോവലുകളെ ആസ്പദമാക്കിയുള്ള പഠനം)

സെന്റ്. തെരേസാസ് കോളേജ് (സ്വയംഭരണം) മലയാള ബിരുദാനന്തര ബിരുദത്തിന്റെ ഭാഗികപൂരണത്തിനായി സമർപ്പിക്കുന്ന പ്രബന്ധം


**സോന ആൽബി**

രജിസ്റ്റർ നമ്പർ-: SM21MAL008



**സെന്റ്. തെരേസാസ് കോളേജ് (സ്വയംഭരണം)**

എറണാകുളം

2023

# പ്രതിജ്ഞാപത്രം

ഈ പ്രബന്ധം ഇതിനു മുമ്പ് ഏതെങ്കിലും സർവ്വകലാശാലയുടെയോ തത്തുല്യമായ സ്ഥാപനത്തിന്റെയോ ബിരുദത്തിന് സമർപ്പിച്ചിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്തുന്നു.

**സോന ആൽബി**

രണ്ടാംവർഷ മലയാളം

ബിരുദാനന്തരബിരുദം

എറണാകുളം

02.08.2023

# സാക്ഷ്യപത്രം

**ദർശന തമ്പി.എ**

അസിസ്റ്റന്റ്  പ്രൊഫസർ
മലയാളവിഭാഗം
സെന്റ്. തെരേസാസ് കോളേജ്
എറണാകുളം

സെന്റ്.് തെരേസാസ് കോളേജ് (സ്വയംഭരണം) മലയാളം ബിരുദാനന്തരബിരുദത്തിന്റെ ഭാഗികപൂരണത്തിനായി സോന ആൽബി സമർപ്പിക്കുന്ന 'ഫാന്റസിയും വയലൻസും  മലയാള നോവലിൽ - ടി.ഡി. രാമകൃഷ്ണന്റെ തെരഞ്ഞെടുത്ത നോവലുകളെ ആസ്പദമാക്കിയുള്ള പഠനം' എന്ന പ്രബന്ധം എന്റെ ശിക്ഷണത്തിൽ തയ്യാറാക്കിയിട്ടുള്ളതാണെന്നും ഈ പ്രബന്ധം ഇതിനു മുമ്പ് ഏതെങ്കിലും ബിരുദത്തിനോ ഡിപ്ലോമയ്ക്കോ വേണ്ടി സമർപ്പിച്ചിട്ടുള്ളതല്ലെന്നും ഇതു പൂർണമായോ ഭാഗികമായോ മുമ്പ്  പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതല്ലെന്നും സാക്ഷ്യപ്പെടുത്തുന്നു.

എറണാകുളം

02.08.2023

**ദർശന തമ്പി എ.**

# കൃതജ്ഞത

ഈ പ്രബന്ധരചനയ്ക്ക് വേണ്ട മാർഗനിർദ്ദേശം നൽകി എന്നെ സഹായിച്ച സെന്റ്. തെരേസാസ് കോളേജ് മലയാളവിഭാഗം അദ്ധ്യാപിക ദർശന തമ്പിയോടും പ്രബന്ധ രചനയ്ക്ക് ആവശ്യമായ പുസ്തകങ്ങൾ നൽകി സഹായിച്ച ലൈബ്രറി വിഭാഗത്തിലെ ഉദ്യോഗസ്ഥരോടും ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു.

**സോന ആൽബി**

രണ്ടാംവർഷ മലയാളം
ബിരുദാനന്തരബിരുദം

എറണാകുളം
02.08.2023

## ഉള്ളടക്കം

**1. ആമുഖം** **I-III**

01. പഠനലക്ഷ്യം
02. പഠനത്തിന്റെ പ്രസക്തി
03. പരികല്പന
04. പഠനമേഖല
05. പഠനരീതി
06. പ്രബന്ധസ്വരൂപം

**2. അദ്ധ്യായം ഒന്ന്** **1-15**

**ഫാന്റസിയുടെയും വയലൻസിന്റെയും പരിപ്രേക്ഷ്യം മലയാളനോവലിൽ**

1. നോവൽ സാഹിത്യം: ഫാന്റസിയും വയലൻസും
2. ഫാന്റസിയുടെ സൗന്ദര്യശാസ്ത്രം
3. ഫാന്റസിയുടെ ആധുനികപരിപ്രേക്ഷ്യം
4. ഫാന്റസി സാഹിത്യത്തിൽ
5. വയലൻസിന്റെ സാമൂഹ്യതലം
6. വയലൻസിന്റെ സാഹിത്യവീക്ഷണം
7. വയലൻസ് ആധുനികസാഹിത്യത്തിൽ
8. മലയാളനോവലിലെ വയലൻസ്

**3. അദ്ധ്യായം രണ്ട്** **16-33**

**ഫാന്റസിയുടെ തലം ടി.ഡി. രാമകൃഷ്ണന്റെ നോവലുകളിൽ**

1. ടി.ഡി. രാമകൃഷ്ണൻ
2. ഫ്രാൻസിസ് ഇട്ടിക്കോര
3. നോവൽ പ്രമേയം
4. ഫ്രാൻസിസ് ഇട്ടിക്കോര: ഒരു ആഗോളപ്രാദേശിക ഫാന്റസി രചന
5. സുഗന്ധി എന്ന ആണ്ടാൾ ദേവനായകി
6. നോവൽ പ്രമേയം

7. ഫാന്റസിയുടെ അന്തരീക്ഷം: സുഗന്ധി എന്ന ആണ്ടാൾ ദേവനായകിയിൽ

**4. അധ്യായം മൂന്ന്** **34-44**

**ടി.ഡി. രാമകൃഷ്ണന്റെ നോവലുകളിലെ വയലൻസ് പശ്ചാത്തലം**

1. ഫ്രാൻസിസ് ഇട്ടിക്കോരയിലെ വയലൻസ്
2. വയലൻസ്: സുഗന്ധി എന്ന ആണ്ടാൾ ദേവനായകിയിൽ
3. സുഗന്ധി എന്ന ആണ്ടാൾ ദേവനായകിയിലെ ഹിംസയുടെ രാഷ്ട്രീയം

**5. ഉപസംഹാരം** **45-47**

**6. ഗ്രന്ഥസൂചി** **48-49**

# ആമുഖം

## ആമുഖം

മലയാളനോവൽസാഹിത്യശാഖയിൽ ഏറെക്കാലമായി ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന നോവലുകളാണ് ടി.ഡി. രാമകൃഷ്ണന്റെ 'ഫ്രാൻസിസ് ഇട്ടിക്കോര'യും 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി'യും. വർത്തമാനകാലരാഷ്ട്രീയത്തിന്റെ ദാരുണമായ സ്ഥിതിയെയാണ് ഇരുനോവലുകളും അവതരിപ്പിക്കുന്നത്. ഹിംസാത്മകതയുടെ രാഷ്ട്രീയം ഇരുനോവലുകളിലും കടന്നുവരുന്നുണ്ട്. പതിനഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന 'ഫ്രാൻസിസ് ഇട്ടിക്കോര' എന്ന കഥാപാത്രത്തിന്റെ ഫാന്റസിയിലൂടെ വർത്തമാനകാലത്തെ ആവിഷ്കരിക്കുകയാണ് 'ഫ്രാൻസിസ് ഇട്ടിക്കോര' എന്ന നോവലിൽ. 'ഫ്രാൻസിസ് ഇട്ടിക്കോര'യിലൂടെ അനാവൃതമാകുന്ന വയലൻസിന്റെ തലം സമകാലിക സാമൂഹ്യയാഥാർത്ഥ്യങ്ങളെ തുറന്നുകാട്ടുന്നു. ഒരുതരത്തിൽ ചരിത്രത്തിന്റെ ഉടച്ചുവാർക്കലാണ് 'ഫ്രാൻസിസ് ഇട്ടിക്കോര' എന്ന നോവലിലൂടെ ടി.ഡി. രാമകൃഷ്ണൻ ചെയ്യുന്നത്.

ശ്രീലങ്കയുടെ രക്തരൂക്ഷിതമായ രാഷ്ട്രീയം മറച്ചുവെക്കലുകൾ ഇല്ലാതെ അവതരിപ്പിക്കാനാണ് 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി' എന്ന നോവലിൽ ടി.ഡി. രാമകൃഷ്ണൻ ശ്രമിക്കുന്നത്. ഭരണാധിപത്യത്തിന്റെ ക്രൂരമായ ഹിംസാത്മകപ്രവർത്തനങ്ങൾ സാധാരണ ജനങ്ങളെ എത്രത്തോളം ബാധിക്കുന്നുവെന്ന് നോവലിൽ വ്യക്തമാക്കുന്നു. ശ്രീലങ്കയുടെ പ്രാദേശിക മിത്തിനെ അവലംബമാക്കി കാലാകാലങ്ങളായി തുടരുന്ന തമിഴ്-സിംഹള കലാപങ്ങളെ വിലയിരുത്താനുള്ള ശ്രമം കൂടിയാണ് ഈ നോവൽ.

സാമൂഹ്യ-രാഷ്ട്രീയമേഖലകളിൽ ഇന്ന് നിലനിൽക്കുന്ന വയലൻസിനെ തുറന്നെഴുതാനാണ് 'ഫ്രാൻസിസ് ഇട്ടിക്കോര', 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി' എന്നീ നോവലുകളിൽ ശ്രമിക്കുന്നത്. അതിനായി അദ്ദേഹം സ്വീകരിച്ച ഉപാധിയാണ് ഫ്രാൻസിസ് ഇട്ടിക്കോരയുടെയും ആണ്ടാൾ ദേവനായകിയുടെയും മിത്ത്. ഈ വിധത്തിൽ ഇരുനോവലുകളിലും കടന്നുവരുന്ന ഫാന്റസിയെയും വയലൻസിനെയും വിശകലനം ചെയ്യാനാണ് ഈ പ്രബന്ധത്തിൽ ശ്രമിക്കുന്നത്. വർത്തമാനകാലസാഹചര്യത്തിൽ'ഫ്രാൻസിസ്

ഇട്ടിക്കോര'യ്ക്കും 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി'ക്കുമുള്ള പ്രാധാന്യത്തെ മുൻനിർത്തിക്കൊണ്ട് ഫാന്റസിയുടെയും വയലൻസിന്റെയും മാനങ്ങളെ കണ്ടെത്താനുള്ള ശ്രമമാണ് ഈ പ്രബന്ധം.

**01.പഠനലക്ഷ്യം**

അധികാരവും ആധിപത്യവും എന്നും മനുഷ്യനെ വയലൻസിലേക്ക് നയിക്കുന്നവയാണ്. ആധുനികകാലത്തിലേക്കെത്തുമ്പോൾ അതിന്റെ ഏറ്റവും കിരാതമായ അവസ്ഥയാണ് കാണാൻ കഴിയുന്നത്. മലയാളത്തിലെ അറിയപ്പെടുന്ന ഒരു നോവലിസ്റ്റാണ് ടി.ഡി. രാമകൃഷ്ണൻ. അദ്ദേഹത്തിന്റെ നോവലുകളിൽ കടന്നുവരുന്ന വയലൻസിന്റെ പശ്ചാത്തലവും അത് ആവിഷ്കരിക്കാൻ അദ്ദേഹം ഉപയോഗപ്പെടുയിട്ടുള്ള ഫാന്റസിയുടെ പ്രാധാന്യവും കണ്ടത്തുക എന്നതാണ് ഈ പഠനത്തിന്റെ ലക്ഷ്യം.

**02.പഠനത്തിന്റെ പ്രസക്തി**

സമകാലിക സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങളെ തുറന്നു കാട്ടുന്ന ടി.ഡി. രാമകൃഷ്ണന്റെ നോവലുകളാണ് 'ഫ്രാൻസിസ് ഇട്ടിക്കോര'യും 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി'യും. ഇരുനോവലുകളിലും കടന്നുവരുന്ന ഫാന്റസിയെയും വയലൻസിനെയും ഒരുപോലെ പഠനവിധേയമാക്കുന്ന ഗവേഷണപഠനങ്ങൾ ഇതുവരെ ഉണ്ടായിട്ടില്ല എന്നതാണ് ഈ പഠനത്തിന്റെ പ്രസക്തി.

**03.പരികല്പന**

മലയാളനോവലുകളിൽ ബഹുസ്വരതകൊണ്ടും ആഖ്യാനവൈവിധ്യംകൊണ്ടും പുതുമ നിലനിർത്തുന്ന ടി.ഡി. രാമകൃഷ്ണന്റെ സാമൂഹ്യരാഷ്ട്രീയ നിരീക്ഷണങ്ങളെ വിലയിരുത്താനാകും എന്നതാണ് ഈ പഠനത്തെ ആധാരമാക്കിയുള്ള പരികല്പന.

**04.പഠനമേഖല**

'ഫാന്റസിയും വയലൻസും മലയാളനോവലിൽ - ടി.ഡി. രാമകൃഷ്ണന്റെ തെരഞ്ഞെടുത്ത നോവലുകളെ ആസ്പദമാക്കിയുള്ള പഠനം' എന്ന ഈ പ്രബ

ന്ധത്തിൽ ഫാന്റസിയുടെയും വയലൻസിന്റെയും സാഹിത്യപരമായ സവിശേഷതകൾ വിശദീകരിക്കുന്നു. തുടർന്ന് ടി.ഡി. രാമകൃഷ്ണന്റെ നോവലുകളിൽ കടന്നുവരുന്ന ഫാന്റസിയെയും വയലൻസിനെയും വിശകലനം ചെയ്യുകയും അദ്ദേഹത്തിന്റെ സാമൂഹ്യരാഷ്ട്രീയ നിരീക്ഷണങ്ങളെ അപഗ്രഥിക്കുകയും ചെയ്യുന്നു.

**05.പഠനരീതി**

സാഹിത്യത്തിലുണ്ടായിട്ടുള്ള ഫാന്റസിയും വയലൻസും വിശകലനം ചെയുകയും ടി.ഡി. രാമകൃഷ്ണന്റെ നോവലുകളിൽ അവ മുന്നോട്ടുവയ്ക്കുന്ന ദാർശനികതലങ്ങൾ പരിശോധിക്കുകയും ചെയ്യുന്ന രീതിയാണ് ഈ പ്രബന്ധത്തിൽ സ്വീകരിച്ചിരിക്കുന്നത്.

**06.പ്രബന്ധസ്വരൂപം**

ആമുഖം, ഉപസംഹാരം എന്നിവയ്ക്ക് പുറമേ മൂന്ന് അധ്യായങ്ങളാണ് ഈ പ്രബന്ധത്തിലുള്ളത്. ഒന്നാം അധ്യായം 'ഫാന്റസിയുടെയും വയലൻസിന്റെയും പരിപ്രേക്ഷ്യം മലയാള നോവലിൽ' എന്നതാണ്. ഫാന്റസിയും വയലൻസും സാഹിത്യത്തിലും നോവലിലും എപ്രകാരം കടന്നു വരുന്നു എന്നതിനെക്കുറിച്ച് ഈ അധ്യായത്തിൽ വിശദീകരിക്കുന്നു. ടി.ഡി. രാമകൃഷ്ണന്റെ നോവലുകളിലെ ഫാന്റസിയെ വിശകലനം ചെയ്യുകയാണ് 'ഫാന്റസിയുടെ തലങ്ങൾ ടി.ഡി. രാമകൃഷ്ണന്റെ നോവലുകളിൽ' എന്ന രണ്ടാമത്തെ അധ്യായത്തിൽ. 'ടി.ഡി. രാമകൃഷ്ണന്റെ നോവലുകളിലെ വയലൻസ് പശ്ചാത്തലം' എന്ന മൂന്നാം അധ്യായത്തിൽ അദ്ദേഹത്തിന്റെ നോവലുകളിൽ കടന്നുവരുന്ന വയലൻസിനെ വിശകലനം ചെയ്യുന്നു. ഉപസംഹാരത്തിൽ പഠനത്തിൽ നിന്നുള്ള കണ്ടെത്തലുകൾ ക്രോഡീകരിക്കുന്നു. ഗ്രന്ഥസൂചിയോടെ പ്രബന്ധം അവസാനിക്കുന്നു.

# അധ്യായം ഒന്ന്

# ഫാന്റസിയുടെയും വയലൻസിന്റെയും പരിപ്രേക്ഷ്യം മലയാളനോവലിൽ

## 1. നോവൽ സാഹിത്യം: ഫാന്റസിയും വയലൻസും

ഗദ്യസാഹിത്യത്തിന്റെ പ്രചാരണാർത്ഥം ഉദയം ചെയ്ത ഒരു നവീന സാഹിത്യശാഖ യാണ് നോവൽ. നവീനമായത് അഥവാ പുതിയത് എന്നതാണ് 'നോവൽ' എന്ന പദ ത്തിന്റെ സാമാന്യമായ ധാത്വാർഥം. മനുഷ്യജീവിതത്തിന്റെ സമഗ്രസ്വഭാവം ഉൾക്കൊള്ളാൻ പ്രാപ്തമായ ഒരു സാഹിത്യ സ്വരൂപമാണ് നോവൽ . പതിനഞ്ച്, പതി നാറ് നൂറ്റാണ്ടുകളിലായി ഫ്രാൻസിലും ഇംഗ്ലണ്ടിലും പ്രചരിച്ച നവീന കഥാകഥന രീതിക്കാണ് നോവൽ എന്ന പേര് ലഭിച്ചതെന്ന് എംപി പോൾ 'നോവൽ സാഹിത്യ' ത്തിൽ അഭിപ്രായപ്പെടുന്നു. 'പുതിയത്" എന്ന അർത്ഥമുള്ള 'Novus' എന്ന ലത്തീൻ പദവും 'പുതിയ വസ്തുക്കൾ' എന്ന അർത്ഥമുള്ള 'Novella' എന്ന ഇറ്റാലിയൻ പദവും ചേർന്നാണ് 'Novel' ഉണ്ടായതെന്നു കരുതപ്പെടുന്നു[1].

ഭിന്നകാലങ്ങളിൽ വിവിധതരത്തിൽ നോവൽ നിർവചിക്കപ്പെട്ടിട്ടുണ്ട്. ആസ്വാദക മനസ്സുകൾക്ക് രസം പകരുന്ന ഗദ്യത്തിലുള്ള ഇതിഹാസകഥനമെന്ന് സാമാന്യ മായി നോവലിനെ നിർവചിക്കാനാണ് ഫീൽഡിംഗ് ശ്രമിക്കുന്നത്[2]. ഗദ്യത്തിൽ എഴു തപ്പെട്ട കല്പിതജീവിതകഥയാണ് അഥവാ അതെഴുതപ്പെടുന്ന കാലഘട്ടത്തിന്റെയും യഥാർത്ഥ ജീവിത അവസ്ഥകളുടെയും ചിത്രമാണ് എന്ന് ക്ലാര റീവ്സ് നോവലിനെ നിർവചിക്കുന്നു[3]. മനുഷ്യന്റെ ജീവിതപ്രയാണത്തിന്റെ പകർത്തലാണ് നോവൽ എന്ന് സാർത്ര് അഭിപ്രായപ്പെടുന്നു[4]. നോവലിന്റെ പ്രധാന ഘടകങ്ങൾ പ്രമേയം, കഥാപാത്ര ങ്ങൾ, സംഭാഷണം, സംഭവങ്ങൾ നടക്കുന്ന സ്ഥലകാലങ്ങൾ, പ്രതിപാദനശൈലി, കഥ യിൽ അന്തർഭവിച്ചിരിക്കുന്ന ജീവിതദർശനം എന്നിവയാണെന്ന് വില്യം ഹെൻറി ഹഡ്സൺ അഭിപ്രായപ്പെടുന്നു[5]. കേവലമായ ഈ അഭിപ്രായങ്ങൾ നോവലിന്റെ സമ ഗ്രസ്വഭാവത്തെ ഉൾക്കൊള്ളുന്നില്ലെങ്കിൽപ്പോലും മാനവ ജീവിതത്തോട് അത് പുലർ ത്തുന്ന അഭേദ്യമായബന്ധത്തെ വെളിപ്പെടുത്തുന്നവയാണ്.

പതിനെട്ടാംനൂറ്റാണ്ടിൽ ആരംഭിച്ച വ്യവസായവിപ്ലവം വ്യക്തികളുടെ കലാചി ന്തകളെയും സ്വാധീനിച്ചു. യന്ത്രവത്കരണം മനുഷ്യന്റെ വിശ്രമസമയം വർദ്ധിപ്പിച്ചു. ഈ മാറ്റം ജനസമൂഹത്തിന്റെ മാനസികമായ ഉണർവിന് വഴിതെളിക്കുകയും അക്കാലം വരെയും ഉന്നതശ്രേണിയിൽപ്പെട്ടവരുടെ മാത്രം കുത്തകയായിരുന്ന കല താഴേക്കിട യിലേക്ക് ഇറങ്ങുകയും ചെയ്തു. മനുഷ്യജീവിതത്തിന്റെ സമഗ്രസ്വഭാവം

ഉൾക്കൊള്ളാൻ പ്രാപ്തമാകുന്ന സാഹിത്യജനുസായതിനാൽ തന്നെ ഇക്കാലയളവിൽ കൂടുതൽ ജനശ്രദ്ധ ആകർഷിക്കാൻ നോവലിന് കഴിഞ്ഞു.

പുതിയകാലത്തിന്റെ പ്രിയപ്പെട്ട സാഹിത്യസ്വരൂപമാണ് നോവൽ. വ്യത്യസ്ത കാലദേശങ്ങളുടെ ജീവിതാവസ്ഥകളെ പകർത്തിക്കൊണ്ട് ദേശചരിത്രങ്ങളുടെ പരിണാമം നോവൽ ഉൾക്കൊള്ളുന്നു. വ്യത്യസ്ത മാനങ്ങൾ സ്വീകരിച്ചുകൊണ്ട് ആസ്വാദക മനസ്സുകളെ സംതൃപ്തമാക്കാൻ നോവലിന് കഴിയുന്നു. സമൂഹത്തിന്റെ ബാഹ്യമണ്ഡലം മുതൽ മനുഷ്യമനസിന്റെ ആന്തരികതലത്തിലെ വൈചിത്ര്യങ്ങളും നോവലിൽ വിഷയീഭവിക്കുന്നുണ്ട്. പ്രമേയം, ആവിഷ്കരണരീതി എന്നിവയെ അടിസ്ഥാനമാക്കി ചരിത്രനോവൽ, സാമൂഹ്യനോവൽ, രാഷ്ട്രീയനോവൽ, ബോധധാരനോവൽ, അപസർഷക നോവൽ, ദാർശനികനോവൽ, മനോവിജ്ഞാനനോവൽ, ആത്മകഥാനോവൽ, ശാസ്ത്രനോവൽ എന്നിങ്ങനെ തരംതിരിക്കാം.

ഓരോ കാലഘട്ടത്തിലും വായനക്കാരുടെ ആസ്വാദനരീതികൾ വ്യത്യാസപ്പെട്ടിരിക്കും. സാഹിത്യം ആത്മനിഷ്ഠം ആണെന്ന് വാദിക്കുന്നവരുമുണ്ട്. സാമൂഹ്യചുറ്റുപാടുകൾക്ക് പുറമെ എഴുത്തുകാരന്റെ ആന്തരികമായ മനോവ്യാപാരങ്ങളും സാഹിത്യരചനയിൽ തത്തുല്യമായ സ്വാധീനം ചെലുത്തുന്നു. മനുഷ്യൻ ചില പരിമിതിക്കുള്ളിൽ ബന്ധനസ്ഥനാണ്. അതേസമയം അവന്റെ മനോമണ്ഡലം ഈ പരിമിതികളെ മറികടന്ന് വിശാലമായ ഒരു ലോകത്തേക്ക് കടക്കാൻ പര്യാപ്തവുമാണ്. അവൻ തന്റെ പരിമിതികളെ മറികടക്കാൻ തന്റെ ഭാവനയിലൂടെ ഫാന്റസികളും മിത്തുകളും രൂപവത്കരിക്കുന്നു. അങ്ങനെ അത്ഭുതവിളക്കുകളും ദൈവതുല്യരായ മനുഷ്യരും ജനിക്കുന്നു.

വ്യക്തിയുടെ ആന്തരികമണ്ഡലത്തിൽ അടക്കിവയ ്ക്കപ്പെടുന്ന ചില സഹജവാസനകളുണ്ട്. അത്തരം സഹജവാസനകളെ സമൂഹം എതിർക്കാതിരിക്കത്തക്ക വിധത്തിൽ ഫാന്റസി കഥകളിലൂടെയോ കഥാപാത്രങ്ങളിലൂടെയോ തുറന്നുവിടുന്ന പ്രക്രിയയെ 'ഉദാത്തീകരണം' എന്ന് മനശാസ്ത്രജ്ഞനായ ഫ്രോയിഡ് വിളിക്കുന്നു. ഇപ്രകാരം അടക്കിവയ്ക്കപ്പെടുന്ന മനുഷ്യന്റെ മാനസിക വ്യാപാരമാണ് ഹിംസ അഥവാ അക്രമം(violence). ആദ്യകാലം മുതൽക്ക് തന്നെ വയലൻസ് സാഹിത്യത്തിൽ പ്രകടമായിരുന്നു. മനുഷ്യനെയും മൃഗങ്ങളെയും വേട്ടയാടുന്ന ഭീകരസത്വങ്ങളായും മറ്റും വയലൻസ് സാഹിത്യത്തിൽ അവതരിച്ചു.

## 2. ഫാന്റസിയുടെ സൗന്ദര്യശാസ്ത്രം

ആദിമമനുഷ്യന്റെ കാലം മുതൽക്ക് തന്നെ അവന്റെ ചിന്തകളിൽ ഫാന്റസി നിലനിന്നിരുന്നു. പ്രകൃതിയിൽ നിന്നും അതിലെ പ്രതിഭാസങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞ വ്യക്തിസങ്കല്പങ്ങൾ ആദിമസമൂഹം ഏറ്റെടുക്കുകയും ഭാഷയുടെയും ലിപിയുടെയും ആവിർഭാവത്തോടെ അവ പ്രചരിപ്പിക്കുകയും രേഖപ്പെടുത്തുകയും ചെയ്തു. ക്രമേണ ഇത്തരം ഭാവനാവ്യാപാരങ്ങളും സങ്കല്പങ്ങളും വിശ്വാസത്തിന്റെയും ആചാരാനുഷ്ഠാനങ്ങളുടെയും ഭാഗമായിത്തീർന്നു.

ഈ വിധം രൂപപ്പെട്ട ആദിമമനുഷ്യന്റെ ഭാവനകളാണ് പിൽക്കാലത്ത് മിത്തുകളും പുരാണങ്ങളും ഇതിഹാസങ്ങളുമായി പരിണമിച്ചത്. മനുഷ്യസമൂഹത്തിന്റെയും സംസ്കാരത്തിന്റെയും വിശ്വാസത്തിന്റെയും ഭാഗമായി രൂപംകൊണ്ട നാടൻപാട്ടുകളിലും നാടോടിക്കഥകളിലും കേവലം മനുഷ്യന്റെ യുക്തിക്ക് നിരക്കാത്തതും അസംഭവ്യമെന്ന് തോന്നുന്നതുമായ ആഖ്യാനങ്ങളായിരുന്നു ഉണ്ടായിരുന്നത്. അവയാകട്ടെ ഭീതിപ്പെടുത്തുന്നതോ അത്ഭുതസ്വഭാവം നിറഞ്ഞതോ ആയ കല്പനകൾ ആയിരുന്നു.

'അത്ഭുതാത്മകമായ കഥ' എന്ന അർത്ഥത്തിലാണ് 'ഫാന്റസി' സർവ്വസാധാരണമായി വിവക്ഷിക്കപ്പെടാറുള്ളത്. പ്രാചീന നാടോടിക്കഥകൾ മുതൽ ആധുനികകലയായ സിനിമയിൽ വരെ ഈ അർത്ഥത്തിൽത്തന്നെ ഫാന്റസി ഉൾപ്പെടുന്നു. അത്ഭുതത്വം എന്നും മനുഷ്യന്റെ ജിജ്ഞാസ വർദ്ധിപ്പിക്കുന്നു. അതുകൊണ്ടുതന്നെയാണ് അത്ഭുതത്തെ അടിസ്ഥാനമാക്കിയുള്ള ഫാന്റസി വളരെ എളുപ്പത്തിൽ മനുഷ്യശ്രദ്ധ ആകർഷിക്കുന്നത്. എന്നാൽ ഈ കാലത്ത് കേവലം അത്ഭുതം എന്ന നിലയിൽ മാത്രമായി ഒതുങ്ങുന്ന ഒന്നല്ല ഫാന്റസി. സാഹിത്യത്തിലായാലും കലയിലായാലും സൗന്ദര്യാത്മകമായ ഒട്ടേറെ സാധ്യതകളിലേക്ക് തുറക്കുന്ന ഒരു വാതിൽ എന്ന നിലയിൽ ഫാന്റസി പ്രസക്തമാകുന്നു.

'ഭാവന' എന്ന അർത്ഥത്തിൽ ജർമ്മൻ ഭാഷയിൽ ഉപയോഗിക്കുന്ന 'Phantasie' (Phantasy എന്ന പ്രയോഗവും കാണുന്നു) എന്ന പദത്തിൽ നിന്നാണ് 'ഫാന്റസി' എന്ന പദം ഉണ്ടായതെന്നും[6] ഇറ്റാലിയൻ ഭാഷയിൽ നിന്നാണ് 'ഫാന്റസി' എന്ന പദം രൂപംകൊണ്ടതെന്നും[7] വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. അതേസമയം റോസ്മേരി ജാക്സൺ പറയുന്നത് ലത്തീൻപദമായ 'ഫന്റസ്റ്റിക്കസ്' എന്ന പദത്തിൽ നിന്നാണ് 'ഫന്റാ

സ്റ്റിക്" എന്ന പദം രൂപം കൊണ്ടത് എന്നാണ്. 'വ്യക്തമാക്കുക' അല്ലെങ്കിൽ 'പ്രത്യക്ഷ മാക്കുക' എന്നിങ്ങനെ അർത്ഥങ്ങളാണ് അവർ ആ വാക്കുകൾക്ക് നൽകുന്നത്. ഇതിന്റെ വെളിച്ചത്തിൽ ഭാവനാത്മക പ്രവർത്തികളെ 'ഫന്റാസ്റ്റിക്" എന്നും സാഹിതീയ കൃതികളെ 'ഫാന്റസി'കളായും അവർ കണക്കാക്കുന്നു[8]. 'ഫാന്റസി' എന്ന വാക്കിനെ 'ഭാവന' അഥവാ 'ഫാന്റസിയ' എന്ന് വിവക്ഷിക്കാനാണ് ഇറ്റാലിയൻ കവിയായ ദാന്തെ താല്പര്യപ്പെടുന്നത്. മനുഷ്യന്റെ ഇന്ദ്രിയാനുഭവങ്ങൾക്കപ്പുറത്തേക്കുള്ള ഒരു ദിവ്യമായ സർഗ്ഗവൈഭവമായാണ് ദാന്തെ ഫാന്റസിയെ കാണുന്നത്.

ഭ്രമാത്മകത, വിഭ്രമാത്മകത, ഭ്രമശില്പം, വിചിത്രകല്പന, ഭ്രമകല്പന, മനോരഥസൃഷ്ടി എന്നിങ്ങനെയാണ് ഫാന്റസിക്ക് മലയാളത്തിൽ അർത്ഥം കൽപ്പിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ ശാസ്ത്രസാഹിത്യകലകൾക്കനുസരിച്ചും സ്ഥലകാലങ്ങൾക്കനുസ്സരിച്ചും താല്പര്യങ്ങൾക്കനുസരിച്ചും വ്യത്യസ്തതകൾ പുലർത്തുന്ന ഫാന്റസിയുടെ കൃത്യമായ അർത്ഥത്തെ പ്രതിനിധീകരിക്കാൻ ഇത്തരം പദങ്ങൾക്കാകുന്നില്ല.

മനഃശാസ്ത്രപരമായ ഒരു ഘടകം കൂടിയാണ് ഫാന്റസി എന്നതിനാൽ അത് ഒട്ടേറെ ആശയകുഴപ്പങ്ങൾക്കും വഴിതെളിക്കുന്നു. ഈ ആശയക്കുഴപ്പത്തെ ഒഴിവാക്കാൻ ഫാന്റസിയുടെ സാഹിത്യപരവും മനഃശാസ്ത്രപരവുമായ വ്യാഖ്യാനങ്ങളെ വേർതിരിക്കുന്നു. 'ഫാന്റസിയെന്നാൽ സ്വപ്നവും ദിവാസ്വപ്നവുമൊക്കെയാണ്"[9] എന്നാ് മനഃശാസ്ത്രജ്ഞന്മാരുടെ അഭിമതം. അതേസമയം സാഹിത്യത്തെ സംബന്ധിച്ച്, 'അസാധ്യവും പ്രകൃത്യാതീതവുമായ ഏതൊരു ആഖ്യാനവും ഫാന്റസിയാവും' എന്ന് സി. എസ്. ലെവിസ് പ്രസ്താവിക്കുന്നു[10].

സാധ്യമായത് (possible), യഥാർത്ഥമായത് (real) എന്നിങ്ങനെ നിർവചിക്കാനാകാത്ത ഒരു ആഖ്യാനഘടകമാണ് ഫാന്റസി. മിത്തുകൾ, കെട്ടുകഥകൾ, ശാസ്ത്രകഥകൾ, നാടോടിക്കഥകൾ, ഭീകരകഥകൾ, സർറിയലിസ്റ്റിക് ആഖ്യാനങ്ങൾ, സ്വപ്നദർശനങ്ങൾ എന്നിങ്ങനെയുള്ള യഥാർത്ഥ്യങ്ങളുടെ വിവിധ തലങ്ങളെ ഫാന്റസിയുടെ പരിധിയിൽ ഉൾപ്പെടുത്താം. 'ഫാന്റസി യാഥാർത്ഥ്യത്തെ ലംഘിക്കുന്നു. അതിനെ നിഷേധിക്കുന്നു. അതിനെ നിരാകരിക്കുന്നു. ഉടനീളം ആ നിഷേധത്തിന് പ്രേരിപ്പിക്കുന്നു' എന്ന ജോവന്നയുടെ അഭിപ്രായവും[11]. 'അത് വ്യവസ്ഥാപിതമാകുന്നതും വികസിക്കുന്നതും

സത്യവിരുദ്ധമായാണ്. അത് അസാധ്യതയുടെ കളി കളിക്കുന്നു.. സംഭവം എന്ന നിലയിൽ അംഗീകരിക്കപ്പെട്ടതെന്തോ അവയുടെ സ്പഷ്ടമായ ലംഘനത്താൽ നിയന്ത്രിക്കപ്പെടുകയും രചിക്കപ്പെടുകയും ചെയ്യുന്ന കഥാരൂപമാണ് ഫാന്റസി' എന്ന വില്യം ആർ. ഇർവിന്റെ അഭിപ്രായവും[12] അയഥാർത്ഥമായവയുടെ ആഖ്യാനമാണ് ഫാന്റസി എന്ന ധാരണയ്ക്കു പിൻബലമേകുന്നു. എന്നാൽ കേവലമായ അയഥാർത്ഥ കല്പനകളായി ഫാന്റസിയെ വിലയിരുത്തുന്നത് യുക്തമല്ല ആധുനികകാലത്ത് സമൂഹനിഷ്ഠമായ യാഥാർത്ഥ്യങ്ങളുമായി ബന്ധം പുലർത്താൻ ഫാന്റസിക്കാകുന്നു.

യാഥാർത്ഥ്യം എന്ന ആശയത്തെക്കുറിച്ച് ഭൗതികവാദികൾക്കും ആശയവാദികൾക്കും വ്യത്യസ്ത അഭിപ്രായങ്ങളാണുണ്ടാവുക. സ്ഥലകാലബോധവുമായി ചേർന്ന് നിൽക്കുന്ന സത്തകളെ യഥാർത്ഥം എന്ന് ഭൗതികവാദികൾ വിളിക്കുമ്പോൾ, അതിൽ നിന്നും തികച്ചും വിപരീതമാണ് ഭാരതീയ തത്വചിന്തകരുടെ യാഥാർത്ഥ്യ സങ്കല്പം. അവരെ സംബന്ധിച്ച് ഭൗതികലോകം മിഥ്യയാണ്. ബ്രഹ്മമാണ് പരമമായ സത്യം.

മനുഷ്യനെ സംബന്ധിച്ചിടത്തോളം യാഥാർത്ഥ്യത്തിന് ആത്മനിഷ്ഠമായ ഒരു തലം കൂടിയുണ്ട്. ഏതൊരു വ്യക്തിയും ബോധതലത്തിന്റെ മാത്രമല്ല, അബോധാത്മകചോദനകളുടെയും പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് ലോകത്തെ നിരീക്ഷിക്കുന്നത്. അതിനാൽ മനുഷ്യനെ സംബന്ധിച്ച് യാഥാർത്ഥ്യം എന്നത് ബോധതലത്തിന്റെയും അബോധതലത്തിന്റെയും സമ്മിശ്രണമാണ്. കല ഒരു വൈകാരിക സത്യമാണ് എന്ന നിരീക്ഷണം ഇവിടെ പ്രസക്തമാകുന്നു. ഭൗതികയാഥാർത്ഥ്യവും കലയിലെ യാഥാർത്ഥ്യവും വ്യത്യസ്തങ്ങളാണെന്ന് സിദ്ധാന്തിക്കുന്ന വില്യം ബ്ലേക്കിന്റെ അഭിപ്രായവും വ്യത്യസ്തമല്ല. സ്വാഭാവിക ലോകത്തിനും (world of nature) ചിന്താലോകത്തിനും (world of thought) മദ്ധ്യേയാണ് കല എന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു[13]. ഭൗതികസത്യത്തിൽ നിന്ന് വിഭിന്നമാണ് കലയിലെ സത്യം എന്നാണ് ഈ നിരീക്ഷണങ്ങൾ എല്ലാം വ്യക്തമാക്കുന്നത്.

കലയിൽ കടന്നുവരുന്ന ആന്തരികയാഥാർത്ഥ്യത്തെ പൂർണ്ണമായി ഉൾക്കൊള്ളാൻ യഥാതഥമായ ആഖ്യാനരീതി പര്യാപ്തമാകണമെന്നില്ല. ഈ സാഹചര്യം പുതിയ രചനാക്രമങ്ങൾക്ക് സാധ്യതയൊരുക്കുന്നു. ഇംപ്രഷനിസം, സിംബലിസം, ഇമേജിസം, എക്സ്പ്രഷനിസം, ദാദായിസം, സർറിയലിസം തുടങ്ങിയ റിയലിസത്തിനപ്പുറമുള്ള ആഖ്യാനരീതികളിലേക്കുള്ള അന്വേഷണം ഈ പരിമിതിയുടെ ഫലമാണ്.

ഈ ആന്തരികയാഥാർത്ഥ്യത്തിന്റെയും അതിന്റെ ആവിഷ്കരണത്തിന്റെയും തലത്തിൽ നിന്നുകൊണ്ട് വിചിന്തനം ചെയ്യേണ്ട ഒന്നാണ് ഫാന്റസി. 'സൂക്ഷ്മ വ്യതിയാനങ്ങളുള്ള അപരിമേയമായ വികാരങ്ങളുടെ കലവറയാണ് മനുഷ്യമനസ്സ്. ബാഹ്യജീവിതത്തിന് പൂരകമെന്ന നിലയിൽ മനസ്സ് അതിന്റേതായ ജീവിതക്രമവും സൃഷ്ടിക്കുന്നുണ്ട്. പ്രത്യേകിച്ചും ഉപബോധ-അബോധ മനസ്സുകൾ. ഭ്രമാത്മകമായ ഒരു ലോകം അങ്ങനെ മനുഷ്യമനസ്സിൽ സജീവമായിരിക്കുന്നുണ്ട്. മനസ്സിന്റെ ഈ ഭ്രമാത്മകതലത്തിൽ നിന്നാണ് ഏതുതരം ഫാന്റസിയും ജനിക്കുന്നത്"[14]. ഫാന്റസികൾ സൃഷ്ടിക്കുന്നതും ആസ്വദിക്കുന്നതും മനസ്സിന്റെ ഈ ഭ്രമാത്മകതലത്തിൽ വ്യാപരിക്കുന്നവരാണ്.

സാധാരണമായ ഭൗതികലോകത്തെയല്ല ഫാന്റസിയിൽ ആവിഷ്കരിക്കുന്നത് എന്നതിനാൽ സ്ഥലം, കാലം, ക്രിയ എന്നിവയുടെ ഐക്യം ഫാന്റസിരചനകളിൽ പ്രാധാന്യമർഹിക്കുന്നില്ല. ആന്തരികയാഥാർത്ഥ്യങ്ങളെ ആവിഷ്കരിക്കാൻ ഭൗതികക്രമത്തെ ലംഘിക്കുന്ന ചില കല്പനകൾ എഴുത്തുകാരൻ പ്രയോഗിക്കാറുണ്ടെങ്കിലും തന്റെ ആവിഷ്കാരം സ്വാഭാവികം തന്നെയാണെന്ന പ്രതീതി ഉളവാക്കാൻ ഫാന്റസിരചനയിൽ എഴുത്തുകാരന് സാധിക്കുന്നുണ്ട്.

ഫാന്റസിരചനകളിൽ യാഥാർത്ഥ്യത്തെ സംബന്ധിച്ച സൂക്ഷ്മ അവബോധം എഴുത്തുകാരന് ആവശ്യമാണ്. എങ്കിൽ മാത്രമേ സാഹിത്യത്തിൽ ഫലപ്രദമായ രീതിയിൽ ഫാന്റസി അവതരിപ്പിക്കാനാകൂ. അതുപോലെ തന്നെ യുക്തിയുടെ തലത്തിൽ നിന്നുകൊണ്ട് ഫാന്റസിയെ വിലയിരുത്തുന്നത് അസംഭവ്യമാണ്. 'ഇങ്ങനെയൊക്കെ സംഭവിക്കുമോ' എന്ന കേവലയുക്തിക്ക് ഫാന്റസിയിൽ പ്രസക്തിയില്ല. അതുകൊണ്ടു തന്നെ മുൻവിധികൾ ഇല്ലാതെ വായനക്കാരന് ഫാന്റസിരചനയെ സമീപിക്കാനാകുന്നു. യാഥാർത്ഥ്യത്തിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് അത്ഭുതങ്ങൾ ആവിഷ്കരിക്കുന്നവയാണ് ഓരോ ഫാന്റസിരചനയും.

## 3. ഫാന്റസിയുടെ ആധുനിക പരിപ്രേക്ഷ്യം

പഞ്ചേന്ദ്രിയങ്ങളുടെ അനുഭവപരിധിക്കുള്ളിൽ ഒതുങ്ങുന്നവയാണ് യാഥാർത്ഥ്യമെന്ന് പൊതുവെ വിവക്ഷിക്കപ്പെടുന്നു. എന്നാൽ കേവലം പഞ്ചേന്ദ്രിയങ്ങൾ കൊണ്ടു അനുഭവവേദ്യമാകുന്നതിനപ്പുറം വിശാലമായ ഒരു ലോകം യാഥാർത്ഥ്യത്തിനുണ്ട്. മനസ്സിന്റെ സങ്കീർണതനിറഞ്ഞ ലോകമാണത്. ഒരു വ്യക്തിയെ സംബന്ധിച്ച് അവന്റെ മാനസികത

ലംകൂടി ഉൾച്ചേർന്നതാണ് പൂർണ്ണമായ യാഥാർത്ഥ്യം. ആധുനികസാഹിത്യത്തിൽ ഫാന്റസിയുടെ ലക്ഷ്യം ഈ സമ്പൂർണ്ണ യാഥാർത്ഥ്യത്തെ അനാവൃതമാക്കുക എന്ന താണ്.

ആധുനികയുഗത്തിൽ ആന്തരികയാഥാർത്ഥ്യത്തെക്കുറിച്ച് മനുഷ്യനുണ്ടായ പുത്തൻ അറിവുകളുടെ വെളിച്ചമാണ് സാഹിത്യത്തിൽ ഫാന്റസിക്ക് പുതിയ മാനങ്ങൾ നൽകിയത്. സാമൂഹികജീവിതത്തിൽ വ്യക്തിമനസ്സ് അനുഭവിക്കേണ്ടിവരുന്ന സ്വസ്ഥത കളെയും അസ്വസ്ഥതകളെയും പൂർണ്ണമായും ആവിഷ്കരിക്കാനുള്ള എഴുത്തുകാ രുടെ പരിശ്രമമാണ് അവരെ ഫാന്റസിയിലേക്കെത്തിച്ചത്. മനുഷ്യന്റെ സാമാന്യബുദ്ധി ക്ക് അതീതമായ വിചിത്രമാനസികാനുഭവങ്ങളെ ആവിഷ്കരിക്കാൻ ഉദാത്തമായ മാർഗ മാണ് ഫാന്റസികൾ. വികാരവൈചിത്ര്യങ്ങളാണ് വ്യത്യസ്ത ഫാന്റസികൾക്ക് സാഹിത്യ ത്തിലിടം നൽകുന്നത്.

തികച്ചും മാനസികമായ അടിസ്ഥാനമാണ് ഫാന്റസിക്കുള്ളത് അതിനാൽ ത്തന്നെ ഏറ്റവും ശുദ്ധമായ ഫാന്റസി മനോവിഭ്രമത്തിന്റേതാണെന്നാണ് പണ്ഡിതന്മാ രുടെ അഭിപ്രായം. സ്വപ്നം, ഭ്രമം, ഭാവന, ദർശനം എന്നീ മാനസിക വ്യാപാരങ്ങൾ ഫാന്റസിക്കാധാരമായി നിലകൊള്ളുന്നു. സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയമാറ്റങ്ങ ളുടെ പരിണിതഫലമായി വ്യക്തികളിൽ രൂപംകൊണ്ട അന്തർമുഖത ആധുനിക ഫാന്റ സികളുടെ രൂപീകരണത്തിനു വഴിതെളിച്ചു.

## 4. ഫാന്റസി സാഹിത്യത്തിൽ

സാഹിത്യത്തിലെ ഫാന്റസിക്ക് വിശാലമായ ഒരു ചരിത്രമുണ്ട്. ഏകദേശം മൂന്നാംശതകം മുതലുള്ള സാഹിത്യരചനകളിൽ പരമ്പരാഗതശൈലിയിലുള്ള ഫാന്റസിയുടെ അംശം ഉണ്ടായിരുന്നുവെന്ന് മനസ്സിലാക്കാം. ഗ്രീക്ക്, റോം, അറേബ്യ, സുമേറിയ എന്നിവിടങ്ങ ളിൽ നിന്ന് കണ്ടെടുക്കപ്പെട്ടിട്ടുള്ള പ്രാചീനരചനകൾ അത് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു. പിന്നീട് ഫാന്റസി അതിന്റെ പ്രാഥമിക രൂപം കൈവെടിഞ്ഞ് ഒരു സാഹിത്യ ശാഖയായി വളരുകയാണുണ്ടായത്.

പഞ്ചതന്ത്രകഥകളും ഇസോപ്പ് കഥകളും എന്നും വായനക്കാരുടെ മനംകവരു ന്നവയാണ്. ഈ കൃതികളിൽ നിറഞ്ഞുനിൽക്കുന്ന ഹാസ്യവും ഭാവനാചാതുരിയുമാണ് അവയെ ഇത്രത്തോളം പ്രിയമുള്ളതാക്കിത്തീർത്തത്. വായനക്കാരനിൽ ആശ്ചര്യമുണർ

ത്തും വിധം ഈസോപ്പ് കഥകളിലെ മൃഗങ്ങൾ സംസാരിക്കുകയും പഞ്ചതന്ത്ര കഥയിലെ മനുഷ്യൻ പ്രേതത്തെ ചതിച്ച് കീഴ്പ്പെടുത്തുകയും ചെയ്യുന്നു. അരിസ്റ്റോഫനിസിന്റെ 'ദ ബേർഡ്സ്" എന്ന രചന അതിന്റെ രൂപതലത്തിലും ഭാവതലത്തിലും തികച്ചും ഒരു ഫാന്റസിരചനയായി നിലകൊള്ളുന്നു. ആകാശത്തിലെ പക്ഷികളുടെ ഒരു സാമ്രാജ്യത്തെ ഭാവനയിലൂടെ സൃഷ്ടിച്ചെടുക്കുക വഴി ഈ കൃതി വായനക്കാരുടെ മനസ്സിൽ ചിരപ്രതിഷ്ഠ കൈവരിക്കുന്നു.

എക്കാലത്തും എല്ലാ ദേശങ്ങളിലും വായിക്കപ്പെട്ടു കൊണ്ടിരിക്കുന്ന 'ആയിരത്തൊന്ന് രാവുകൾ' ഫാന്റസി കഥകളാൽ സമ്പന്നമാണ്. വായനക്കാരെ മായാജാലത്തിന്റെ മറ്റൊരു ലോകത്തേക്ക് കൂട്ടിക്കൊണ്ടുപോകുന്ന ഈ അറബിക്കഥകൾ യാഥാർത്ഥ്യബോധത്തോടെയുള്ള ചില ഗുണപാഠങ്ങളും ഉൾക്കൊള്ളുന്നുണ്ട്. ആയിരത്തിമുന്നൂറ്റി അമ്പത്തിയാറിൽ രചിക്കപ്പെട്ട സർ ജോൺ മൗണ്ട് വില്യേയുടെ 'ദ വോയേജ് ആന്റ് ട്രാവേൽ അഥവാ മൗണ്ടവില്ലസ് ട്രാവൽസ്" തികച്ചും ഒരു ഫാന്റസി സഞ്ചാരകഥയാണ്. നായയുടെ മുഖമുള്ള മനുഷ്യരും ആനയെ വഹിക്കുന്ന പക്ഷികളും തുടങ്ങിയ അത്ഭുതാത്മകമായ വിചിത്ര കല്പനകളുടെ വിവരണം ഈ കൃതിയെ ഫാന്റസിയുടെ തലത്തിലേക്കുയർത്തുന്നു. അജ്ഞാതദേശത്തോ മുൻകാലങ്ങളിലായോ വികസിക്കുന്ന പരമ്പരാഗത ഫാന്റസി കഥകൾ സമയകാലങ്ങൾക്ക് കൃത്യതയില്ലാത്തതിനാൽ അവ സൂചിപ്പിക്കുന്നതിനായി 'ഒരിടത്തൊരിടത്ത്", 'പണ്ട്... പണ്ട്...' മുതലായ പ്രയോഗങ്ങൾ അവയുടെ ആരംഭത്തിൽ ഉപയോഗിക്കുന്നത് കാണാം. ആധുനിക ഫാന്റസികളാകട്ടെ യഥാർത്ഥ ലോകത്തെയോ അല്ലെങ്കിൽ യഥാർത്ഥലോകത്തിന്റെ മറഞ്ഞിരിക്കുന്ന വശങ്ങളെയോ തുറന്നുകാട്ടുന്നവയാണ്. ചിരപരിചിതമായ മിത്തുകളെയും നാടോടിക്കഥകളെയും പരമ്പരാഗത ഫാന്റസി കഥകൾ പ്രയോജനപ്പെടുത്തുമ്പോൾ പരമ്പരാഗത-ആധുനിക ഘടകങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് എഴുത്തുകാരൻ തന്റെ വ്യക്തിഗതമായ ആഖ്യാനത്തിലൂടെ നിർമ്മിച്ചെടുക്കുന്ന ഒരു ലോകമാണ് ഇന്നത്തെ ഫാന്റസിയുടേത്.

## 5. വയലൻസിന്റെ സാമൂഹ്യതലം

മനുഷ്യന്റെ ഉള്ളിൽ അന്തർലീനമായി കിടക്കുന്ന ഒരു വികാരമാണ് വയലൻസ്. പരിക്കുകൾ ഉണ്ടാക്കുക അല്ലെങ്കിൽ കൊലപാതകം ചെയ്യുക എന്നിങ്ങനെയുള്ള പ്രവർത്തി

കളെയാണ് വയലൻസ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. തനിക്ക് ചുറ്റുമുള്ളവരെ ശാരീരികമായി ഉപദ്രവിക്കുന്നതും ലൈംഗികപീഡനം നടത്തുന്നതും തീവ്രവാദ പ്രവർത്തനങ്ങളും യുദ്ധവുമൊക്കെ വയലൻസിനുള്ള ഉദാഹരണങ്ങളാണ്. ആരംഭം മുതൽ തന്നെ മനുഷ്യന്റെ അബോധമണ്ഡലത്തിൽ വയലൻസ് ഉണ്ടായിരുന്നു. ഈ വിധം മനുഷ്യമനസ്സിൽ വയലൻസ് രൂപപ്പെടുന്നതിന് പരിണാമപരമായ ചില കാരണങ്ങളുണ്ട്. പ്രാചീനമനുഷ്യൻ കാടുകളിൽ മൃഗങ്ങളെ വേട്ടയാടിയാണ് ജീവിച്ചിരുന്നത്. ഈ വിധം വന്യമൃഗങ്ങളെ വേട്ടയാടി ജീവിച്ചിരുന്ന മനുഷ്യന് സ്വരക്ഷയ്ക്ക് വേണ്ടിയും കുടുംബ സുരക്ഷയ്ക്ക് വേണ്ടിയും വയലൻസ് ആവശ്യമായിരുന്നു.

പ്രധാനമായും വയലൻസ് രണ്ട് വിധത്തിലാണുള്ളത്: ആസൂത്രിതവും വൈകാരികവും എന്നിവയാണവ. ഏതെങ്കിലും ലക്ഷ്യത്തെ മുൻനിർത്തി നടത്തുന്ന വയലൻസാണ് ആസൂത്രിതം. കൊലപാതകം രാഷ്ട്രീയ പാർട്ടികളുടെ അക്രമം തുടങ്ങിയവ ആസൂത്രിതമായ വയലൻസാണ്. എന്നാൽ അപ്രതീക്ഷിതമായി ഉണ്ടാകുന്ന വയലൻസാണ് വൈകാരികം. പെട്ടെന്നുള്ള പ്രകോപനത്തിൽ നിന്നുണ്ടാകുന്ന വൈകാരികമായ വയലൻസ് കുറച്ച് സമയത്തേക്ക് മാത്രമേ നിലനിൽക്കുകയുള്ളൂ. അതേസമയം ആസൂത്രിത വയലൻസാകട്ടെ പിന്നെയും പിന്നെയും ആവർത്തിക്കാനുള്ള താല്പര്യം ജനിപ്പിക്കുന്നു. ഒരു വ്യക്തി നിരന്തരം കുടുംബത്തെ ആക്രമിച്ചുകൊണ്ടിരിക്കുന്നത് ആസൂത്രിത വയലൻസിന് ഉദാഹരണമാണ്. അതേസമയം പെട്ടെന്നുള്ള പ്രകോപനത്താൽ കുടുംബത്തെ ആക്രമിക്കുന്ന ഒരു വ്യക്തി തന്റെ ഉള്ളിലെ ദേഷ്യം കെട്ടടങ്ങുന്നതോടു കൂടി ആക്രമണ സ്വഭാവം അവസാനിപ്പിക്കുന്നു.

ഒരു വ്യക്തിയെ സംബന്ധിച്ച് അവന്റെ ഉള്ളിൽ വയലൻസ് ജനിക്കുന്നതിന് ശാരീരികവും മാനസികവും സാമൂഹികവുമായ ചുറ്റുപാടുകൾ സ്വാധീനം ചെലുത്തുന്നുണ്ട്. സാധാരണയായി പുരുഷന്മാരിലാണ് വയലൻസ് കൂടുതലായും കാണുന്നത്. പുരുഷ ഹോർമോണായ ടെസ്റ്റോസിറോൺ വയലൻസുമായി ബന്ധപ്പെട്ട മസ്തിഷ്ക ഭാഗങ്ങളെ ഉണർത്തുന്നതിനാലാണ് ഇപ്രകാരം സംഭവിക്കുന്നതെന്ന് മനസ്സിലാക്കാം. പ്രാചീനകാലം മുതൽക്ക് തന്നെ സ്ത്രീകൾ വീട്ടിലെ കാര്യങ്ങൾ ശ്രദ്ധിക്കുകയും പുരുഷന്മാർ വേട്ടയ്ക്ക് പുറത്തു പോവുകയും ചെയ്തിരുന്നതും ഒരു കാരണമായി കരുതാം.

'വയലൻസ്" എന്ന വാക്കിന് കലാപം, ബലപ്രയോഗം, അക്രമം, ലഹള, ബലാൽക്കാരം, ഹിംസ തുടങ്ങിയ അർത്ഥങ്ങളാണുള്ളത്. ലോകാരോഗ്യസംഘടനയുടെ നിർവ

ചന പ്രകാരം ശാരീരിക ശക്തി ഭീഷണിപ്പെടുത്താനോ ഉപദ്രവിക്കാനോ മനഃപൂർവ്വമായി ഉപയോഗിക്കുന്നതാണ് വയലൻസ്. വയലൻസ് തന്റെ തന്നെയോ മറ്റൊരാളുടെയോ ശാരീരിക-മാനസിക തകർച്ചയ്ക്കോ മരണത്തിനു തന്നെയോ കാരണമാകുന്നു. ലോകാരോഗ്യസംഘടന പ്രധാനമായും മൂന്നു വിഭാഗങ്ങളായാണ് വയലൻസിനെ തരം തിരിച്ചിരിക്കുന്നത്.

- സ്വയം നയിക്കുന്ന വയലൻസ്
- വ്യക്തിപരമായ വയലൻസ്
- കൂട്ടായ വയലൻസ്

വയലൻസിന്റെ പ്രഥമികമായ ഈ വർഗ്ഗീകരണം വ്യക്തി സ്വമേധയാ മുറിവേൽക്കുന്നതും വ്യക്തി മറ്റാളുകളെ ആക്രമിക്കുന്നതും ഒരു കൂട്ടം ആളുകൾ ചേർന്ന് ആക്രമിക്കുന്നതും അടിസ്ഥാനമാക്കിയാണ്.

- **സ്വയം നയിക്കുന്ന വയലൻസ്**

സ്വയം നയിക്കുന്ന വയലൻസിനെ ആത്മഹത്യാപെരുമാറ്റം, സ്വയം ദുരുപയോഗം എന്നിങ്ങനെ തിരിക്കാം. ആത്മഹത്യാചിന്തകളും ആത്മഹത്യാശ്രമങ്ങളും ആത്മഹത്യാപെരുമാറ്റത്തിന്റെ വിഭാഗത്തിൽപ്പെടുന്നു. അതേസമയം സ്വയം വികലമാക്കുന്ന പ്രവർത്തികൾ സ്വയം ദുരുപയോഗത്തിന്റെ വിഭാഗത്തിലും ഉൾപ്പെടുന്നു.

- **വ്യക്തിപരമായ വയലൻസ്**

വ്യക്തി മറ്റൊരാളെ ഉപദ്രവിക്കുന്ന തരത്തിലുള്ള വയലൻസാണ് വ്യക്തിപരമായ വയലൻസ്. പരസ്പരമുള്ള ഈ വയലൻസിന് രണ്ട് ഉപവിഭാഗങ്ങളുണ്ട്. ഒന്ന്, പരിചയമുള്ള വ്യക്തികളെ ഉപദ്രവിക്കുന്നത്. മിക്കവാറും കുടുംബാംഗങ്ങൾ തമ്മിലുള്ള വയലൻസായിരിക്കും ഇത്. ഉദാഹരണത്തിന് ജീവിതപങ്കാളിയെ ഉപദ്രവിക്കുന്നത്, മാതാപിതാക്കളെ ഉപദ്രവിക്കുന്നത്, കുട്ടികളെ ഉപദ്രവിക്കുന്നത് തുടങ്ങിയവ. രണ്ടാമത്തേത്, പരസ്പരം ബന്ധമില്ലാത്തതോ, പരിചയമില്ലാത്തതോ ആയ വ്യക്തികൾ തമ്മിൽ ഉണ്ടാകുന്ന അക്രമമാണ്. അപരിചിതരാൽ ബലാത്സംഗം ചെയ്യപ്പെടുന്നതും ലൈംഗികാതിക്രമവുമെല്ലാം ഇതിന് ഉദാഹരണമാണ്.

- **കൂട്ടായ വയലൻസ്**

മറ്റ് രണ്ട് വയലൻസ് വിഭാഗങ്ങളിൽ നിന്നും വ്യത്യസ്തമാണ് കൂട്ടായ വയലൻസ്. ഇത് പ്രത്യേക ലക്ഷ്യത്തോടെ നടത്തപ്പെടുന്നു. ഒരു പ്രത്യേക സാമൂഹ്യ അജണ്ട നട പ്പാക്കേണ്ടതിന് ഗ്രൂപ്പുകളോ സംഘടനകളോ നടത്തുന്ന അക്രമമാണ് കൂട്ടായ വയ ലൻസ്. തീവ്രവാദപ്രവർത്തനങ്ങളും ആൾക്കൂട്ട ആക്രമണങ്ങളും ഇത്തരത്തിലുള്ളവ യാണ്. രാഷ്ട്രീയ അക്രമത്തിന്റെ ഭാഗമായി നടത്തപ്പെടുന്ന യുദ്ധവും അതിനോടനുബ ന്ധിച്ച് ഉണ്ടാകുന്ന സംഘട്ടനങ്ങളും ഭരണകൂടത്തിന്റെ അക്രമവും സായുധ സംഘങ്ങ ളുടെ പ്രവർത്തനങ്ങളും ഇതിന്റെ പരിധിയിൽപ്പെടുന്നു.

സാമ്പത്തികപ്രവർത്തനത്തെ തടസ്സപ്പെടുത്തുക, അവശ്യസാധനങ്ങൾ നിഷേധിക്കുക, പ്രകൃതിമലിനീകരണം മുതലായവയും കൂട്ടായ വയലൻസിൽ ഉൾപ്പെടുന്നു. കൂട്ടായ അക്രമത്തിന്റെ ഏറ്റവും തീവ്രമായ രൂപമാണ് യുദ്ധം. ഗവൺമെന്റിന്റെ മേൽനോട്ടത്തിൽ നിർവഹിക്കപ്പെടുന്ന ഒരു നീണ്ട സംഘട്ടന പ്രക്രി യയാണ് യുദ്ധം. വെട്ടിപ്പിടിക്കുക, വസ്തുവകകൾ കൊള്ളയടിക്കുക മുതലായ ഉദ്ദേശ്യത്തോടെയും ദേശീയ പ്രതിരോധമോ വിമോചനമോ ലക്ഷ്യമാക്കിയുമുള്ള യുദ്ധ ങ്ങളും സർവ്വസാധാരണമാണ്. പ്രത്യയശാസ്ത്രപരമായും മതപരമായും വിപ്ലവാത്മക വുമായ യുദ്ധങ്ങളുമുണ്ട്. ആധുനികയുഗത്തിൽ ഒന്നാം ലോകമഹായുദ്ധത്തിന്റെയും രണ്ടാം ലോകമഹായുദ്ധത്തിന്റെയും കെടുതികൾ ലോകം ദർശിച്ചു.

## 6. വയലൻസിന്റെ സാഹിത്യവീക്ഷണം

കഥകൾ പറയാനും കേൾക്കാനും മനുഷ്യന് വളരെ താല്പര്യമാണ്. ആദിമകാലഘട്ടങ്ങ ളിൽ വേട്ടയാടി ജീവിച്ചിരുന്ന മനുഷ്യൻ അവന്റെ വീരസാഹസിക കഥകൾ പറ യുമ്പോൾ അവൻ നേരിട്ടിട്ടുണ്ടാകാവുന്ന ആക്രമണങ്ങളെക്കുറിച്ച് സവിസ്തരം വിവരി ച്ചിട്ടുണ്ടാകണം. അങ്ങനെ മനുഷ്യൻ കഥപറച്ചിലുകൾ ആരംഭിച്ച കാലം മുതൽക്കുതന്നെ വയലൻസ് സാഹിത്യത്തിൽ കടന്നുവന്നിരുന്നു. കഥപറച്ചിലുകൾ വാമൊഴിയിൽ നിന്ന് വരമൊഴിയിലേക്ക് വളർന്നപ്പോഴും മനുഷ്യന്റെ ചിന്തകൾക്കും ഭാവനകൾക്കും വികാ സം സംഭവിച്ചപ്പോഴുമെല്ലാം വയലൻസും വ്യത്യസ്തഭാവങ്ങൾ കൈക്കൊണ്ട് വളർന്നി രുന്നു.

നായകന്റെ വീരസാഹസികതകൾ വിവരിക്കുന്നവയാണ് ഇതിഹാസങ്ങൾ. അമാനുഷികശക്തിയുള്ള നായകകഥാപാത്രത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് തടസ്സങ്ങൾ സൃഷ്ടിക്കുന്ന ദേവതകളും മറ്റും ഇതിഹാസങ്ങളിൽ കടന്നുവരുന്നു. അത്തരം കഥകൾ പൂർണ്ണമായും സാങ്കല്പികമോ അല്ലെങ്കിൽ ഫിക്ഷന്റെയും യാഥാർത്ഥ്യത്തിന്റെയും മിശ്രണമോ ആയിരിക്കും. ഇതിഹാസങ്ങളിൽ വയലൻസിന്റെ സാന്നിധ്യം വലിയതോതിൽ കാണാനാകും. 'ഗിൽഗമെഷിന്റെ ഇതിഹാസ'ത്തിലും മറ്റും ഈ വിധം വയലൻസ് നിറഞ്ഞുനിൽക്കുന്നു. അധികാരത്താൽ ദുഷിച്ച ജനങ്ങളെ ക്രൂരമായി മർദ്ദിക്കുന്ന ഒരു കഥാപാത്രത്തെയാണ് ഈ ഇതിഹാസത്തിൽ അവതരിപ്പിച്ചരിക്കുന്നത്. വ്യത്യസ്ത സംസ്കാരങ്ങളിലെ ഇതിഹാസങ്ങളിലും സമാനമായരീതി കാണാം. ഹോമറിന്റെ 'ഇലിയഡ്" യുദ്ധത്തിന്റെ ക്രൂരമുഖമാണ് വെളിവാക്കുന്നത്. ഇതിന്റെ തുടർച്ചയായ 'ഒഡീസ്സി'യിലും വയലൻസിന്റെ അംശം ഒട്ടും കുറവല്ല. ഇത്തരം ഇതിഹാസങ്ങൾ മുന്നോട്ടുവയ്ക്കുന്നത് വയലൻസു മൂലം നശിക്കുന്ന ജീവിതത്തെയും സംസ്കാരത്തെയും കുറിച്ചുള്ള അവബോധമാണ്.

ഇതിഹാസങ്ങൾക്കും മുൻപേയുള്ള ബൈബിളിലെ അബ്രഹാമിക് തിരുവെഴുത്തുകളിൽ, തന്നെ അനുസരിക്കാത്ത ജനതകൾക്കുനേരെ ദൈവം ശിക്ഷകൾ അയക്കുന്നതിന്റെയും മനുഷ്യർ പരസ്പരം ദ്രോഹിക്കുന്നതിന്റെയും കഥകൾ ആവിഷ്കരിച്ചിരുന്നു. സോദോം, ഗൊമോറ എന്നീ നഗരങ്ങളുടെ നാശം അത്തരത്തിലുളതാണ്. ബൈബിളിൽ പരാമർശിക്കുന്ന ആബേലിന്റെ കൊലപാതകവും യുദ്ധം, ത്യാഗം, തടവ്, കീഴടക്കൽ, കല്ലെറിയൽ, കുരിശിലേറ്റൽ തുടങ്ങിയവയും വയലൻസിന്റെ ഉല്പന്നങ്ങളാണ്. മനുഷ്യന്റെ പാപങ്ങളെക്കുറിച്ചും ക്രൂരതകളെക്കുറിച്ചും അതുമൂലം ഉണ്ടാകാവുന്ന ദൈവത്തിന്റെ കോപത്തെക്കുറിച്ചുമുള്ള മുന്നറിയിപ്പും ബോധവത്കരണവുമാണ് ഇവ ലക്ഷ്യമാക്കുന്നത്. റൊമാന്റിക്, വിക്ടോറിയൻ കാലഘട്ടങ്ങളിൽ നിലനിന്നിരുന്ന ഗോദിക് ഫിക്ഷൻ സാഹിത്യമാകട്ടെ, മാനവികതയുടെ ഇരുണ്ടവശം കേന്ദ്രീകരിച്ചുകൊണ്ട് ഭയം, നിഗൂഢത, അപചയം, വേട്ടയാടൽ തുടങ്ങിയ ഘടകങ്ങളാൽ സൗന്ദര്യവല്കരിക്കപ്പെട്ടു.

## 7. വയലൻസ് ആധുനികസാഹിത്യത്തിൽ

ആധുനികസാഹിത്യത്തിൽ വയലൻസ് ഏറെ ശ്രദ്ധിക്കപ്പെട്ടു. ക്രൈം ആന്റ് ഡിറ്റക്ടീവ് ഫിക്ഷനുകൾ ഇക്കാലയളവിൽ വലിയതോതിൽ ജനശ്രദ്ധയാകർഷിച്ചു. പത്തൊമ്പതാം നൂറ്റാണ്ട് മുതൽ തന്നെ ഡിറ്റക്ടീവ് ഫിക്ഷനുകൾ രംഗത്തുണ്ടെങ്കിലും ലോകമഹായുദ്ധങ്ങൾക്കു ശേഷമാണ് ഇവ കൂടുതലായി പ്രചാരം നേടിയത്. അഗത ക്രിസ്റ്റി, ഡൊറോത്തി എൽ. സെയേഴ്സ് തുടങ്ങിയ എഴുത്തുകാർ ഇവിടെ സവിശേഷ ശ്രദ്ധയർഹിക്കുന്നു.

ഡിറ്റക്ടീവ് ഫിക്ഷനുകളിലെ പ്രമേയങ്ങളിലധികവും ഏതെങ്കിലും ഒരു കുറ്റകൃത്യത്തെക്കുറിച്ച് അല്ലെങ്കിൽ കൊലപാതകത്തെക്കുറിച്ച് അന്വേഷിക്കുന്നതുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. കുറ്റകൃത്യത്തിന്റെ പ്രത്യാഘാതങ്ങളെക്കാൾ കുറ്റകൃത്യം കണ്ടുപിടിക്കുന്നതിൽ നായകനുള്ള ബുദ്ധിസാമർത്ഥ്യത്തിലാണ് ഇത്തരം രചനകൾ ശ്രദ്ധകേന്ദ്രീകരിക്കുന്നത്. അതിനാൽ ഡിറ്റക്റ്റീവ് ഫിക്ഷനിലെ അക്രമം അർത്ഥരഹിതമാണെന്ന് 'How to Read Literature Like a Professor' എന്ന പുസ്തകത്തിൽ തോമസ് സി. ഫോസ്റ്റർ അഭിപ്രായപ്പെടുന്നു. ഒരു കുറ്റവും ശിക്ഷിക്കപ്പെടാതെ പോവുകയില്ലെന്ന ബോധ്യമാണ് ഇത്തരം കഥകൾ വായനക്കാർക്ക് നൽകുന്നത്.

ആധുനികകാലഘട്ടത്തിൽ ശ്രദ്ധേയമായി തീർന്നവയാണ് സയൻസ് ഫിക്ഷനുകൾ. ഈ രചനകൾ വയലൻസിനെ കേവലം മാനുഷ്യനിൽ മാത്രമായി ഒതുക്കി നിർത്തുന്നില്ല. അന്യഗ്രഹജീവികളുടെ കണ്ടെത്തലുകൾ, ബഹിരാകാശ യുദ്ധങ്ങൾ, ടൈം ട്രാവൽ, ഇതര യാഥാർത്ഥ്യങ്ങൾ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലുള്ള സാങ്കേതിക മുന്നേറ്റങ്ങൾ എന്നിവ സയൻസ് ഫിക്ഷനുകളിൽ ഉൾപ്പെടുന്നു. ഇവിടെ പലപ്പോഴും ഭൂമിയുടെയോ അതിലെ ജീവജാലങ്ങളുടെയോ അതിജീവനത്തിന്റെ പോരാട്ടമാണ് ചിത്രീകരിക്കപ്പെടുന്നത്.

## 8. മലയാളനോവലിലെ വയലൻസ്

മനുഷ്യന്റെ ചരിത്രത്തിൽ എക്കാലവും കാണപ്പെട്ടിട്ടുള്ള അഥവാ കാണപ്പെടുന്ന സ്വഭാവമാണ് വയലൻസ്. മനുഷ്യന്റെ ചിന്തകളിൽ വയലൻസ് നിറഞ്ഞുനിൽക്കുന്നു. അതുകൊണ്ടുതന്നെ സാഹിത്യത്തിൽ വയലൻസിനെ ആവിഷ്കരിക്കാതിരിക്കാൻ സാധ്യമല്ല. ഏതൊരു സാഹിത്യവും ചെറുതും വലുതുമായ വയലൻസിന്റെ സ്വഭാ

വത്തെ ഉൾക്കൊള്ളുന്നുണ്ട്. മാത്രമല്ല, വയലൻസ് വായനക്കാരിൽ ഞെട്ടലുളവാക്കുന്നു. ആ ഞെട്ടലാണ് കൃതി തുടർന്നു വായിക്കാനുള്ള പ്രചോദനം വായനക്കാർക്ക് ലഭിക്കുന്നത് . വയലൻസിന് ഇരയാക്കപ്പെടുന്ന കഥാപാത്രങ്ങളോട് വായനക്കാർക്കു തോന്നുന്ന അനുകമ്പയാണ് അതിനു കാരണം. അതുകൊണ്ടുതന്നെ എഴുത്തുകാർ വയലൻസിനെ സാഹിത്യത്തിൽ ഉൾപ്പെടുത്താൻ ബോധപൂർവ്വം ശ്രമിക്കുന്നു.

ആഗോളവത്കരണം സൃഷ്ടിച്ച നാഗരികത കേരളത്തിലെ ഗ്രാമീണ പ്രദേശങ്ങളിലേക്കും പടർന്നുപിടിച്ചു. ഭീകരാക്രമണങ്ങളും സംഘടിത കുറ്റകൃത്യങ്ങളും സമകാലിക നാഗരികത നേരിടുന്ന വെല്ലുവിളികളാണ്. ദേശീയതയും വയലൻസിന്റെ മുഖം കൈക്കൊള്ളുന്ന സാഹചര്യത്തിൽ അതിനെ പ്രതിരോധിക്കുക എന്ന ലക്ഷ്യത്തോടെ മലയാളത്തിലും ധാരാളം കൃതികൾ രചിക്കപ്പെടുന്നുണ്ട്. ആനന്ദിന്റെ 'അപഹരിക്കപ്പെട്ട ദൈവങ്ങൾ' എന്ന നോവൽ ഇതിനുദാഹരണമാണ്.

ആധുനികാനന്തരകാലം നോവലിലേക്കെത്തുമ്പോൾ വൻതോതിലുള്ള രൂപപരിണാമങ്ങൾ സംഭവിച്ച് ഫാന്റസിയും വയലൻസും സാഹിത്യത്തിൽ ആവേശിക്കുന്നതു കാണാം. ഈ കാലഘട്ടത്തിൽ കാല്പനികകഥകളെക്കാൾ യഥാതഥമായ കഥകൾക്ക് പ്രാധാന്യം സിദ്ധിക്കുന്നുണ്ട്. അതേസമയം കൽപിതകഥകളെയും ഫാന്റസികളെയും പൂർണ്ണമായും ഒഴിവാക്കാൻ ഉത്തരാധുനിക എഴുത്തുകാർ ശ്രമിക്കുന്നില്ല. ഒന്നും രണ്ടും ലോകമഹായുദ്ധങ്ങൾ മനുഷ്യന്റെ അബോധമനസ്സിൽ സൃഷ്ടിച്ച ഭീകരത സാഹിത്യത്തിലും അലയടിച്ചു. ലിംഗം, ജാതി, വർഗ്ഗം എന്നിങ്ങനെ ഇന്നും നടന്നുകൊണ്ടിരിക്കുന്ന ആഭ്യന്തരകലാപങ്ങളെ നോവലിസ്റ്റുകൾ തൂലികയിൽ പകർത്തുന്നു.

അക്രമാസക്തമായ ഒരു ലോകത്തെയും അവിടെ സ്ത്രീകൾ നേരിടേണ്ടിവരുന്ന ലൈംഗികപീഡനങ്ങളെയും ചരിത്രവീക്ഷണത്തോടും കല്പിതകലാചാതുരിയോടുംകൂടി അവതരിപ്പിക്കുന്ന നോവലിസ്റ്റാണ് ടി.ഡി. രാമകൃഷ്ണൻ. അദ്ദേഹത്തിന്റെ സവിശേഷ സർഗ്ഗസൃഷ്ടികളായ 'ഫ്രാൻസിസ് ഇട്ടിക്കോര', 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി'എന്നീ നോവലുകളെ അടിസ്ഥാനമാക്കി പഠനം നടത്താനാണ് ഈ പ്രബന്ധത്തിൽ ശ്രമിക്കുന്നത്. ഈ നോവലുകളിൽ കടന്നുവരുന്ന ഫാന്റസിയും വയലൻസും മുൻനിർത്തി സമകാലിക രാഷ്ട്രീയത്തെ വിശകലനം ചെയ്യുകയാ് തുടർന്നുവരുന്ന അധ്യായങ്ങളിൽ.

# കുറിപ്പ്

1. പരമേശ്വരൻ പിള്ള എരുമേലി, മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ, പുറം: 389.
2. പരമേശ്വരൻ പിള്ള എരുമേലി, മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ, പുറം: 389.
3. പരമേശ്വരൻ പിള്ള എരുമേലി, മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ, പുറം: 389.
4. പരമേശ്വരൻ പിള്ള എരുമേലി, മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ, പുറം: 389.
5. പരമേശ്വരൻ പിള്ള എരുമേലി, മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ, പുറം: 389.
6. "Fantasy, in German 'Phantasie' is the term used to denote the imaginations, and not so much the faculty of imaging as the imaginary world and its content the imaginings or fantasies into which the poet or the neurotic so willingly withdraws". J. Laplanche, J.B. Pontalis, Fantasy and the Origins of Sexuality, essay in Formation of Fantasy, page no: 6.
7. രാജഗോപാലൻ.ഇ.പി, ലോകത്തിന്റെ വാക്ക്, പുറം: 115.
8. "The 'Fantastic' derives from the Latin Phantasticus, which is from the Greek, meaning to make visible or manifest. In this general sense, all imaginary activity is fantastic, all literary works are fantasies". Rosemary Jackson, Fantasy: the Literature of Subversion, page no: 13.
9. വൽസലൻ വാതുശ്ശേരി, കഥയും ഫാന്റസിയും, പുറം: 16.
10. വൽസലൻ വാതുശ്ശേരി, കഥയും ഫാന്റസിയും, പുറം: 16.
11. വൽസലൻ വാതുശ്ശേരി, കഥയും ഫാന്റസിയും, പുറം: 16.
12. വൽസലൻ വാതുശ്ശേരി, കഥയും ഫാന്റസിയും, പുറം: 16.
13. വൽസലൻ വാതുശ്ശേരി, കഥയും ഫാന്റസിയും, പുറം: 17.
14. വൽസലൻ വാതുശ്ശേരി,കഥയും ഫാന്റസിയും, പുറം: 18.

# അധ്യായം രണ്ട്

## ഫാന്റസിയുടെ തലങ്ങൾ ടി.ഡി.രാമകൃഷ്ണന്റെ നോവലുകളിൽ

## 1. ടി.ഡി. രാമകൃഷ്ണൻ

രണ്ടായിരത്തിനു ശേഷം മലയാള സാഹിത്യരംഗത്തേക്ക് കടന്നുവന്ന എഴുത്തുകാര നാണ് ടി. ഡി. രാമകൃഷ്ണൻ. ചെറുകഥാകൃത്ത്, നോവലിസ്റ്റ്, വിവർത്തകൻ എന്നീ നിലകളിൽ ശ്രദ്ധേയനാണ് ഇദ്ദേഹം. പ്രമേയപരമായും ആഖ്യാനപരമായും വേറിട്ട് നി ൽക്കുന്ന ഒരു രചനയാണ് രണ്ടായിരത്തിമൂന്നിൽ പ്രസിദ്ധീകരിച്ച ഇദ്ദേഹത്തിന്റെ ആദ്യ നോവലായ 'ആൽഫ'. മനുഷ്യന്റെ പരിണാമവുമായി ബന്ധപ്പെടുത്തിയുള്ള ശാസ്ത്രപരീക്ഷണത്തിന്റെ പശ്ചാത്തലത്തിലാണ് നോവലിന്റെ ആഖ്യാനനിർവഹണം. ആൽഫ എന്നത് ഒരു സാങ്കല്പിക ദ്വീപാണ്; ഈ ദ്വീപിലാണ് കഥ നടക്കുന്നത്. മനുഷ്യനും ശാസ്ത്രവും തമ്മിലുള്ള ബന്ധവും മനുഷ്യന്റെ പ്രാകൃതവാസനകളും നോവലിൽ വിഷയീഭവിക്കുന്നു. അദ്ദേഹത്തിന്റെ പ്രസിദ്ധമായ നോവലാണ് 'ഫ്രാൻ സിസ് ഇട്ടിക്കോര'(2009). ഇട്ടിക്കോര എന്ന കഥാപാത്രത്തിന്റെയും പതിനെട്ടാംകൂറ്റു കാർ എന്ന കുടുംബക്കാരുടെയും ജീവിതത്തിലൂടെ നോവൽ മുന്നേറുന്നു. രണ്ടായിര ത്തിപ്പതിനാലിൽ പ്രസിദ്ധീകൃതമായ 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി' ശ്രീലങ്ക യിലെ തമിഴ്-സിംഹള വംശീയപോരാട്ടങ്ങളെ അടയാളപ്പെടുത്തുന്നു.

ടി.ഡി. രാമകൃഷ്ണന്റെ നാലാമത്തെ നോവലാണ് രണ്ടായിരത്തിപ്പത്തൊമ്പതിൽ പ്രസിദ്ധീകരിച്ച 'മാമാ ആഫ്രിക്ക'. താരാ വിശ്വനാഥ് എന്ന മലയാളിയായ ആഫ്രിക്കൻ എഴുത്തുകാരിയുടെ ആത്മകഥാരൂപത്തിലാണ് ഈ നോവൽ രചിക്കപ്പെട്ടിരിക്കുന്നത്. അധികാരശക്തികൾക്കു മുമ്പിൽ പൊരുതേണ്ടി വരുകയും ഇരയാക്കപ്പെടുകയും ചെയ്യുന്നവരുടെ കഥയാണ് 'മാമാ ആഫ്രിക്ക'. രണ്ടായിരത്തിയിരുപതിൽ ഡി.സി. ബുക്സ് പ്രസിദ്ധീകരിച്ച ടി.ഡി.രാമകൃഷ്ണന്റെ നോവലാണ് 'അന്ധർ ബധിരർ മൂകർ'. പുറംലോകവുമായി ബന്ധമില്ലാത്ത, കാണാനും കേൾക്കാനും സംസാരിക്കാനുമുള്ള അവകാശം നഷ്ടപ്പെട്ട ഒരു ജനതയുടെ കഥയാണിത്. റെയിൽവേ സംവിധാനത്തെ പ്രതിപാദിക്കുന്ന നോവലുകൾ മലയാളത്തിൽ വിരളമാണ്. ആ വിധത്തിൽ ശ്രദ്ധേയ മാണ് രണ്ടായിരത്തിയിരുപത്തിയൊന്നിൽ പുറത്തിറങ്ങിയ ടി.ഡി. രാമകൃഷ്ണന്റെ ഏറ്റവും പുതിയ നോവലായ 'പച്ച മഞ്ഞ ചുവപ്പ്". ഇന്ത്യയുടെ ജീവനാഡിയായ റയിൽവേയുടെ കാണാപ്പുറങ്ങളിലേക്ക് കടന്നു ചെല്ലുന്ന, കഥയും ചരിത്രവുമെല്ലാം കോർത്തിണക്കിയ ഒരു മനോഹരമായ നോവലാണ് 'പച്ച മഞ്ഞ ചുവപ്പ്.'

## 2. ഫ്രാൻസിസ് ഇട്ടിക്കോര

ഒരു നോവലിസ്റ്റ് എന്ന നിലയിൽ ടി.ഡി. രാമകൃഷ്ണൻ ശ്രദ്ധിക്കപ്പെടുന്നത് അദ്ദേഹത്തിന്റെ രണ്ടാമത്തെ നോവലായ 'ഫ്രാൻസിസ് ഇട്ടിക്കോര'യുടെ രചനയിലൂടെയാണ്. 'പാഠഭേദം' മാസികയിലും 'മാധ്യമം' ആഴ്ചപ്പതിപ്പിലുമായി പുറത്തുവന്ന 'ഫ്രാൻസിസ് ഇട്ടിക്കോര' രണ്ടായിരത്തിയൊമ്പതിലാണ് ഡിസി ബുക്സ് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നത്. ആയിരത്തിനാന്നൂറ്റി അമ്പത്തിയാറിൽ തൃശ്ശൂരിലെ കുന്നംകുളത്ത് ജനിച്ച് ആയിരത്തിയഞ്ഞൂറ്റി പതിനേഴിൽ ഇറ്റലിയിലെ ഫ്ളോറൻസിൽവച്ച് മരണപ്പെട്ട ഫ്രാൻസിസ് ഇട്ടിക്കോരയാണ് നോവലിലെ പ്രധാന കഥാപാത്രം. ഇട്ടിക്കോരയുടെ പരമ്പരയിൽപ്പെട്ട പതിനെട്ടാംകൂറ്റുകാർ എന്ന കുടുംബക്കാരുടെ കഥയാണ് ഈ നോവൽ. കേരളത്തിന്റെ കുരുമുളക് വ്യാപാരപാരമ്പര്യവും ഗണിതശാസ്ത്ര ചരിത്രത്തിൽ കേരളത്തിനുള്ള പങ്കും നോവലിൽ പ്രമേയമാകുന്നു.

മലയാള നോവൽസാഹിത്യത്തിൽ ഒരു പുതിയ കാൽവയ്പ്പ് ആയിരുന്നു ടി.ഡി. രാമകൃഷ്ണന്റെ 'ഫ്രാൻസിസ് ഇട്ടിക്കോര.' സമകാലിക യാഥാർത്ഥ്യങ്ങളും ചരിത്ര സംഭവങ്ങളും ഭാവനയും ഇഴപിരിച്ചുചേർത്ത ഒരു ബൃഹദാഖ്യാനമാണ് ഈ നോവൽ. കേരളത്തിന്റെ വ്യാപാരചരിത്രവും ഗണിതശാസ്ത്രത്തിൽ കേരളം നൽകിയ സംഭാവനകളും രാഷ്ട്രീയസംഘർഷങ്ങളും കച്ചവടവത്കരിക്കപ്പെടുന്ന ലൈംഗികതയും കാനിബലിസവും അങ്ങനെ സമകാലിക സാമൂഹ്യചിത്രം നോവലിൽ ഇതൾവിരിയുന്നു. ഒട്ടേറെ വിമർശനങ്ങൾക്ക് പാത്രമാകേണ്ടിവന്ന ഈ നോവൽ അക്കാലം വരെയും ഉണ്ടായിരുന്ന നോവൽ മാതൃകകളിൽ നിന്ന് വ്യത്യസ്ത ആഖ്യാനരീതിയാണ് സ്വീകരിച്ചിരിക്കുന്നത്.

## 3. നോവൽ പ്രമേയം

പതിനഞ്ച്, പതിനാറ് നൂറ്റാണ്ടുകളിൽ കേരളത്തിൽ ജനിച്ചു വളർന്ന് വിദേശരാജ്യങ്ങളുമായി വ്യാപാരബന്ധത്തിൽ ഏർപ്പെട്ട ഫ്രാൻസിസ് ഇട്ടിക്കോരയുടെ കുടുംബപരമ്പരയിലെ ഇങ്ങേക്കണ്ണിയായ സേവ്യർ ഇട്ടിക്കോര കൊച്ചി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന 'ദ സ്കൂൾ' എന്ന ലൈംഗികാധ്യാപന സ്ഥാപനത്തിലേക്ക് അയയ്ക്കുന്ന മെയിലിലൂടെയാണ് നോവലിന്റെ ആരംഭം. രണ്ടായിരത്തിമൂന്ന് കാലഘട്ടത്തിലാണ് 'ഫ്രാൻസിസ് ഇട്ടിക്കോര' യുടെ കഥ നടക്കുന്നത്. ഫ്ളോറൻസിൽ നിന്നും യു.എസിലേക്ക്

കുടിയേറിയ വ്യക്തിയാണ് സേവ്യർ ഇട്ടിക്കോര. ഒരു ഇറാഖി പെൺകുട്ടിയെ ബലാത്സംഗം ചെയ്തതിന്റെ ഫലമായി അമേരിക്കൻ ഭടനായ സേവ്യർ ഇട്ടിക്കോരയുടെ ലൈംഗികശേഷി നഷ്ടപ്പെടുന്നു. നഷ്ടപ്പെട്ട ലൈംഗികശേഷി വീണ്ടെടുക്കാൻ അയാൾ നരഭോജിയായി മാറുന്നു. തുടർന്ന് ആഭിചാരകർമ്മങ്ങളിലും അയാൾ പങ്കുകൊള്ളുന്നു. എന്നാൽ അവ കൊണ്ടൊന്നും ഫലം കാണാതെ വന്നപ്പോഴാണ് 'ദ സ്കൂളു'മായി ഇട്ടിക്കോര ബന്ധപ്പെടുന്നത്.

നഷ്ടപ്പെട്ട ലൈംഗികശേഷി വീണ്ടെടുക്കുക എന്നതിനു പുറമേ കോരമാരുടെ പൂർവ്വചരിത്രം അന്വേഷിക്കുക എന്ന ലക്ഷ്യം കൂടി കേരളത്തിൽ എത്തുന്നതിന് പിന്നിൽ സേവ്യർ ഇട്ടിക്കോരയ്ക്കുണ്ട്. രേഖ, രശ്മി, ബിന്ദു എന്നിവരാണ് 'ദ സ്കൂൾ' നടത്തുന്നത്. രേഖ ഒരു ചരിത്ര അധ്യാപികയും രശ്മി ഒരു ബാങ്ക് ഉദ്യോഗസ്ഥയും ബിന്ദു ഒരു ഫാഷൻ ഡിസൈനറുമാണ്. പഞ്ചനക്ഷത്ര വേശ്യാലയമായ 'ദ സ്കൂളിന്റെ' പ്രധാന ഉപഭോക്താക്കൾ സമൂഹത്തിലെ ഉന്നതന്മാർ തന്നെയാണ്. അത്യാധുനിക സൗകര്യങ്ങളാണ് 'ദ സ്കൂളി'ൽ ഒരുക്കിയിരിക്കുന്നത്. ഉപഭോക്താവിന്റെ താല്പര്യ ങ്ങളും ചരിത്രവും മാനസികനിലയുമൊക്കെ മനസ്സിലാക്കുക എന്നത് 'ദ സ്കൂളി'ലെ പ്രവർത്തകരുടെ രീതിയാണ്. അതിനെ തുടർന്ന് നടത്തുന്ന കോരമാരുടെ ചരി ത്രാന്വേഷണത്തിലൂടെയും സേവ്യർ ഇട്ടിക്കോരയുമായി രേഖ നടത്തുന്ന ഇമെയിൽ സംഭാഷണങ്ങളിലൂടെയും നോവൽ പുരോഗമിക്കുന്നു.

സേവ്യർ ഇട്ടിക്കോരയുടെ പൂർവ്വപിതാമഹനായ ഫ്രാൻസിസ് ഇട്ടിക്കോര യുടെ ജീവിതകഥയിലേക്ക് 'ദ സ്കൂളി'ന്റെ അന്വേഷണം വഴിത്തിരിയുന്നു.'ദ സ്കൂളി'ന്റെ പ്രവർത്തകരുടെ സഹായത്തിന് സുഹൃത്തുക്കളായ കഥയെഴുത്തും ബെന്നിയും കൂട്ടുണ്ട്. ഗണിതശാസ്ത്ര ഗവേഷകയും സേവ്യർ ഇട്ടിക്കോരയുടെ സുഹൃ ത്തുമായ ഹഷിമോട്ടോ മൊറിഗാമിയുടെ ബ്ലോഗ് ഫ്രാൻസിസ് ഇട്ടിക്കോരയെക്കുറി ച്ചുള്ള അന്വേഷണത്തിന് അവരെ സഹായിക്കുന്നുണ്ട്. വിദേശരാജ്യങ്ങളുമായി കുരു മുളക് വ്യാപാരബന്ധത്തിൽ ഏർപ്പെട്ട കുന്നംകുളത്തുകാരനാണ് ഫ്രാൻസിസ് ഇട്ടിക്കോര. പതിനഞ്ചാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ തൃശ്ശൂരിലെ കുന്നംകുളത്ത് ജനിച്ചു വളർന്ന ഇട്ടിക്കോര രഹസ്യ ഹൈപേഷ്യൻസ് സ്കൂളിൽനിന്ന് ഗണിതശാസ്ത്ര ത്തിൽ പ്രാവീണ്യം നേടി. പിതാവിന്റെ മരണത്തോടുകൂടി വ്യാപാരത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം ഫ്രാൻസിസ് ഇട്ടിക്കോര ഏറ്റെടുത്തു. ഗണിതത്തിലും ജ്യോതിശാ

സ്ത്രത്തിലുമെല്ലാം അവഗാഹമുണ്ടായിരുന്ന ഇട്ടിക്കോര കച്ചവടത്തിലേറെ മുൻപോട്ടുപോയി. കുരുമുളകിന് പുറമേ വിലപിടിപ്പുള്ള പല വസ്തുക്കളുടെയും വ്യാപാരം ഇട്ടിക്കോരക്കുണ്ടായിരുന്നു. സുറിയാനിക്രിസ്ത്യാനിയായ ഇട്ടിക്കോര പള്ളിക്കുവേണ്ട ധനസഹായങ്ങളെല്ലാം ചെയ്യുമ്പോഴും പള്ളിവകകാര്യങ്ങളിൽ തല്പരനായിരുന്നില്ല. അധ്വാനിക്കുന്നവരെ അംഗീകരിക്കാൻ ഇട്ടിക്കോരയ്ക്കു കഴിഞ്ഞിരുന്നു. ഇട്ടിക്കോരക്ക് സ്ത്രീയും ഒരു കച്ചവടചരക്കായിരുന്നു. സ്ത്രീകളെ കീഴ്പ്പെടുത്താനും ആകർഷിക്കാനുമുള്ള ഒരു പ്രത്യേക കഴിവും ഇട്ടിക്കോരയ്ക്കുണ്ടായിരുന്നു. പോർച്ചുഗീസുകാരുടെ വരവോടുകൂടി കച്ചവടം മോശമായതിനെ തുടർന്ന് ഫ്ളോറൻസിൽ പാലാസോ കോര എന്ന ആഡംബര കൊട്ടാരം നിർമ്മിച്ച് ഇട്ടിക്കോര അവിടെ സ്ഥിരതാമസമാക്കി. ഇവിടെവച്ചാണ് ഇട്ടിക്കോര മരണപ്പെടുന്നത്.

ലോകത്തിന്റെ പല ഭാഗങ്ങളിലായി ചിതറപ്പെട്ട് കിടക്കുന്ന ഫ്രാൻസിസ് ഇട്ടിക്കോരയുടെ പതിനെട്ട് ഭാര്യമാരും മക്കളും ചെറുമക്കളും അടങ്ങിയ കുടുംബക്കാരെ പതിനെട്ടാംകൂറ്റുകാർ എന്നാണ് വിളിക്കുന്നത്. പതിനെട്ടാംകൂറ്റുകാർ ഒരു രഹസ്യസംഘമായാണ് നിലകൊള്ളുന്നത്. അതിവിചിത്രങ്ങളായ ആചാരാനുഷ്ഠാനങ്ങളും ആഭിചാരകർമ്മങ്ങളും ഈ കുടുംബക്കാർ നിലനിർത്തിപ്പോരുന്നു. കുടുംബത്തിലെ പെൺകുട്ടികളുടെ വയസ്സ് അറിയിച്ചതിനു ശേഷം വരുന്ന ആദ്യ ക്രിസ്മസ് രാത്രിയിൽ അവരെ കോരപ്പാപ്പനു സമർപ്പിക്കുന്നത് ഇത്തരത്തിലുള്ള ഒരു കർമ്മമാണ്. ലാഭത്തിന്റെ പത്തിലൊന്ന് കോരപ്പാപ്പനുള്ളതാണ്. കോരപ്പെണ്ണും (കോരപ്പാപ്പനു സമർപ്പിച്ച പെണ്ണ്) കോരപ്പണവും കുടുംബത്തിന് സമ്പൽസമൃദ്ധി ഉണ്ടാക്കുമെന്ന് പതിനെട്ടാംകൂറ്റുകാർ വിശ്വസിക്കുന്നു.

ഇട്ടിക്കോരയെക്കുറിച്ചുള്ള അന്വേഷണത്തിൽ അലക്സാൻഡ്രിയയിലെ ഹൈപ്പേഷ്യയുടെ ചരിത്രവും ഇതൾവിരിയുന്നു. അതിപ്രഗത്ഭയായ ഗണിതശാസ്ത്രജ്ഞയും പ്രാപഞ്ചികസൗന്ദര്യാനുപാതം തികഞ്ഞവളുമായിരുന്നു ഹൈപേഷ്യ. പാഗനും (അന്യമതവിശ്വാസി) മതനിന്ദകയുമായ അവളെ അക്കാലത്തെ ക്രൈസ്തവസഭാംഗങ്ങൾ ചിത്രവധം ചെയ്തു കൊലപ്പെടുത്തി. ഹൈപേഷ്യയുടെ ഗണിതശാസ്ത്രകണ്ടുപിടിത്തങ്ങൾ അവളുടെ കാമുകനായ ഒറേസ്റ്റസ് രഹസ്യമായി സൂക്ഷിക്കുകയും പിൽക്കാലത്ത് ഹൈപേഷ്യൻ സ്കൂളുകളിൽ അത് പഠിപ്പിച്ചു പോരുകയും ചെയ്തു. ലോകത്തിന്റെ പല ഭാഗങ്ങളിലായി ഹൈപേഷ്യൻ സ്കൂളുകൾ സ്ഥാപിക്കുന്നതിൽ ഫ്രാൻസിസ് ഇട്ടിക്കോര വഹിച്ച പങ്ക് ചെറുതല്ല.

പതിനെട്ടാംകൂറ്റുകാരെപ്പറ്റിയുള്ള 'ദ സ്കൂൾ' പ്രവർത്തകരുടെയും ബെന്നി, കഥയെഴുത്ത് തുടങ്ങിയവരുടെയും അന്വേഷണങ്ങൾ ബിന്ദുവിന്റെ കൊലപാതകത്തിലാണ് കലാശിക്കുന്നത്. പതിനെട്ടാംകൂറ്റുകാരുടെ രഹസ്യ അനുഷ്ഠാനങ്ങൾ അറിയുന്നതിനായി വേഷം മാറി എത്തിയ ബിന്ദുവിനെയും കഥയെഴുത്തിനെയും കോരക്കുടുംബം പിടികൂടുകയും ബിന്ദുവിനെ അഗ്നികുണ്ഡത്തിൽ ബലിയർപ്പിക്കുകയും ചെയ്യുന്നു. മൊറിഗാമിയുടെ കൂടെ കൊച്ചി അന്താരാഷ്ട്രവിമാനത്താവളത്തിൽ ഇറങ്ങുന്ന സേവ്യർ ഇട്ടിക്കോരയെ അജ്ഞാതർ കൊലപ്പെടുത്തുന്നു. രേഖയും രശ്മിയും പോലീസ് കസ്റ്റഡിയിലാകുന്നു. മുസ്ലീം തീവ്രവാദികളാണ് സേവ്യർ ഇട്ടിക്കോരയുടെ കൊലപാതകത്തിനു പിന്നിലെന്നു വാർത്തകൾ പ്രചരിക്കുന്നുണ്ടെങ്കിലും മഹാത്മാ ഗാന്ധി സർവകലാശാലയിൽ വച്ച് നടത്തുന്ന പ്രസംഗത്തിൽ പതിനെട്ടാംകൂറ്റുകാരാണ് ഇട്ടിക്കോരയുടെ കൊലയ്ക്കു പിന്നിൽ എന്ന സത്യം മൊറിഗാമി വെളിപ്പെടുത്തുന്നു. അതോടെ അവളും പോലീസ് കസ്റ്റഡിയിൽ അകപ്പെടുന്നു.

### 4. ഫ്രാൻസിസ് ഇട്ടിക്കോര; ഒരു ആഗോളപ്രാദേശിക ഫാന്റസി രചന

ശാസ്ത്രസാങ്കേതികവിദ്യയുടെ നൂതനമാർഗങ്ങളെ അവലംബിച്ചുകൊണ്ട് പ്രാചീനവും പ്രാദേശികവുമായ ചരിത്രത്തെയും മിത്തുകളെയും കോർത്തിണക്കി സമകാലികയാഥാർത്ഥ്യങ്ങളിലേക്ക് വെളിച്ചം വീശുന്ന സംഗീതസാന്ദ്രമായ ഒരു മനോഹര ആഖ്യായികയാണ് രാമകൃഷ്ണന്റെ 'ഫ്രാൻസിസ് ഇട്ടിക്കോര'. 'ഇത് ചരിത്രമല്ല കേട്ട് കേൾവികളും കെട്ടുകഥകളും നുണകളും ചേർത്ത് ഒരു കഥ പൊലിപ്പിച്ചെടുക്കാനുള്ള ശ്രമം മാത്രം ...'[1] എന്ന് പറഞ്ഞു കൊണ്ടാണ് നോവൽ ആരംഭിക്കുന്നത്. ഇത് ചരിത്രമല്ല. അതേസമയം ഈ നോവൽ ചരിത്രപ്രതീതി ഉണർത്തുന്നു. അതിനാലാണ് ഈ മുന്നറിയിപ്പ് നോവലിസ്റ്റ് വായനക്കാർക്ക് നൽകുന്നത്. ചരിത്രവും ഭാവനയും മിശ്രണം ചെയ്തുകൊണ്ടാണ് നോവലിന്റെ ആഖ്യാനം. ചരിത്രത്തെയും ഭാവനയെയും ഇവിടെ വേർപിരിക്കുക സാധ്യമല്ല.

ചരിത്രത്തെ സംബോധന ചെയ്യാനുള്ള ശ്രമം ആധുനികതയ്ക്ക് ശേഷമുള്ള മലയാളനോവലിന്റെ പ്രധാന സവിശേഷതയാണ്. എന്നാൽ അവ സാമ്പ്രദായികമായി നിർവചിക്കപ്പെടുന്ന ചരിത്രനോവലുകളല്ല. ഭാവനാത്മകമായി ചരിത്രത്തെ വീക്ഷിക്കാനുള്ള ശ്രമം ഇവിടെ കാണാം. വ്യത്യസ്ത ശൈലിയിലൂടെയും നവീനമായ വാഖ്യാനത്തിലൂടെയും ചരിത്രത്തെ സംശയാത്മകത്വത്തോടെ നിരീക്ഷിക്കുകയാണ് 'ഫ്രാൻസിസ്

ഇട്ടിക്കോര.' ഈ നോവൽ അദൃശ്യമായ ഒരു ചരിത്രത്തെ നിർമ്മിക്കുന്നത് കാണാം. ഫ്രാൻസിസ് ഇട്ടിക്കോര ഒരു ചരിത്ര കഥാപാത്രമല്ല; മറിച്ച്, നോവലിസ്റ്റ് മെനെഞ്ഞെടുത്ത ഒരു ഫാന്റസി കഥാപാത്രം മാത്രമാണ്. ചരിത്രശകലങ്ങളും ഭാവനയും കൂട്ടിക്കുഴച്ചാണ് നോവലിസ്റ്റ് ഈ കഥാപാത്രത്തിന് ജീവൻ നൽകിയിരുന്നത്. ഒരു നോവലിസ്റ്റ് എന്ന നിലയിൽ സി.വി. രാമൻപിള്ള ചരിത്രത്തെ നോക്കി കാണുന്നത് പോലെയല്ല ഉത്തരാധുനിക നോവലിസ്റ്റുകൾ ചരിത്രത്തെ ദർശിക്കുന്നത്. ഭൂതകാലചരിത്രം അവർക്ക് സമകാലികകഥയെ വിവരിക്കാനുള്ള ഒരു ഉപകരണം മാത്രമാണ്.

പതിനഞ്ച് - പതിനാറ് നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന കുന്നംകുളത്തുകാരനായ ഒരു കഥാപാത്രമാണ് ഇട്ടിക്കോര. അക്കാലത്തെ ആഗോളപ്രശസ്തനായ ഒരു കുരുമുളക് വ്യാപാരിയും കപ്പലോട്ടക്കാരനുമായ ഇട്ടിക്കോരക്ക് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി പതിനെട്ടു ഭാര്യമാരിൽ എഴുപത്തിയൊമ്പതു മക്കളുണ്ടായി. അവരുടെ തലമുറയാണ് പിന്നീട് പതിനെട്ടാംകൂറ്റുകാർ എന്നറിയപ്പെട്ടത്. പതിനെട്ടാംകൂറ്റുകാർ രഹസ്യമായി നടത്തുന്ന ചില വിചിത്രകർമ്മങ്ങളുണ്ട്. ആകെ വരുമാനത്തിന്റെ പത്തിലൊന്ന് കോരപ്പണമായി കോരപ്പാപ്പാന് സമർപ്പിക്കണം. വയസ്സറിയിച്ച യുവതികളെ വിചിത്രമായ ചടങ്ങുകളിലൂടെ (ഹൈപേഷ്യയുടെ മരണവുമായി ബന്ധമുള്ള) കോരയ്ക്കു സമർപ്പിക്കുന്നു. പതിനെട്ടാം കൂറ്റുകാർ പുറമേയ്ക്ക് ക്രിസ്ത്യാനികളാണെങ്കിലും അവർക്ക് കാതലായ ദൈവവിശ്വാസമില്ല അവരുടെ ദൈവം കോരപ്പാപ്പനാണ്.

നാടോടിക്കഥകളുടെയും നാട്ടുപുരാണങ്ങളുടെയും ശൈലികൾ നോവലിൽ കടന്നുവരുന്നുണ്ട്. സ്വർഗ്ഗത്തിലെ കുരുമുളക് ഭൂമിയിലേക്ക് കോരപ്പാപ്പൻ കൊണ്ടുവന്നതിനെക്കുറിച്ചുള്ള 'മുളക്പുരാണം' കണ്ടംകോരൻ വിവരിക്കുന്നതിൽ ഈ നാടോടിശീലകളും കെട്ടുകഥകളുടെ തനിമയും നോവലിസ്റ്റ് ഉപയോഗപ്പെടുത്തിയിരിക്കുന്നു. "പിന്നെ സംശണ്ടോ, കഴിഞ്ഞ ക്രിസ്മസ് രാത്രീല് ഞങ്ങള് നേരിട്ട് കണ്ടതല്ലേ. പാതിരാത്രിയായപ്പോ അടുപ്പൂട്ടി മാളികയുടെ മോളിലൊരു നക്ഷത്രം. ആ നക്ഷത്രത്ത്ന്ന് പറക്കണ വെള്ളക്കുതിരേടെ പൊറത്ത് ദൈവം താഴത്തേക്ക് എറങ്ങിവന്നു. വന്നൊടനെ 'എവട്യാണ്ടാ ന്റെ മോൻ ഇട്ടിക്കോര'ന്നാ മൂപ്പരുടെ ചോദ്യം. മാപ്ലേര് ഓടി മുമ്പില് ചെന്നുനിന്നു. ദൈവം മാപ്ലേരെ കെട്ടിപ്പിടിച്ച് നെറ്റിയിലൊരു ഉമ്മകൊടുത്ത് ആകാ

ശത്തേക്കന്നെപോയി"[2] എന്ന് ഇട്ടിക്കോരയുടെ കഥ ചിരുതേയിയോട് കണ്ടംകോരൻ വിവരിക്കുമ്പോൾ കോരപ്പാപ്പാന്റെ ഫാന്റസി വെളിച്ചം കാണുന്നു.

'ഫ്രാൻസിസ് ഇട്ടിക്കോര' ഒരുതരത്തിൽ ഒരു ഉപജാപ (conspiracy) കഥയാണ്. പരസ്പരബന്ധമില്ലാത്ത സംഭവങ്ങളെ കൂട്ടിച്ചേർത്തുകൊണ്ട് നിഗൂഢതയുടെയും രഹസ്യത്തിന്റെയും വിശ്വസനീയമായ ഒരു കഥ മെനഞ്ഞെടുക്കുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത. യാഥാർത്ഥചരിത്രവുമായി അവയ്ക്ക് ബന്ധമുണ്ടാകണമെന്നില്ല. മിത്തും ഐതിഹ്യങ്ങളും ഫാന്റസികളും ഇത്തരം ഉപജാപകഥയുടെ ഉപാധികളാണ്. ഭൂതകാലചരിത്രത്തെ സമകാലിക ചരിത്രവുമായി ബന്ധിപ്പിക്കാനാണ് ടി.ഡി. രാമകൃഷ്ണൻ ശ്രമിക്കുന്നത്. ഇവിടെ മിത്തും ഫാന്റസിയും കെട്ടുകഥകളുമെല്ലാം കഥ മെനയുന്നതിന് നോവലിസ്റ്റിനെ സഹായിക്കുന്ന ഘടകങ്ങളാണ്. ആധുനികചരിത്രം പ്രാചീനചരിത്രത്തിന്റെ പദ്ധതിയായി നോവലിൽ അവതരിപ്പിക്കപ്പെടുന്നു. ലോകത്തെ മുഴുവൻ നിയന്ത്രിക്കുന്ന ഒരു പ്രത്യേക സംഘം (പതിനെട്ടാംകൂറ്റുക്കാർ) ഉണ്ടെന്ന ഉപജാപബോധം വായനക്കാരിൽ വളർത്തുന്നു. സാങ്കേതികവിദ്യയുടെ ഉപയോഗത്തിനും സമകാലിക പ്രശ്നങ്ങളുടെ അവതരണത്തിനും പുറമേ ആധുനികഫാന്റസികളുടെ ഉപയോഗവും ഇവിടെ നിലനിൽക്കുന്നു.

വ്യാജരേഖകളുടെ നിർമ്മാണം നോവലിലെ ചരിത്രത്തിന്റെ ആധികാരികത ഊട്ടിയുറപ്പിക്കുകയാണ്. യാഥാർത്ഥ്യമെന്ന് തോന്നിപ്പിക്കും വിധം നോവലിൽ കടന്നുവരുന്ന ധാരാളം സാങ്കല്പിക പ്രമാണങ്ങളും എഴുത്തുകാരുമുണ്ട്. ഹഷിമോട്ടോ മൊറിഗാമി എഴുതിയ ഗണിതശാസ്ത്ര സംബന്ധമായ ബ്ലോഗുകളും 'The true story of hypastia' എന്ന ഇസബെല്ല സ്വാന്റെ രചനയും കെ. പൊറിഞ്ചു. ബി.എ എഴുതിയ 'നക്ഷത്രക്കോര അഥവാ ഇട്ടിക്കോര എന്ന നാവിക'നും ഇട്ടിക്കോര എഴുതിയതെന്ന് കരുതപ്പെടുന്ന 'കോരയുടെ സുവിശേഷം', 'കോരയുടെ ജേർണൽ'ലും ക്ലോത് ആന്ദ്രേ എഴുതിയ ലേഖനങ്ങളും 'അടുപ്പൂട്ടിപടിയോല' എന്ന പുരാരേഖയുമെല്ലാം നോവലിസ്റ്റിന്റെ ആഖ്യാനതന്ത്രങ്ങളാണ്.

അതിമാനുഷികനായ ഒരു ഫാന്റസി കഥാപാത്രം തന്നെയാണ് ഫ്രാൻസിസ് ഇട്ടിക്കോര. 'സൂസന്ന' എന്ന ആറാം അധ്യായത്തിൽ, സൂസന്ന, തന്നെ കോരയ്ക്കു കൊടുത്തപ്പോഴുണ്ടായ ഭീതിപ്പെടുത്തുന്നതും ആനന്ദപ്രദവുമായ അനുഭവത്തെ വിവ

രിക്കുന്നുണ്ട്. നിലവറയിലെ രഹസ്യം പുറത്ത് പറയരുതെന്നാണ് പതിനെട്ടാംകൂറ്റുകാരുടെ നിയമമെങ്കിലും മദ്യത്തിന്റെ ലഹരിയിലാണ് സൂസന്ന ഇതെല്ലാം വെളിപ്പെടുത്തുന്നത്. കോരപ്പാപ്പാന്റെ അമാനുഷികത്വം സൂസന്നയുടെ വാക്കുകളിലുണ്ട്. ഇവിടെ ഫാന്റസിയും ഫിക്ഷനുമെല്ലാം കുഴഞ്ഞുമറിഞ്ഞു കിടക്കുന്നു. പതിനെട്ടാംകൂറ്റുകാരുടെ നിലവറയനുഭവങ്ങൾക്ക് ഒരു ഫാന്റസിയനുഭവം കൈവരുന്നുണ്ട്.

ചരിത്രത്തെയും യാഥാർത്ഥ്യങ്ങളെയും ഇട്ടിക്കോര നിരാകരിക്കുന്നു. നക്ഷത്രക്കോര, കോരപ്പണം, കോരപ്പൂട്ട് തുടങ്ങിയ ശാഖകളിലൂടെ ഒരു ബൃഹത്താഖ്യാനമായി വികസിക്കുന്ന ഇട്ടിക്കോരയുടെ മിത്ത് ഭൗതിക യാഥാർത്ഥ്യങ്ങളെ പ്രതിഫലിപ്പിക്കുന്നുണ്ടെങ്കിലും അതിനേക്കാളേറെ മറച്ചുവെക്കാനും ശ്രമിക്കുന്നുണ്ട്. കരിമ്പുലിയായി മാനത്തേക്ക് ഉയർന്നുപോയി എന്ന് പതിനെട്ടാംകൂറ്റുകാർ വിശ്വസിക്കുന്ന അവരുടെ കോരപ്പാപ്പൻ തികച്ചും ഒരു ഫാന്റസിയുടെ പരിപ്രേക്ഷ്യമായി മാറുന്നു.

ബൃഹത്തായ ബിബ്ലിക്കൽ സാധ്യതകളെയും ക്രിസ്ത്യൻ മതതത്വങ്ങളെയും ആസ്പദമാക്കി രചിക്കപ്പെട്ട ഉത്തരാധുനികനോവൽ കൂടിയാണ് 'ഫ്രാൻസിസ് ഇട്ടിക്കോര.' 'കത്തോലിക്കാസഭയുടെ മതാത്മക ജ്ഞാനാധികാര/ആധിപത്യത്തെ തകർക്കുകയും അതേസമയം ശാസ്ത്രീയമായ അറിവധികാരത്തിന്റെ കേരളീയ ബ്രാഹ്മണിക്കൽ അധീശത്വത്തെ കൃത്യമായി പൊളിക്കുകയും ചെയ്യുന്നുണ്ട് ഫ്രാൻസിസ് ഇട്ടിക്കോര എന്ന പ്രാദേശിക-ആഗോള ക്രിസ്ത്യൻ മിത്ത്.'[3] ഉത്തരാധുനിക മലയാളനോവലുകളിൽ സവിശേഷ സ്ഥാനം അർഹിക്കുന്ന നോവലാണ് ടി.ഡി. രാമകൃഷ്ണന്റെ 'ഫ്രാൻസിസ് ഇട്ടിക്കോര.' മിത്തും ചരിത്രവും ഫാന്റസിയും ശാസ്ത്രവും ഇടകലർത്തി വരേണ്യവർഗ്ഗം കൈയേറിവച്ച ചരിത്രപാഠങ്ങളെയും നിലവിൽ ഉണ്ടായിരുന്ന ഫിക്ഷൻ ധാരണകളെയും തിരുത്തിയെഴുതുന്ന നോവലായി ഫ്രാൻസിസ് ഇട്ടിക്കോര മാറുന്നു.

## 5. സുഗന്ധി എന്ന ആണ്ടാൾ ദേവനായകി

രണ്ടായിരത്തിപ്പതിനാലിൽ ഡി.സി ബുക്സ് പ്രസിദ്ധീകരിച്ച ടി.ഡി. രാമകൃഷ്ണന്റെ നോവലാണ് 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി.' ശ്രീലങ്കൻ- തമിഴ് വിമോചനപോരാട്ട ചരിത്രം വിഷയമായി വരുന്ന ഈ നോവൽ പ്രമേയം കൊണ്ടും ആഖ്യാനരീതി കൊണ്ടും നവീനതലം സ്പർശിക്കുന്നു. ശ്രീലങ്കൻചരിത്രത്തിൽ കുറിക്കപ്പെട്ടിട്ടുള്ള

മനുഷ്യവകാശപ്രവർത്തകയും വിപ്ലവകാരിയും ഫെമിനിസ്റ്റുമായ ഡോക്ടർ രജനി തിരുണഗാമയുടെ ജീവിതകഥയാണ് നോവൽരചനയ്ക്ക് പ്രേരണയായിത്തീരുന്നത്. മിത്ത്, റിയാലിറ്റി, ഫിക്ഷൻ എന്നിവ ഇഴ കലർന്ന ഒരു മാജിക്കൽ രചന എന്ന നിലയിൽ 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി' ഒരു മികച്ച നോവൽ ശിൽപമായി മാറുന്നു.

കെ. സച്ചിദാനന്ദന്റെ 'ആണ്ടാൾ പ്രണയത്തെക്കുറിച്ച് സംസാരിക്കുന്നു' എന്ന കവിതയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട ഈ നോവൽ അധികാരാധിപത്യത്താൽ തകർന്ന മൂന്ന് സ്ത്രീകളുടെ ജീവിതത്തെ ചരിത്രപരമായ വസ്തുതകളോടും മിത്തുകളോടും ഫിക്ഷനോടും സമന്വയിപ്പിക്കുന്നു. ശ്രീലങ്കയിലെ അക്രമചരിത്രത്തെക്കുറിച്ച് നോവൽ കൃത്യമായ വിവരണം നൽകുന്നു. രചയിതാവ് ഈ നോവൽ സമർപ്പിച്ചിരിക്കുന്നത് സിംഹളവർഗീയതയ്ക്കെതിരെയും എൽ.ടി.ടി.ഇയുടെ സങ്കുചിത ദേശീയതക്കെതിരെയും സംസാരിക്കാൻ ധൈര്യം കാണിച്ച ഒരു ആക്ടിവിസ്റ്റായ ഡോക്ടർ രജനി തിരണഗാമയ്ക്കാണ്. ആയിരത്തിത്തൊള്ളായിരത്തി എൺപത്തിയൊമ്പതിലെ രജനിയുടെ കൊലപാതകമാണ് നോവലെഴുതാൻ അദ്ദേഹത്തിന് പ്രേരണയായത്.

## 6. നോവൽ പ്രമേയം

ശ്രീലങ്കൻ സർക്കാരിന്റെ ആവശ്യപ്രകാരം 'women behind the fall of tigers' എന്ന സിനിമ നിർമ്മിക്കാനായി ഒരു സംഘം കൊളംബോ നഗരത്തിൽ എത്തുന്നു. തിരക്കഥാകൃത്ത് പീറ്റർ ജീവാനന്ദം, സംവിധായകൻ ക്രിസ്റ്റി ആൽബർട്ടോ, ഛായഗ്രാഹക മേരി ആൻ, നിർമ്മാതാക്കളിൽ ഒരാളായ ടോണി ബർണാഡ് എന്നിവർ അടങ്ങുന്നതാണ് ഈ സംഘം. പീറ്റർ ജീവാനന്ദത്തിന്റെ കാഴ്ചപ്പാടിലൂടെ നോവൽ പുരോഗമിക്കുന്നു. ശ്രീലങ്കൻ സർക്കാരിന്റെ മനുഷ്യാവകാശ ധ്വംസനങ്ങളെ വെള്ളപൂശാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് 'women behind the fall of tigers' എന്ന സിനിമ നിർമ്മിക്കാൻ ഈ സംഘം കൊളംബോയിൽ എത്തുന്നത്. സത്യസന്ധമായി സിനിമ നിർമ്മിക്കുക എന്ന പദ്ധതിയുമായി സിനിമാസംഘം മുന്നോട്ടുപോകുന്നു. തന്റെ മുൻകാമുകിയായ സുഗന്ധിയെ കണ്ടെത്തുക എന്ന ഉദ്ദേശ്യവും പീറ്റർ ജീവാനന്ദത്തിന്റെ വരവിന് പിന്നിലുണ്ട്.

ശ്രീലങ്കൻ പട്ടാളത്തിന്റെ രഹസ്യകേന്ദ്രമായ ഡിവൈൻ പേൾ എന്നറിയപ്പെടുന്ന ജയിലിൽ നിന്നും സിനിമാനിർമ്മാണത്തിന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നത് ചിത്രീകരിച്ചു കൊണ്ടാണ് നോവൽ ആരംഭിക്കുന്നത്. സുഗന്ധിയെക്കുറി

ച്ചുള്ള പീറ്ററിന്റെ അന്വേഷണങ്ങൾ 'ഈഴത്തച്ചി' എന്ന തൂലിക നാമത്തിൽ സുഗന്ധി എഴുതിയ 'ഒരു പെൺ പോരാളിയിൻ വാഴ്കൈ കുറിപ്പുകൾ'എന്ന ആത്മകഥയിലേക്ക് എത്തിക്കുന്നു.

കൊളംബോ യൂണിവേഴ്സിറ്റിയിലെ തമിഴ് പ്രൊഫസറായ രത്തിന സഭാപതി യുടെയും കാസിൽ സ്ട്രീറ്റ് ഹോസ്പിറ്റലിലെ ഗൈനക്കോളജിസ്റ്റ് കനകവല്ലി യുടെയും മകളാണ് സുഗന്ധി. സുഗന്ധിക്കു മൂന്നു വയസ്സുള്ളപ്പോൾ ആയിര ത്തിത്തൊള്ളായിരത്തി എൺപത്തിമൂന്ന് ജൂലൈ ഇരുപത്തിനാലിന് നടന്ന ആക്രമണ ത്തിൽ മാതാപിതാക്കളും സഹോദരങ്ങളും കൊല്ലപ്പെടുന്നു. അഭയാർത്ഥിക്യാമ്പിൽ നിന്ന് സുഗന്ധിയെ അമ്മാവനായ കുമരവേൽ ഇംഗ്ലണ്ടിലേക്ക് കൂട്ടിക്കൊണ്ടുപോവു കയും മകളെപ്പോലെ വളർത്തുകയും ചെയ്യുന്നു. തമിഴ് ദേശീയതയോട് കൂറുപുലർ ത്തിയിരുന്ന അവൾ ഇയക്കത്തിന്റെ പ്രവർത്തനങ്ങളിൽ സജീവമാകുന്നു.

ഒൻപതു വർഷങ്ങൾക്കു മുൻപ്, ശ്രീലങ്കൻ തമിഴ് പോരാളികളിലെ വീരനായിക യായ രജനി തിരുണഗാമയുടെ ജീവിതത്തെ ആസ്പദമാക്കി ഒരു സിനിമ നിർമ്മിക്കുന്ന തിനായി പീറ്റർ ജാഫ്നയിലെത്തിയിരുന്നു. രജനി തിരുണഗാമയുടെ വേഷം അഭിനയി ക്കാനായി പുലികൾക്കിടയിൽ നിന്നും സുഗന്ധിയെ പീറ്റർ കണ്ടെത്തി. എന്നാൽ തമിഴ് പുലികളുടെ തീവ്രവാദപരമായ പദ്ധതികളിലും നിഗൂഢ നീക്കങ്ങളിലും സംശയാലു വായി സിനിമാസ്വപ്നം ഉപേക്ഷിച്ച് പീറ്ററിന് മടങ്ങേണ്ടി വന്നു. വർഷങ്ങൾക്ക് ശേഷം മുടങ്ങിപ്പോയ ആ സിനിമ സർക്കാരിന് അനുകൂലമായ വിധത്തിൽ നിർമ്മിക്കാനാണ് ശ്രീലങ്കൻ ഗവൺമെന്റ് ഈ സിനിമാ സംഘത്തെ നിയോഗിച്ചിരിക്കുന്നത്.

സിനിമയുടെ തിരക്കഥാരചനയ്ക്ക് സഹായകരമാകുമെന്നതിനാൽ സിനിമാ സംഘം സുഗന്ധിയെക്കുറിച്ചുള്ള കൂടുതൽ അന്വേഷണങ്ങളിലേക്ക് കടക്കുന്നു. പാരീ സിലെ ശ്രീലങ്കൻ അഭയാർത്ഥികളുടെ രഹസ്യസംഘടന നടത്തുന്ന 'കറുപ്പ്' എന്ന മാസികയുടെ വെബ്സൈറ്റിൽ 'ദേവനായകിയിൻ കതൈ' എന്ന മീനാക്ഷി രാജര ത്തിനം എഴുതിയ കുറിപ്പ് സിനിമാസംഘത്തിന്റെ ശ്രദ്ധയിൽപ്പെടുന്നു. സംഘകാലഘട്ട ത്തിൽ ജീവിച്ചിരുന്ന സുഗന്ധി എന്ന ആണ്ടാൾ ദേവനായകിയുടെ കഥയാണ് ആ കുറി പ്പിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ചേരസാമ്രാജ്യത്തിന്റെ സാമന്തരാജ്യമായിരുന്ന കാന്ത ളൂർ പ്രദേശത്തെ സൈനികമേധാവിയായ പെരിയകോയിക്കന്റെ മകളാണ് ദേവനാ യകി. നൃത്തത്തിലും സംഗീതത്തിലും കാമശാസ്ത്രത്തിലും അർത്ഥശാസ്ത്രത്തിലും

ആയോധനമുറകളിലും ഒരുപോലെ പ്രാവീണ്യം നേടിയിരുന്ന ദേവനായകിയെ കാന്ത ളളൂർ രാജാവായ മഹേന്ദ്രവർമ്മൻ തന്റെ റാണിമാരിലൊരാളായി സ്വീകരിക്കുന്നു. രാജ്യഭരണത്തിൽ ദേവനായകി മഹേന്ദ്രവർമ്മനെ സഹായിച്ചു. മേൽക്കുമേൽ കാന്തളളൂ രിന്റെ പ്രശസ്തി വർധിച്ചുവന്നു. സമ്പൽസമൃദ്ധമായ കാന്തളളൂരിനെ ആക്രമിക്കാൻ എത്തിയ ചോളമന്നനു മുന്നിൽ മഹേന്ദ്രവർമ്മന് കീഴടങ്ങേണ്ടിവന്നു. ശേഷം ദേവനായ കിക്ക് എന്ത് സംഭവിച്ചു എന്നതിനെക്കുറിച്ച് പ്രചരിച്ച വ്യത്യസ്തങ്ങളായ കഥകൾ 'ദേവ നിയകിയിൻ കതൈയി'ൽ പരാമർശിക്കുന്നുണ്ട്. ചോളപ്പടയുടെ പിടിയിൽ നിന്നും രക്ഷപ്പെട്ട് ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ എത്തിയ ദേവനായകി തിരുപ്പാവേ പാടി നൃത്തം ചെയ്ത് മോക്ഷം വരിച്ചതായി വിശ്വസിക്കുന്നതാണ് ഒന്നാമത്തെ കഥ. അങ്ങനെ അവൾ ആണ്ടാൾ ദേവനായകിയായി അറിയപ്പെടുകയും ജ്ഞാനസരസ്വതി യായി ആരാധിക്കപ്പെടുകയും ചെയ്തുപോന്നു എന്ന് കരുതപ്പെടുന്നു.

ചോളപ്പടയിൽ നിന്നും രക്ഷപ്പെട്ട ദേവനായകി ശ്രീപദ്മനാഭന്റെ മുൻപിൽ നൃത്തമാടി മോഹാലസ്യപ്പെട്ടു വീണു. അവളുടെ സൗന്ദര്യത്തിൽ ആകൃഷ്ടരായ ക്ഷേത്രം കാവൽക്കാർ സമീപത്തെ വനത്തിൽ വച്ച് അവളെ ഭോഗിക്കാൻ ശ്രമിക്കുകയും മോഹാ ലസ്യത്തിൽ നിന്നുണർന്ന അവളുടെ നിലവിളി കേട്ട് അവിടെ എത്തിയ താണുമലയൻ എന്ന സന്യാസി അവളെ ആ കാപാലികൻമാരിൽ നിന്നും രക്ഷിക്കുകയും ചെയ്തു. തന്നെ വശീകരിക്കാൻ എത്തിയ അപ്സരസാണ് എന്ന് കരുതി താണുമലയൻ ദേവനാ യകിയെ ശപിക്കുന്നുണ്ടെങ്കിലും അവളുടെ സൗന്ദര്യത്തിൽ ആകൃഷ്ടനായി അവളെ പത്നിയായി സ്വീകരിക്കുന്നു. ശാപഫലമായി പൂർവ്വകാലജീവിതം മുഴുവനും മറ ന്നുപോയ അവൾ അനസൂയ എന്ന പേരിൽ താണുമലയനോടൊപ്പം ജീവിതം തുട രുന്നു. അവരുടെ സന്തതി പരമ്പരയാണ് കുറുവവംശം എന്നും പിൽക്കാലത്ത് താണു മലയനെയും അനസൂയയെയും ആര്യവത്കരിച്ച് അത്രിമഹർഷിയായും അനസൂയ യായും മാറ്റിയെന്നുമാണ് രണ്ടാമത്തെ കഥ.

ദേവനായകിയുടെ അന്ത്യത്തെപ്പറ്റി പ്രചരിച്ച മൂന്നാമത്തെ കഥ ഇപ്രകാരമാണ്: ചോളപ്പട കാന്തല്ലൂർ പിടിച്ചടക്കിയതിനു ശേഷം കാന്തളൂർ മന്നനെ ക്രൂരമായി മർദ്ദിക്കു കയും തൂക്കിലേറ്റുകയും ചെയ്തു. ദേവനായകിയെ മഹേന്ദ്രവർമ്മന്റെ മുൻപിൽ വച്ച് ബലാത്സംഗം ചെയ്യ്തു പീഡിപ്പിച്ചു. പ്രതികാരരൂപംപൂണ്ട ദേവനായകി ഉഗ്രരൂപിണി യായി ചോളസേനാപതിയെയും സേനാംഗങ്ങളെയും കൊന്നു തിന്നു. രക്തവും മാംസവും ഭക്ഷിച്ച അമാനുഷികശക്തിയുള്ള ഉഗ്രരൂപിണിയായി മാറിയ ദേവനായകി

യുടെ കഥ പിൽക്കാലത്ത് കള്ളിയങ്കാട്ടുനീലി എന്ന യക്ഷിയുടെ പുരാവൃത്തമായി പ്രചരിച്ചു.

'ദേവനായകിയിൻ കതൈ' എന്ന മീനാക്ഷി രാജരത്തിനത്തിന്റെ കുറിപ്പിലെ ഈ കഥ ടി.ഡി. രാമകൃഷ്ണന്റെ നോവലിന് ചരിത്രപുരാവൃത്തപശ്ചാത്തലം നൽകുന്നു. രണ്ടായിരത്തിയൊന്നിൽ സിഗിരിയയിൽ നിന്ന് കണ്ടെടുക്കപ്പെട്ട 'സുസാന സുപിന' (സ്വപ്നങ്ങളുടെ ശ്മശാനം) എന്ന പാലിഭാഷയിൽ എഴുതപ്പെട്ട ഗ്രന്ഥത്തിൽ ദേവനായ കിയുടെ അന്ത്യത്തെക്കുറിച്ചുള്ള കഥ മറ്റൊരു തരത്തിൽ ആഖ്യാനം ചെയ്യപ്പെടുന്നുണ്ട്. 'ദേവനായകിയിൻ കതൈ'യുടെ ഒന്നാം ഭാഗത്തിൽ വിവരിച്ച ദേവനായകിയുടെ അന്ത്യത്തെക്കുറിച്ച് പ്രചാരത്തിലുള്ള കഥകൾക്കു പുറമെയാണ് രണ്ടാം ഭാഗത്തിൽ 'സുസാന സുപിന'യിലെ കഥ വിവരിക്കുന്നത്:

മണ്ണും പെണ്ണും പോരിൽ ജയിച്ചവന്റേതാണെന്ന വിശ്വാസത്തിൽ ദേവനായകി കാന്തളൂർ ആക്രമിച്ച് കീഴ്പ്പെടുത്തിയ രാജരാജചോളന്റെ പത്നിയായിത്തീരുന്നു. രാജ്യഭരണത്തിൽ ദേവനായകിയുടെ ഉപദേശം രാജരാജചോളന് സഹായകരമായി തീരുന്നു. രാജരാജചോളൻ സിംഹളരാജ്യം ആക്രമിച്ച് കീഴടക്കിയതോടെ സിംഹളരാജാ വായിരുന്ന മഹീന്ദൻ വനത്തിനുള്ളിലെ ഒളിസങ്കേതത്തിലേക്ക് പിൻവാങ്ങുന്നു. വിജയ ശ്രീലാളിതനായി ചോളരാജൻ തഞ്ചാവൂരിലേക്ക് മടങ്ങിയെത്തുമ്പോഴേക്കും ദേവനാ യകി കൂവേണി എന്ന മകൾക്ക് ജന്മം നൽകിയിരുന്നു. ദേവനായകിയും കുഞ്ഞും തിരു വാരൂരിലെ പുതിയ കൊട്ടാരത്തിലേക്ക് താമസം മാറ്റി. സാഹിത്യം, സംഗീതം, നൃത്തം, രാജതന്ത്രം, തത്വശാസ്ത്രം, തുടങ്ങിയ എല്ലാ മേഖലകളുടെയും കേന്ദ്രമായി തിരുവാ രൂർ പ്രശസ്തിയാർജ്ജിച്ചു.

അനുരാധാപുരം കീഴടക്കിയ രാജരാജചോളനോട് പ്രതികാരം ചെയ്യാൻ തക്കം പാർത്തിരുന്ന മഹീന്ദൻ ബാലികയായ കൂവേണിയെ തട്ടിക്കൊണ്ടു പോവുകയും അതി ക്രൂരമായി ലൈംഗികപീഡനം നടത്തി കൊലപ്പെടുത്തുകയും ചെയ്യുന്നു. മഹീന്ദനോട് പ്രതികാരം ചെയ്തു പകരം വീട്ടാൻ ദേവനായകി കാത്തിരുന്നു. തിരുവാരൂ രിലെ വൈജ്ഞാനികകേന്ദ്രത്തിന്റെ ഭരണ ചുമതലയേറ്റ ചോളസാമ്രാജ്യത്തിന്റെ പിൻ ഗാമിയും രാജരാജചോളന്റെ മകനുമായ രാജേന്ദ്രചോളനുമായി ദേവനായകി പ്രണയ ത്തിലാകുന്നു. ശില്പവിദ്യയിൽ പ്രാവീണ്യനായ രാജേന്ദ്രൻ ദേവനായകിയുടെ പ്രതിച്ഛാ

യയിൽ ജ്ഞാനസരസ്വതി ശില്പം പണിതീർക്കുന്നു. മഹീന്ദനോട് പ്രതികാരം ചെയ്യുന്ന തിനായി ദേവനായകിയെ സഹായിക്കാൻ രാജേന്ദ്രചോളൻ തയ്യാറാകുന്നു.

ലങ്കയിലെ മഹീന്ദന്റെ സിഗിരിയ എന്നറിയപ്പെടുന്ന ഒളിസങ്കേതത്തിൽ തന്ത്ര പൂർവ്വം എത്തിപ്പെട്ട ദേവനായകി തന്റെ സൗന്ദര്യവും ബുദ്ധിസാമർത്ഥ്യവും തന്ത്രനൈപുണ്യവും കൊണ്ട് മഹീന്ദനെ വശീകരിച്ച് നിയന്ത്രണത്തിലാക്കുന്നു. തന്ത്ര ത്തിൽ മഹീന്ദനെ വധിക്കാനായിരുന്നു ദേവനായകിയുടെ പദ്ധതി. എന്നാൽ സിഗിരി യയിൽ എത്തിച്ചേർന്ന നിശാങ്കവജ്രൻ എന്ന ബുദ്ധസന്യാസിയിൽ നിന്ന് താന്ത്രികാനു ഷ്ഠാനങ്ങളും ബുദ്ധമതദർശനവും അഭ്യസിക്കുന്ന ദേവനായകി പരമമായ സത്യം സ്നേഹമാകുന്നു എന്ന ബുദ്ധമതസങ്കല്പം ഉൾക്കൊള്ളുന്നു. അതോടെ പ്രതികാരേച്ഛ കെട്ടടങ്ങിയ അവൾ അഹിംസയുടെ പാത തിരഞ്ഞെടുക്കുന്നു. എന്നാൽ തന്നെ വധി ക്കാനാണ് ദേവനായകി വന്നിരിക്കുന്നതെന്ന് ഇതിനോടകം മനസ്സിലാക്കിയ മഹീന്ദൻ അവളുടെ രണ്ടു മുലകളും ഛേദിച്ച് അവളെ വധിക്കാൻ ഒരുമ്പെടുന്നു. താന്ത്രികാനു ഷ്ഠാനങ്ങൾ അഭ്യസിച്ച ദേവനായകി അമാനുഷിക ചൈതന്യം പൂണ്ട് ആകാശത്തോളം വളർന്ന് വലുതായി ഒരു കാൽ സിഗിരിയയിലും മറ്റേ കാൽ ശ്രീപാദമലയിലും ചവിട്ടി ആകാശത്തിലൂടെ നടന്നു പോയി. ഛേദിക്കപ്പെട്ട അവളുടെ രണ്ടു മുലകൾ പ്രകാശി ക്കുന്ന രണ്ട് നക്ഷത്രങ്ങളായി ആകാശത്തേക്ക് ഉയർന്നു.

രാജേന്ദ്രചോളൻ സിഗിരിയ ആക്രമിച്ച് കീഴ്പ്പെടുത്തി മഹീന്ദനെ തടവുകാരനാ ക്കുന്നു. ആകാശത്തേക്ക് ഉയർന്നുപോയ ദേവനായകി രാജേന്ദ്രചോളനും ത്രിവല്ലഭബു ദ്ധനാർക്കും മുന്നിൽ ഒരു ബുദ്ധഭിക്ഷുവിന്റെ വേഷത്തിൽ പ്രത്യക്ഷപ്പെട്ടു. ദേവനായകി യുടെ അനുവാദത്തോടെ ശ്രീവല്ലഭബുദ്ധനാർ പാലി ഭാഷയിൽ ‘സുസാന സുപിന’ എന്ന പേരിൽ ദേവനായകിയുടെ കഥ രചിക്കുന്നു. മനുഷ്യന്റെ ദു:ഖങ്ങൾക്ക് ഹേതു വായ ആഗ്രഹങ്ങളിൽ നിന്നു ജീവിതത്തെ മോചിപ്പിക്കുമ്പോൾ മനുഷ്യജീവിതത്തിന് സന്തോഷം കൈവരും എന്ന സന്ദേശം പകുവയ്ക്കാനാണ് ‘സുസാന സുപിന’ രചി ക്കപ്പെട്ടത്. ദേവനായകിയുടെ ഈ മിത്തിനെ രജനി തിരണഗാമയുടെ ജീവിതവുമായി ബന്ധപ്പെടുത്തി സിനിമയുടെ തിരക്കഥ പരിഷ്കരിക്കാൻ പീറ്ററും സംഘവും തീരുമാനി ക്കുന്നു.

‘No More Tears Sister’എന്ന രജനി തിരുരണഗാമിയെക്കുറിച്ചുള്ള ഡോക്യുമെന്ററി ചില സുപ്രധാന വിവരങ്ങൾ നൽകുന്നു. ഈ ഡോക്യുമെന്ററിയുടെ പ്രദർശനത്തിന്

നേതൃത്വം നൽകുന്ന പൂമണി സെൽവനായകം എന്ന മെഡിസിൻ വിദ്യാർത്ഥിനിയെ ഏകാധിപത്യ ഭരണരാഷ്ട്രീയത്തിലെ പട്ടാളമേധാവി (സിംഹം) ലൈംഗികപരമായി ശിക്ഷിക്കുന്നു. എന്നാൽ തന്ത്രപൂർവ്വം അവൾ അയാളെ കൊലപ്പെടുത്തുന്നു. ഈ വിധം സിംഹത്താൽ ശിക്ഷിക്കപ്പെട്ട സ്ത്രീകളിൽ ഒരാളാണ് ജൂലിയറ്റ്. സിംഹത്തിന്റെ മരണത്തോടെ ധൈര്യം അവലംബിച്ച അവൾ പീറ്ററിനും സംഘത്തിനും വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്. ഇതിനിടയിൽ ശ്രീലങ്കൻ ഭരണകൂടത്തിനെതിരായി പ്രവർത്തിക്കുന്ന സേവ് ശ്രീലങ്ക ഫ്രം ഫാസിസം (എസ്.എസ്.എഫ്) എന്ന സംഘടനയുമായി ബന്ധപ്പെടുന്ന പീറ്റർ, മീനാക്ഷി രാജരത്തിനത്തെക്കുറിച്ചുള്ള വിവരങ്ങൾ മനസ്സിലാക്കുന്നു. രണ്ട് കൈകളും അറുത്തു മാറ്റപ്പെട്ട്, മുഖത്ത് ആസിഡ് ഒഴിച്ച് വികൃതമാക്കപ്പെട്ട നിലയിൽ സ്കൈപ്പിലൂടെ പ്രത്യക്ഷപ്പെട്ട മീനാക്ഷി രാജരത്തിനം ശ്രീലങ്കൻ ഭരണകൂടത്തിന്റെ ക്രൂരതകളെ വെളിവാക്കുന്നു.

സിനിമാപ്രവർത്തനങ്ങൾക്കും ചരിത്രാന്വേഷണങ്ങൾക്കും ഇടയിൽ ജൂലിയറ്റും പീറ്ററും പരസ്പരം പ്രണയിക്കുകയും പീറ്ററിനാൽ ജൂലിയറ്റ് ഗർഭം ധരിക്കുകയും ചെയ്തു. ആ സാഹചര്യത്തിൽപ്പോലും യുദ്ധത്തിന്റെയും ആഭ്യന്തര കലാപങ്ങളുടെയും ഇരയായി മാറിയ ഒരു ലക്ഷത്തിലധികം വരുന്ന ശ്രീലങ്കൻ വിധവകൾക്ക് വേണ്ടി എന്തെങ്കിലും ചെയ്തേ മതിയാവൂ എന്നവർ ആഗ്രഹിക്കുന്നു.

മീനാക്ഷി രാജരത്തിനവുമായുള്ള വീഡിയോ കോൺഫറൻസിൽ താനാണ് സുഗന്ധി എന്ന് മീനാക്ഷി സ്വയം വെളിപ്പെടുത്തുന്നു. ഇയക്കത്തിൽ നിന്ന് പിരിഞ്ഞതിനുശേഷം 'ഈഴത്തച്ചി' എന്ന പേരിലും 'മീനാക്ഷി രാജരത്തിനം' എന്ന പേരിലും കവിതകളും കുറിപ്പുകളും എഴുതിവരുകയായിരുന്നു അവർ. സുഗന്ധി തന്റെ ഈ ഒളിജീവിതത്തിന്റെ കഥ വിവരിക്കുന്നുണ്ട്: പട്ടാളമേധാവികളുടെ കൈയ്യിൽ അകപ്പെട്ട സുഗന്ധിയെ അവർ ക്രൂരമായ ലൈംഗികപീഡനത്തിന് വിധേയമാക്കി. പട്ടാളത്തിന്റെ നിർദ്ദേശങ്ങൾക്ക് വഴങ്ങാത്ത അവളുടെ ഇരുകൈകളും ഛേദിക്കാൻ മേധാവികൾ ഉത്തരവിറക്കുന്നു. എന്നാൽ അവിടെ നിന്നും രക്ഷപ്പെട്ട അവളുടെ കൈകൾ പിന്നീട് ഒരു അജ്ഞാതൻ അറുത്തു മാറ്റുന്നു. മരണത്തെ മുഖാമുഖം കണ്ടുകിടന്നിരുന്ന അവളെ അമ്മയായ മീനാക്ഷി രാജരത്തിനം ജീവിതത്തിലേക്ക് കൂട്ടിക്കൊണ്ടുപോരുന്നു തന്റെ പഴയ കാമുകിയെ ആർദ്രതയോടെയാണ് പീറ്റർ നോക്കിക്കാണുന്നത്.

ശ്രീലങ്കയിൽ വച്ച് നടത്തപ്പെടുന്ന കോമൺവെൽത്ത് ഉച്ചകോടി ഒരു അവസരമായി ഉപയോഗപ്പെടുത്തി പ്രസിഡണ്ടിനെതിരെ പ്രക്ഷോഭം അഴിച്ചുവിടാൻ എസ്.

എസ്.എഫിന്റെ സംഘാടകർ പദ്ധതിയിട്ടു. എന്നാൽ അത് മനസ്സിലാക്കിയ പ്രസിഡന്റ് എസ്.എസ്.എഫിന്റെ പദ്ധതികളെ നിർവീര്യമാക്കി. തുടർന്ന് ശ്രീലങ്കൻ പ്രസിഡന്റും വിദേശ പ്രതിനിധികളും പങ്കെടുക്കുന്ന സമ്മേളനത്തിൽ മിന്നലാക്രമണത്തിലൂടെ വിസ് ഫോടനം നടത്താൻ എസ്.എസ്.എഫ് പ്രവർത്തകർ പദ്ധതി രൂപീകരിച്ചു. അതിനായി നാനോ ടെക്നോളജി ഉപയോഗപ്പെടുത്തുന്നു. സാഹചര്യം അപകടകരമാണെന്ന് മന സ്സിലാക്കിയ ജൂലിയറ്റ് പീറ്ററിനോട് ശ്രീലങ്ക വിടണമെന്ന് നിർബന്ധിച്ചു. ഇതേസമയം സ്ഫോടക വസ്തുക്കൾനിറച്ച കാറുമായി സമ്മേളനത്തിലേക്ക് ഇരച്ചു കയറി വന്ന സുഗന്ധിയെ പട്ടാളം വെടിവെച്ചു. വൻസ്ഫോടനത്തോടെ കാർ പൊട്ടിത്തെറിച്ചു. കൊച്ചിയിലേക്കുള്ള വിമാനം പറന്നുയർന്നപ്പോൾ പീറ്റർ, അമാനുഷികശക്തിവിശേഷ മായി ആകാശത്തിലൂടെ നടന്നുനീങ്ങുന്ന സുഗന്ധിയെ കാണുന്നിടത്താണ് നോവൽ അവസാനിക്കുന്നത്.

## 7. ഫാന്റസിയുടെ അന്തരീക്ഷം: സുഗന്ധി എന്ന ആണ്ടാൾ ദേവനായകി യിൽ

സാഹിത്യം, ചരിത്രം, രാഷ്ട്രീയം എന്നിവയെ ഒരുമിച്ച് ചേർത്ത് അതിൽ ഫാന്റസിയെ കൂടി ഉൾപ്പെടുത്തുമ്പോൾ കഥയ്ക്ക് വിശാലമായ അർത്ഥസാധ്യത കൈവരുന്നു. രണ്ടി യിരത്തിപ്പതിനാലിൽ പ്രസിദ്ധീകരിച്ച ടി.ഡി. രാമകൃഷ്ണന്റെ 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി' മിത്തുകളെ ഉൾക്കൊള്ളുകയും ശ്രീലങ്കൻ സമൂഹമനുഭവിക്കുന്ന സാമൂ ഹികവും രാഷ്ട്രീയവുമായ പ്രതിസന്ധികളെ അനാവരണം ചെയ്യുകയും ചെയ്യുന്നു. തമിഴ് -സിംഹള ചരിത്രവും ഇന്ത്യയും ശ്രീലങ്കയും തമ്മിലുള്ള ബന്ധവും ഭരണാധികാരി കളുടെ രാഷ്ട്രീയതന്ത്രങ്ങളും കുത്തകകളും വഞ്ചന, അട്ടിമറി, പ്രതികാരം എന്നി വയും ഈ നോവലിന്റെ പശ്ചാത്തലമായി വരുന്നു.

ഫാന്റസിയെ ചരിത്രത്തിന്റെ ഇഴകളുമായി കൂട്ടിച്ചേർത്ത് വായിക്കാനുള്ള ശ്രമ മാണ് 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി' എന്ന നോവൽ. പലപ്പോഴും ചരിത്രം മിഥ്യകളെ മെനഞ്ഞെടുക്കുന്നു. അതേസമയം മിത്തുകൾ മനുഷ്യാനുഭവത്തിന്റെ യാഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളുകയും ചെയ്യുന്നുണ്ട്. ഭൂതകാലമിത്തിനെ സമകാലിക രാഷ്ട്രീയസംഭവങ്ങളുമായി ഇഴചേർക്കാനാണ് നോവലിസ്റ്റിന്റെ ശ്രമം. സമകാലിക രാഷ്ട്രീയവും മിത്തും ചരിത്രവും പുതിയ കാഴ്ചപ്പാടിലൂടെ വായിക്കാൻ നോവൽ

വായനക്കാരെ പ്രാപ്തമാക്കുന്നു. മനുഷ്യൻ രൂപപ്പെടുത്തിയെടുത്ത മിത്ത് ചരിത്രത്തെ എങ്ങനെ അടയാളപ്പെടുത്തുന്നു എന്ന് നോവൽ വ്യക്തമാക്കിത്തരുന്നു.

മനുഷ്യൻ എപ്പോഴും കഥകളിൽ ആകൃഷ്ടനായിരുന്നു. ആ കഥകളെ തന്റെ ഭാവനയുപയോഗിച്ച് അവൻ രൂപപ്പെടുത്തി. അത്തരം കഥകൾ പലപ്പോഴും യഥാർത്ഥവും അയഥാർത്ഥവുമായ ലോകങ്ങൾക്കിടയിലേക്ക് ആളുകളെ നയിക്കുന്നു. യുക്തിവിചാരം ഫാന്റസിയെ കേവലം ഒരു കെട്ടുകഥയോ മിഥ്യയോ ആക്കി മാറ്റിനിർത്തി. എന്നാൽ ഒരിക്കൽ ഒരു പ്രത്യേക സമൂഹമോ സംഘമോ അത് സത്യമാണെന്ന് വിശ്വസിച്ചിരുന്നവയാണ്. കേൾവിക്കാരെ ആകർഷിക്കുന്ന വിധം യാഥാർത്ഥ്യങ്ങളെ ചമയിച്ചൊരുക്കലാണ് മിത്ത്. സമൂഹത്തിന്റെ സംസ്കാരത്തെയും ജീവിതരീതികളെയും കുറിച്ചുള്ള സൂക്ഷ്മമായ ധാരണകൾ മിത്ത് ഉൾക്കൊള്ളുന്നു. പലപ്പോഴും ചരിത്രം മാറ്റിനിർത്തുകയോ അവഗണിക്കുകയോ ചെയ്ത അപ്രധാനങ്ങളായ സംഭവങ്ങൾ മിത്തുകളിലൂടെ സംരക്ഷിക്കപ്പെടുന്നു.

ചരിത്രത്തിന്റെയും രാഷ്ട്രീയത്തിന്റെയും മിത്തിന്റെയും അതിസങ്കീർണമായ തലങ്ങളെ ബന്ധിപ്പിക്കുന്നതിലൂടെ 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി' മറ്റു നോവലുകളിൽ നിന്ന് വ്യത്യസ്തമാകുന്നു. ഫാന്റസി കഥാപാത്രമായി നോവലിൽ കടന്നുവരുന്ന ആണ്ടാൾ ദേവനായകിയുടെ ഇതിവൃത്തമാണ് നോവലിന്റെ നട്ടെല്ല്. അതേസമയം ശ്രീലങ്കൻ പോരാട്ടങ്ങളെ വസ്തുനിഷ്ഠമായി സ്ഥാപിക്കാനും നോവൽ ശ്രമിക്കുന്നു. ദേവനായകിയുടെ കഥാവ്യാഖ്യാനം നോവലിന്റെ അത്യാകർഷകഘടകമായി തീരുന്നു. പ്രാചീന ദക്ഷിണേന്ത്യൻ രാജ്യങ്ങളിൽ ഉണ്ടായിരുന്ന സ്വതന്ത്ര സ്ത്രീ സങ്കല്പമായാണ് ദേവനായകിയിലൂടെ ആഖ്യാനം ചെയ്യപ്പെടുന്നത്. വർത്തമാനകാലസാഹചര്യത്തിലെ തമിഴ് ദേശീയതയും സിംഹള ദേശീയതയും തമ്മിലുള്ള സംഘർഷങ്ങൾ നോവൽ തുറന്നുകാട്ടുന്നു. ആഭ്യന്തരയുദ്ധകാലത്ത് തമിഴ് പുലികളും ശ്രീലങ്കൻ സർക്കാരും അഴിച്ചുവിട്ട പ്രതിരോധനടപടികൾ കെട്ടുകഥയും മിത്തും ചേർത്ത് ചരിത്രാഖ്യാനമായി നോവലിൽ അവതരിപ്പിക്കപ്പെടുന്നു. അശാന്തമായ സാമൂഹ്യ അന്തരീക്ഷത്തിന്റെയും മുതലാളിത്തത്തിന്റെയും ഇടങ്ങളിലെ പുരാണവും ചരിത്രപരവുമായ സമ്മിശ്രമാണ് ഈ നോവൽ. ദേശകാലചരിത്രം വരേണ്യവർഗ്ഗത്തിന്റെ മാത്രം ചരിത്രമായി മാറുമ്പോൾ മതപരവും വംശീയവുമായ ന്യൂനപക്ഷ ജനതയ്ക്ക് അവരുടെ ചരിത്രത്തെ അടയാളപ്പെടുത്താൻ മിത്തുകൾ ആവശ്യമായി വരുന്നു. വംശീയ വ്യക്തിത്വം നിഷേധിക്കപ്പെടുന്ന ഒരു ലോകത്ത് ദേവനായകിയുടെ മിത്ത് പ്രസക്തമാകുന്നു. ചരിത്രവും മിത്തും പരസ്പരം

ബന്ധപ്പെട്ട് കിടക്കുന്നു. മിത്ത് ചരിത്രത്തിന്റെയും യാഥാർത്ഥ്യത്തിന്റെയും അടയാള ങ്ങളെ പ്രത്യക്ഷമായോ പരോക്ഷമായോ ഉൾക്കൊള്ളുന്നു.

നോവലിലെ മിത്തിനെ മുഴുവൻ ആഖ്യാനത്തിന്റെയും കേന്ദ്രമായി വികസിപ്പി ക്കുന്നതിലൂടെ ശ്രീലങ്കയെക്കുറിച്ചുള്ള പുതിയ ബോധ്യങ്ങൾ ലഭിക്കുന്നതിനും ആഭ്യന്തര യുദ്ധങ്ങളെയും സമരപ്രസ്ഥാനങ്ങളെയും മറ്റൊരു കോണിൽ നിന്ന് വീക്ഷിക്കുന്ന തിനും വായനക്കാരെ സഹായിക്കുന്നു. ശ്രീലങ്കൻഭരണകൂടത്തിന്റെ അടിച്ചമർത്തലു കളും തമിഴ്-സിംഹള സമൂഹത്തിന്റെ വിപ്ലവ ആശയങ്ങളും വിവരിക്കുന്ന ഒരു ചരിത്ര കൃതിയാണ് 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി.' ചരിത്രത്തിനും രാഷ്ട്രീയത്തിനു മൊപ്പം ഫാന്റസിയുടെ ഇടകലർത്തലും ഈ കൃതിയെ രസകരമാക്കി തീർക്കുന്നു. ആണ്ടാൾ ദേവനായകി, സുഗന്ധി, ഡോക്ടർ രജനി തിരണഗാമ എന്നിങ്ങനെ തമിഴ് വിമോചനപോരാട്ടത്തിലെ മൂന്ന് സ്ത്രീ പ്രതിരൂപങ്ങളെ നോവലിൽ അവതരിപ്പി ക്കുന്നു. ദക്ഷിണേന്ത്യൻ പുരാണത്തിലെയും ശ്രീലങ്കൻ ചരിത്രത്തിലെയും രണ്ട് പ്രമുഖ വ്യക്തികളാണ് ആണ്ടാൾ ദേവനായകിയും ഡോക്ടർ രജനി തിരുണഗാമയും. അധികാ രവ്യവസ്ഥിതികൾക്കും പുരുഷാധിപത്യത്തിനും എതിരായി മുന്നേറിയ സ്ത്രീകളാ ണിവർ. ചരിത്രവും ഐതിഹ്യവും രാഷ്ട്രീയവും ഫിക്ഷനും സമന്വയിപ്പിക്കുന്ന ഒരു അത്ഭുതസൃഷ്ടിയാണ് 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി' കാലാകാലങ്ങളായി തുടർന്നു പോരുന്ന അധികാരത്തിന്റെയും പുരുഷാധിപത്യത്തിന്റെയും മുഖമുദ്രകളെ ദേവനായകിയും സുഗന്ധിയും ഒരുപോലെ ചോദ്യം ചെയ്യുന്നു. എവിടെയൊക്കെ സ്ത്രീകൾക്കെതിരായി അതിക്രമങ്ങൾ നടക്കുന്നോ അവിടെയൊക്കെ താനുണ്ടാകും എന്ന ദേവനായകിയുടെ വാക്കുകൾ പിന്നീട് ഓരോ സ്ത്രീകളിലൂടെയും തുടർന്നു കൊണ്ടിരിക്കുന്നു. ഒരു കാൽ സിഗിരിയയിലും മറ്റൊരു കാൽ ശ്രീപാതമലയിലും ചവിട്ടി ആകാശത്തിലേക്ക് ഉയർന്നു പോകുന്ന സുഗന്ധിയുടെ അവതരണത്തിലൂടെ സമകാലിക യാഥാർത്ഥ്യത്തെയും മിത്തിനെയും പരസ്പരം ബന്ധിപ്പിക്കാൻ നോവലി സ്റ്റ് ശ്രമിക്കുന്നു. സമൂഹത്തിന്റെ രാഷ്ട്രീയവും സാമൂഹ്യവും സാംസ്കാരികവുമായ പാരമ്പര്യങ്ങളെ ഓരോ മിത്തും ഉൾക്കൊള്ളുന്നു എന്ന കാഴ്ചപ്പാട് നോവൽ മുന്നോട്ടു വയ്ക്കുന്നുണ്ട്.

## കുറിപ്പ്

1. രാമകൃഷ്ണൻ ടി.ഡി, ഫ്രാൻസിസ് ഇട്ടിക്കോര, പുറം.19.
2. രാമകൃഷ്ണൻ ടി.ഡി, ഫ്രാൻസിസ് ഇട്ടിക്കോര, പുറം.129.
3. ശ്രീകുമാർ പി.കെ, ചരിത്രഫാന്റസിയുടെ ഗണിതവായന, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2009, ഒക്ടോബർ 25-31, പുറം.79.

# അധ്യായം മൂന്ന്

# ടി.ഡി.രാമകൃഷ്ണന്റെ നോവലുകളിലെ വയലൻസ് പശ്ചാത്തലം

## 1. ഫ്രാൻസിസ് ഇട്ടിക്കോരയിലെ വയലൻസ്

ടി.ഡി. രാമകൃഷ്ണന്റെ 'ഫ്രാൻസിസ് ഇട്ടിക്കോര' എന്ന ആഖ്യായികയുടെ ആദി മുതൽ അന്ത്യം വരെ സ്ഥായിയായി നിൽക്കുന്നത് വയലൻസാണ്. ആദ്യ അധ്യായം മുതൽ അഭിമുഖീകരിക്കേണ്ടിവരുന്ന കിരാതമായ ഈ വയലൻസിന്റെ കാലുഷ്യങ്ങൾ സംഭ്രാന്തിയോടെയല്ലാതെ വായനക്കാരന് ഉൾക്കൊള്ളാനാവില്ല. ദൂരത്തെവിടെയോ സംഭവിക്കുന്ന യുദ്ധഭീകരതകൾ എന്തിന് ചിത്രീകരിക്കണം എന്ന സങ്കുചിതത്വം നോവലിൽ ഒരിടത്തും വായനക്കാരൻ അഭിമുഖീകരികേണ്ടിവരുന്നില്ല. കാരണം അവയൊന്നും അത്ര ദൂരത്തല്ല എന്ന തിരിച്ചറിവ് നോവൽ പകർന്നു നൽകുന്നുണ്ട്. നവീനസാങ്കേതികത അവലംബിച്ചുകൊണ്ട് രചിക്കപ്പെട്ടിട്ടുള്ള നോവലാണ് 'ഫ്രാൻസിസ് ഇട്ടിക്കോര.' അത്തരത്തിലുള്ള നോവലിന്റെ ഘടന സ്ഥലകാലാതിർത്തികളെ ഇല്ലാതാക്കി. 'പ്രിയപ്പെട്ട വായനക്കാരാ ഇന്ന് ദുഃഖ വെള്ളിയാഴ്ച. അഉ 410. നമ്മൾ ഇപ്പോൾ അലക്സാൻഡ്രിയ നഗരത്തിന്റെ തിരക്കിൽ നിന്ന് മാറി തെക്ക് കിഴക്കേ ഭാഗത്ത്....'[1] എന്ന് ആരംഭിക്കുന്ന 'The True Story of Hypatia' എന്ന ഇസബല്ല സ്വാൻ എഴുതിയ കൊച്ചു കഥ നോവലിൽ വിവരിക്കുന്നത് ഈ ധാരണയെ ഉറപ്പിക്കുന്നു.

'ഫ്രാൻസിസ് ഇട്ടിക്കോര' എന്ന നോവലിലെ വയലൻസ് പശ്ചാത്തലം ഏറ്റവും അധികം വെളിവാക്കപ്പെടുന്നത് സേവ്യർ ഇട്ടിക്കോര എന്ന കഥാപാത്രത്തിലൂടെയാണ്. ഫ്ളോറൻസിൽ നിന്നും യുഎസിലേക്ക് കുടിയേറിപ്പാർത്ത ഒരു സ്ത്രീയാണ് സേവ്യർ ഇട്ടിക്കോരയുടെ അമ്മ. പിതാവാരെന്ന് അറിയാത്ത സേവ്യർ ഇട്ടിക്കോര ബ്രൂക്ക്ലീനിലെ തെരുവിലാണ് ജീവിച്ചത്. അവനെ ചുരുട്ട് വലിക്കാനും മോഷ്ടിക്കാനും തോക്കുപയോഗിക്കാനും പഠിപ്പിച്ചത് അവന്റെ വേശ്യയായ അമ്മ തന്നെയാണ്. മോഷണവും ചൂതാട്ടവും പിടിച്ചുപറിയും കൊലപാതകവുമായിരുന്നു അവന്റെ ചുറ്റും. തന്റെ പന്ത്രണ്ടാം വയസ്സിൽ സഹവിദ്യാർത്ഥിനിയെ ബലാത്സംഗം ചെയ്യാൻ ശ്രമിച്ചതിന്റെ പേരിൽ സ്കൂളിൽ നിന്നും പുറത്താക്കപ്പെട്ട അവൻ പിന്നീട് തന്റെ അമ്മയെ വെടിവെച്ച് കൊന്നു. ഒരു വാതുവെപ്പുകാരന്റെ കൂടെ രക്ഷപ്പെട്ട് ബോസ്റ്റണിൽ എത്തിയ അവൻ പിന്നീട് അവിടെ അയാളുടെ കാസിനോയിലാണ് വളരുന്നത്. ഇറാഖ് യുദ്ധകാലത്ത് ടിവിയിൽ പ്രത്യക്ഷപ്പെട്ട ചുവന്നു തുടുത്ത ഇറാഖി പെൺകുട്ടികളെ തോക്കു ചൂണ്ടി നഗ്നരാക്കി ബലാത്സംഗം ചെയ്യാനുള്ള ആഗ്രഹത്താൽ സേവ്യർ ഇട്ടിക്കോര പട്ടാളത്തിൽ ചേരുകയും പട്ടാളത്തിൽ വച്ച് നിസ്സഹായയായ പതിനഞ്ചു

വയസ്സു മാത്രം പ്രായമുള്ള പെൺകുട്ടിയെ അവളുടെ പിതാവിന്റെ കൺമുമ്പിൽ വച്ച് ബലാൽസംഗം ചെയ്ത് കൊല്ലുകയും ചെയ്തു. അതേത്തുടർന്ന്, മെന്റൽ അസൈലത്തിലായ സേവ്യർ ഇട്ടിക്കോര മനോരോഗചികിത്സയ്ക്ക് വിധേയനാകുകയും തുടർന്ന് അയാൾക്ക് നഷ്ടപ്പെട്ടുപോയ ലൈംഗികശേഷി വീണ്ടെടുക്കാൻ നരമാംസം ഭക്ഷിക്കുകയും ആഭിചാരകർമ്മങ്ങളിൽ ഏർപ്പെടുകയും ചെയ്തു. ഗോൺസാലോ കോരയുടെ പിന്മുറക്കാരിയായ കത്രീനയും അവൾ പരിചയപ്പെടുത്തിയ ജപ്പാൻ വംശജയും ഗണിതശാസ്ത്രഗവേഷകയുമായ ഹഷിമോട്ടോ മൊറിഗാമിയും അയാളുടെ ലൈംഗികശേഷിയെ ഉത്തേജിപ്പിക്കാൻ കിണഞ്ഞ് പരിശ്രമിക്കുന്നുണ്ടെങ്കിലും പരാജയപ്പെടുന്നു. എല്ലാ പരീക്ഷണങ്ങളും പരാജയപ്പെട്ടതിനെ തുടർന്നാണ് സേവ്യർ ഇട്ടിക്കോര കേരളത്തിലെ പഞ്ചനക്ഷത്ര വേശ്യാലയമായ 'ദ സ്കൂളി'ലെ പ്രിൻസിപ്പാൾ രേഖയുമായി ഇമെയിലിൽ ബന്ധപ്പെടുന്നത്.

"ഇറാഖിൽ പോയി ഒരു ചുവന്നതുടുത്ത പെൺകുട്ടിയെ റേപ്പ് ചെയ്യുക. കരഞ്ഞുകൊണ്ട് എതിർക്കുന്ന അവളെ ബലംപ്രയോഗിച്ച് കീഴ്പ്പെടുത്തണം. എന്റെ കരുത്തിന് കീഴിൽ പിടയുന്ന അവളുടെ ചുണ്ടും കവിളും മാറുമെല്ലാം കടിച്ചുകീറി ചോരയൊഴുക്കണം"[2] എന്ന ലക്ഷ്യമാണ് മൂന്നു വർഷം മുമ്പ് പട്ടാളത്തിൽ ചേരുമ്പോൾ തനിക്കുണ്ടായിരുന്നതെന്ന് സേവ്യർ ഇട്ടിക്കോര രേഖയോട് പറയുമ്പോഴാണ് അയാളുടെ ഹിംസാത്മകമായ മുഖം വെളിവാകുന്നത്. തനിക്ക് മുന്നിൽ നിസഹായയായി കേഴുന്ന ഇരയുടെ ശബ്ദം അയാളുടെ ഊർജ്ജം വർദ്ധിപ്പിക്കുന്നു. 'ഗോസ്പൽ എക്കോഡിംങ് ടു കോര' എന്ന ഭാഗത്ത് ഹൈപേഷ്യയെ കുറിച്ചുള്ള പൗരാണികചരിത്രം വിവരിക്കുന്നു. ഭാവനയും യാഥാർത്ഥ്യവും കൂട്ടിക്കലർത്തിയ ഈ ആഖ്യാനം പതിനെട്ടാംകൂറ്റുകാരുടെ ചരിത്രഗാഥ കൂടി ഉൾക്കൊള്ളുന്നു. വശ്യമായ സൗന്ദര്യത്താൽ ലൈംഗികതയെ ആസ്വാദ്യമാക്കിത്തീർത്ത ഹൈപേഷ്യയുടെ പിൻമുറക്കാരെന്ന നിലയിൽ പതിനെട്ടാംകൂറ്റുകാരുടെ ജനിതകപൈതൃകം തന്നെയാണ് സേവ്യർ ഇട്ടിക്കോരയിൽ നിറഞ്ഞുനിൽക്കുന്ന ഈ കാമോത്സുക്യങ്ങളെന്ന് മനസ്സിലാക്കാം. എന്നാൽ പൂർവ്വപിതാമഹനായ ഫ്രാൻസിസ് ഇട്ടിക്കോരയെ പോലെ തന്റെ ഇണയെ വശീകരിച്ച് കീഴ്പ്പെടുത്താനുള്ള കഴിവ് സേവ്യർ ഇട്ടിക്കോരക്കില്ല. ജനിതകമായി കൈമാറി വന്ന ഈ ലൈംഗിക അഭിവാഞ്ഛ അതിന്റെ ഹിംസാത്മകമായ തീവ്രതയിൽ എത്തിനിൽക്കുന്നതാണ് സേവ്യർ ഇട്ടിക്കോരയിൽ കാണാൻ കഴിയുന്നത്.

സേവ്യർ ഇട്ടിക്കോര എന്ന യുഎസ് പട്ടാളക്കാരനിലൂടെ ഭാവനയെപ്പോലും വെല്ലുന്ന വയലൻസിന്റെ ഭീകരലോകമാണ് ചുരുൾ നിവരുന്നത്. യുദ്ധത്തിനിടയിൽ ഇറഖി പെൺകുട്ടിയെ നിർദയമായി ബലാത്സംഗം ചെയ്ത് ലൈംഗികശേഷി നഷ്ടപ്പെട്ട സേവ്യർ ഇട്ടിക്കോര അതിന് പരിഹാരം തേടിയാണ് മനുഷ്യമാംസം ഭക്ഷിക്കുന്നവ രുടെ കൂട്ടായ്മയായ കാനിബാൾസ് ഡോട് കോമിൽ അംഗമാകുന്നത്. ഈ വെബ്സൈറ്റിൽ എഴുന്നൂറ്റിത്തൊണ്ണൂറ്റിയേഴ് അംഗങ്ങൾക്ക് പുറമേ ധാരാളം നരഭോജികൾ ലോകമെങ്ങുമുള്ളതായി സേവ്യർ ഇട്ടിക്കോര രേഖയോട് പറയുന്നു. ഇരുപത്തിയാറാം അധ്യായമായ 'കാനിബിൾസ് ഫീസ്റ്റി'ൽ മനുഷ്യമാംസം ഭക്ഷിച്ചു കൊണ്ടുള്ള നരഭോജികളുടെ ആഘോഷത്തെയാണ് പരാമർശിക്കുന്നത്. ന്യൂയോർ ക്കിലെ മുപ്പത്തിയൊന്ന് അംഗങ്ങളുള്ള കൂട്ടായ്മയിലെ ഒരു അംഗമാണ് സേവ്യർ ഇട്ടിക്കോര. പതിനഞ്ചിനും ഇരുപത്തിയഞ്ചിനുമിടയിൽ പ്രായമുള്ള ആരോഗ്യവും മാംസവുമുള്ള പെണ്ണിന്റെ ഇറച്ചിയാണ് നല്ലത്, പ്രത്യേകിച്ച് ആഫ്രിക്കൻ നീഗ്രോ പെൺ കുട്ടികളുടെയെന്ന് അയാൾ രേഖയോട് പറയുന്നു. ചതിച്ച് മയക്കി കിടത്തിയ ഇരയെ വിശദമായി പരിശോധിച്ച് ഓരോരുത്തർക്കും വേണ്ട ഭാഗങ്ങൾ നേരത്തെ ബുക്ക് ചെയ്യാം. മനുഷ്യമാംസത്തിന്റെ രുചിയറിഞ്ഞ് കൂടുതലാളുകൾ ഈ സംഘത്തിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. നോവലിലെ ഈ പരാമർശം മനുഷ്യമാംസം ഭക്ഷിച്ചിരുന്ന പ്രാകൃതമായ ഭീകരഘട്ടത്തിലേക്കുള്ള മനുഷ്യന്റെ തിരിച്ചുപോക്കിനെയാണ് സൂചിപ്പിക്കു ന്നത്. 'ധർമ്മപുരാണത്തിനുശേഷം ഇത്രയും ഭീകരമായി നരമാംസാസ്വാദനം ഒരു കൃതിയിലും സംഭവിച്ചിട്ടില്ല. അനന്തതവരെ ചെല്ലുന്ന ഗണിതസൂത്രങ്ങളിൽ അഭിരമി ക്കുന്ന മനുഷ്യചേതന, ഇവ്വിധം നിർദ്ദയമായ രസകേളികളിൽ ഏർപ്പെടുന്നത് വെറും വൈരുദ്ധ്യത്തിന്റെ മാത്രം കഥയല്ല; ആപത്കരമായ ഒരു വിപരിണാമത്തിന്റെ ദുസൂചന കൂടിയാണത'[3] എന്ന് ആഷാമേനോൻ വിവരിക്കുമ്പോൾ വന്യമായ ക്രൂരതയുടെ സമ കാലിക മുഖം ദർശിക്കുന്നു.

നോവലിലെ 'ബോഡി ലാബ്" എന്ന രണ്ടാം അധ്യായത്തിൽ അബുഗുറൈബ് ജയിലിലെ ബോഡി ലാബ് എന്ന പീഡനമുറിയെക്കുറിച്ച് വിവരിക്കുന്നു. പട്ടാളത്തിന്റെ പ്രാഥമിക പരിശീലനത്തിന്റെ ഭാഗമായി ബോഡി ലാബിൽ പ്രവേശിച്ച സേവ്യർ ഇട്ടിക്കോര ബോഡി ലാബിന്റെ ഇൻചാർജ് ആയ ക്യാപ്റ്റൻ വിക്ടോറിയയുടെ ആജ്ഞ യനുസരിച്ച് അവിടെ വന്ന തടവുകാരനെ ക്രൂരമായി മർദ്ദിക്കുന്നു. അബു ഗുറൈബിലെ ബോഡി ലാബിനെക്കുറിച്ച് പറഞ്ഞതിനുശേഷം തുടർന്നുവരുന്ന

അഞ്ചാമത്തെ അധ്യായത്തിൽ 'ദ സ്കൂളി'ലെ ബോർഡി ലാബിനെ കുറിച്ച് വിവരിക്കുന്നുണ്ട്. ശരീരത്തിന്റെ എല്ലാ സാധ്യതകളെയും ഉപയോഗപ്പെടുത്തി അതിഥികളെ ആനന്ദിപ്പിക്കുന്ന ഇടമാണ് ഇവിടുത്തെ ബോഡി ലാബ്. ബോഡി ലാബിനു തൊട്ടടുത്തായുള്ള ലിബറേഷൻ സെന്റർ പീഡനങ്ങളിൽ താല്പര്യമുള്ള അതിഥികൾക്കുവേണ്ടിയുള്ളതാണ്. ചാട്ടവാർ, ചൂരൽ, കത്തി അങ്ങനെ പീഡനത്തിന് ആവശ്യമായ ആയുധങ്ങൾ അതിഥികൾക്കായി ആ മുറിയിൽ സജ്ജീകരിച്ചിട്ടുണ്ട്. 'ലൈംഗിക കേളികൾ ക്രൂരമായ പീഡനങ്ങളായി മാറുന്നതിന്റെ ചിത്രം നോവലിലുണ്ട് പുഞ്ചിരിയോടെ ഇണയെ (ഇരയെ) പതുക്കെ പതുക്കെ വേദനിപ്പിച്ച് രസിക്കുകയും ശരീരത്തിൽ ആഴത്തിലുള്ള മുറിവുകൾ ഉണ്ടാക്കാൻ മാത്രം അക്രമാസക്തമാവുകയും ചെയ്യുന്നുണ്ട് ഇതിലെ രതി. വേദനിച്ചു പുളയുന്ന ഇണയുടെ നിലവിളിയാണ് ഇവിടെ ലൈംഗികാനുഭൂതി ഉണ്ടാക്കുന്നത്.'[4]

ലൈംഗികതയുടെ വന്യമായ ആഘോഷവും സദാചാരശാസ്ത്രങ്ങളെ പിഴുതെറിഞ്ഞുകൊണ്ടുള്ള ലാഭംകൊയ്യലുമെല്ലാം പതിനെട്ടാംകൂറ്റുകാരുടെ മുഖമുദ്രകളാണ്. "മുളകും പൊന്നും പെണ്ണുമെല്ലാം വാങ്ങാനും വിൽക്കാനുമുള്ള ചരക്കുകൾ തന്നെയാണ്. കച്ചവടത്തിൽ ലാഭമുണ്ടാക്കാൻ വേണ്ടി പ്രയോഗിക്കുന്ന തന്ത്രങ്ങളെല്ലാം നമുക്ക് ശരിയാണ്. പ്രലോഭിപ്പിക്കുകയോ നുണപറയുകയോ ചതിക്കുകയോ കൊല്ലുകയോ എന്തുവേണമെങ്കിലും ചെയ്യാം"[5] ഇവിടെ ലാഭത്തിനുവേണ്ടി ചെയ്യുന്നതെന്തും നന്മയാണ്. ആണിന് പെണ്ണിനെ ബലംപ്രയോഗിച്ച് കീഴ്പ്പെടുത്താം എന്നത് പോലെതന്നെ പെണ്ണിന് ആണിനെയും കീഴടക്കാനുള്ള ലിംഗസമത്വരീതി പതിനെട്ടാംകൂറ്റുകാർക്കിടയിലുണ്ട്. പ്രണയം, സ്നേഹം, കരുണ തുടങ്ങിയവയെല്ലാം പതിനെട്ടാംകൂറ്റുകാരെ സംബന്ധിച്ച് തികച്ചും വ്യാജമായ സങ്കല്പങ്ങളാണ്. നോവലിൽ അവതരിപ്പിക്കപ്പെടുന്ന വർത്തമാനകാലം പതിനഞ്ചാം നൂറ്റാണ്ടിൽ നിന്ന് ഇരുപത്തിയൊന്നാം നൂറ്റാണ്ടിലേക്ക് പടർന്നുവ്യാപിച്ച ഇട്ടിക്കോരയുടെ ഹിംസാത്മക സിദ്ധാന്തങ്ങളുടെ മൂർദ്ധന്യവും ഭീകരവുമായ ചിത്രമാണ് വരച്ചുകാട്ടുന്നത്. ഭാഷ, ഭക്ഷണം, കച്ചവടം, രാഷ്ട്രീയം എന്നിവയിൽ എന്തിന്, രതിയിൽപ്പോലും താണ്ഡവമാടുന്ന ഹിംസയുടെ ചരിത്രപരത അന്വേഷിക്കുകയാണ് നോവൽ.

## 2. വയലൻസ്: സുഗന്ധി എന്ന ആണ്ടാൾ ദേവനായകിയിൽ

ജീവിതത്തിന്റെ സമഗ്രവീക്ഷണത്തെ ഉൾക്കൊള്ളുന്ന ടി.ഡി. രാമകൃഷ്ണന്റെ നോവലാണ് 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി'. നിലനിൽക്കുന്ന നോവൽ സങ്കല്പങ്ങളെ തിരുത്തിക്കുറിച്ചുകൊണ്ട് വായനയുടെ നവമാർഗ്ഗം തുറക്കുകയും ചെയ്യുന്നു 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി.' നിരന്തരമായി ആഭ്യന്തരകലഹങ്ങൾ പൊട്ടിപ്പുറപ്പെടുന്ന ഭൂമികയാണ് ശ്രീലങ്ക. തമിഴ് ദേശീയതയും ശ്രീലങ്കൻ രാഷ്ട്രത്തിന്റെ അന്ത:സംഘർഷങ്ങളും നോവലിൽ കേന്ദ്രീകരിച്ചിരിക്കുന്നു. തമിഴ് വംശ ദേശീയത വീണ്ടെടുക്കാനുള്ള ശ്രമങ്ങളാണ് തമിഴ് ഈഴം എന്നറിയപ്പെട്ടിരുന്നത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വികസിച്ചു വന്ന ശ്രീലങ്കൻ തമിഴ് വംശത്തിന്റെ പോരാട്ടങ്ങളുടെ ചരിത്രമാണ് 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി.'

ശ്രീലങ്കൻ തമിഴ് ദേശീയതയുടെ വീണ്ടെടുപ്പ് ലക്ഷ്യമാക്കി രൂപീകരിക്കപ്പെട്ട വിമോചന പ്രസ്ഥാനമാണ് ലിബറേഷൻ ടൈഗേൾസ് ഓഫ് തമിഴ് ഈഴം (എൽ.ടി.ടി.ഇ). എൽ.ടി.ടി.ഇയുടേത് രക്തരൂക്ഷിത കലാപങ്ങളായിരുന്നു. ശ്രീലങ്കയിലെ തമിഴ് വംശ ജനവിഭാഗത്തിനു നേരെയുള്ള സിംഹള ഭരണകൂടത്തിന്റെ ആക്രമങ്ങൾക്കെതിരെ തന്ത്രപൂർവ്വം കലാപം ചെയ്തു കരുത്താർജിച്ച പ്രസ്ഥാനമാണ് എൽ.ടി.ടി.ഇ. എൽ.ടി.ടി.ഇയുടെ ശക്തമായ ആക്രമണങ്ങളെ തടുക്കാനാവാതെ വന്നപ്പോഴാണ് ഇന്ത്യ പോലുള്ള രാജ്യങ്ങളെ ശ്രീലങ്ക ആശ്രയിക്കുന്നത്. രക്തകലുഷിതമായിരുന്ന ജാഫ്ന അടക്കമുള്ള ശ്രീലങ്കയുടെ വടക്കൻ പ്രദേശങ്ങളിൽ ഇന്ത്യൻ വ്യോമസേന ആയിരത്തിത്തൊള്ളായിരത്തി എൺപത്തിയേഴിൽ ഭക്ഷ്യവിഭവങ്ങൾ വിതരണം ചെയ്തത് ഇന്ത്യയും ശ്രീലങ്കയും തമ്മിലുള്ള ബന്ധം ശക്തിപ്പെടാൻ കാരണമായി. ആയിരത്തിത്തൊള്ളായിരത്തി എൺപത്തിയേഴ് ജൂലൈ ഇരുപത്തിയൊമ്പതാം തീയതി ശ്രീലങ്കൻ പ്രസിഡന്റ് ജയവർധനയും അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രി രാജീവ്ഗാന്ധിയും ചേർന്ന് ഉടമ്പടി ഉണ്ടാക്കിയതിനെ തുടർന്ന് തമിഴരുടെ ആവശ്യങ്ങളും പരാതികളും ശ്രീലങ്കൻ ഗവൺമെന്റ് പരിഗണിക്കുകയും. തമിഴിന് ഔദ്യോഗിക ഭാഷാപദവി നൽകുകയും ചെയ്തു. അപ്രകാരം ശ്രീലങ്കയുടെ വടക്കൻ പ്രദേശങ്ങളിൽ സമാധാനം പുന:സ്ഥാപിക്കപ്പെട്ടു. അതേസമയം അവിടെ ക്രമസമാധാനം നിലനിർത്താൻ ഇന്ത്യ അയച്ച സേനയെ (ndian peace keeping force) സിംഹളർ എതിർക്കുകയും ശ്രീലങ്കൻഗവൺമെന്റ് ഉടമ്പടി ലംഘിക്കുകയും ചെയ്തു. എൽ.ടി.ടി.ഇയുമായി ശ്രീലങ്കൻ

ഗവൺമെന്റ് ഉണ്ടാക്കിയ രഹസ്യ കരാർ, ഒരു പരിധി വരെ അവിടെ സമാധാനം നില നിർത്താൻ സഹായകമായി. ഇതോടെ ഇന്ത്യയ്ക്ക് പിന്മാറേണ്ടി വരുകയും ശ്രീലങ്കൻ ഗവൺമെന്റും എൽ.ടി.ടി.ഇയും ഇന്ത്യക്കെതിരാവുകയും ചെയ്തു. തമിഴ് പുലികളും ഇന്ത്യൻസേനയും തമ്മിൽ പലപ്പോഴായി ഏറ്റുമുട്ടലുകൾ ഉണ്ടാവുകയും ഇന്ത്യൻ സൈന്യം എൽ.ടി.ടി.ഇയ്ക്ക് നേരെ വെടിയുണ്ട ഉതിർക്കുകയും ചെയ്തു. അതിന്റെ പ്രതിഷേധമായാണ് ഇന്ത്യൻ പ്രധാനമന്ത്രി രാജീവ്ഗാന്ധിയെ തമിഴ്നാട്ടിലെ ശ്രീപെരു മ്പത്തൂരിൽ വച്ച് വധിച്ചത്.

രണ്ടായിരത്തിപ്പത്തിൽ ശ്രീലങ്കൻ ഗവൺമെന്റ് അധികാരത്തിൽ വന്നു. തങ്ങ ളുടെ കാപട്യങ്ങൾ ലോകശ്രദ്ധയിൽ നിന്ന് മറച്ചുപിടിക്കുന്നതിന്റെ ഭാഗമായി അവർ പ്രയോഗിച്ച കുതന്ത്രങ്ങൾ നോവലിൽ വിശദമായി ചർച്ച ചെയ്യുന്നുണ്ട്. തമിഴ് വിമോചന മുന്നേറ്റത്തെയും എൽ.ടി.ടി.ഇ പ്രസ്ഥാനത്തെയും അടിച്ചമർത്തുന്ന നീക്ക ങ്ങളായിരുന്നു ശ്രീലങ്കൻ സൈന്യത്തിന്റേത്. മഹേന്ദ്ര രാജപക്സെയുടെ പ്രവർത്തന ങ്ങൾ അതിക്രൂരവും രക്തച്ചൊരിച്ചിൽ ഉളവാക്കുന്നവയുമായിരുന്നു. അനേകായിരം തമിഴ് യുവതികളെ ജയിലിൽ അടക്കുകയും പട്ടാളത്തെ ഉപയോഗപ്പെടുത്തി ക്രൂര മായി ലൈംഗികപീഡനം നടത്തി വധിക്കുകയുണ്ടായി. വിമോചനപോരാളികളെ ക്രൂര മായിവധിക്കാൻ ലോഹദണ്ഡുകൾ ഉപയോഗിക്കുകയും വെള്ളത്തിൽ മുക്കിക്കൊല്ലാൻ കൂറ്റൻ വീപ്പകൾ നിർമ്മിക്കുകയും ചെയ്തു. പതിനായിരക്കണക്കിന് വരുന്ന യുവതി യുവാക്കന്മാരെയും കുട്ടികളെയും ശിരച്ഛേദം ചെയ്യുകയും അംഗവിച്ഛേദം നടത്തി മൃ ഗീയമായി കൊലപ്പെടുത്തുകയും ചെയ്തു. എൽ.ടി.ടി.ഇ ചീഫ് കമാൻഡർ വേലുപ്പിള്ളി പ്രഭാകരനെയും അദ്ദേഹത്തിന്റെ മകൻ ബാലചന്ദ്രനെയും അതിക്രൂരമായി വെടിവെച്ചു കൊന്നു. ഒരു ലക്ഷത്തിലധികം വരുന്ന ശ്രീലങ്കൻ തമിഴ് ജനവിഭാ ഗത്തെയാണ് മഹേന്ദ്ര രാജപക്സെയുടെ ഭരണകൂടം കൊന്നൊടുക്കിയത് എൺപതി നായിരത്തിലധികം സ്ത്രീകളെയാണ് സൈനിക കേന്ദ്രങ്ങളിൽ ലൈംഗികപീഡനത്തിന് ഇരകളാക്കി തീർത്തത്. സർക്കാർ സൈന്യത്തിന് മുൻപിൽ കീഴടങ്ങിയ ഒരു കൂട്ടം തമിഴ് ജനവിഭാഗത്തെ ശ്രീലങ്കൻ ഭരണകൂടം വധിക്കുകയും ചെയ്തു. ശ്രീലങ്കൻ സർ ക്കാരിന്റെ മനുഷ്യത്വരഹിതമായ ഈ ക്രൂരകൃത്യങ്ങൾ ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവ കാശ സമിതി (യു.എൻ.എച്ച്.ആർ.സി) തയ്യാറാക്കിയ പഠന റിപ്പോർട്ടിലൂടെയാണ് പുറംലോകമറിഞ്ഞത്. ആഭ്യന്തരയുദ്ധകാലത്ത് ശ്രീലങ്കയിൽ നടന്ന മനുഷ്യാവകാശലം ഘനങ്ങൾക്കെതിരെ ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നും പ്രതിഷേധസ്വരങ്ങൾ ഉയർ ന്നിരുന്നു. ആഭ്യന്തരയുദ്ധകാലത്തിന് ശേഷമുള്ള ശ്രീലങ്കൻ സാഹചര്യവും നോവലിൽ

പ്രതിപാദിക്കുന്നുണ്ട്. ജനസമ്മതനായ ഭരണകർത്താവ് എന്ന സൽപേര് ഭരണാധികാരിയുടെ ക്രൂരതകളെ പൊതിഞ്ഞു നിർത്തുന്ന മൂടുപടങ്ങൾ മാത്രമാണെന്ന അവബോധമാണ് നോവലിൽ ഉൾച്ചേരുന്നത്.

ജയവർധനയുടെ കാലത്താണ് ശ്രീലങ്കയിൽ തമിഴ് വിമോചനപോരാട്ടങ്ങളുടെ ആരംഭം. തമിഴ് ജനവിഭാഗത്തിനെതിരായ ക്രൂരമായ നടപടികൾ വിവിധ രാജ്യങ്ങളിലേക്ക് പാലായനം ചെയ്യുന്നതിന് അവരെ പ്രേരിപ്പിച്ചു. നിയമത്തിന്റെ പഴുതിലൂടെ അവരുടെ പൗരാവകാശങ്ങൾ നിഷേധിക്കുകയും അതിലൂടെ ഒരു ഫാസിസ്റ്റ് ഭരണം രൂപവത്കരിക്കുകയുമായിരുന്നു ജയവർദ്ധന. പത്തുവർഷക്കാലത്തോളം ജയവർദ്ധനയുടെ ജനാധിപത്യവിരുദ്ധമായ ഭരണമായിരുന്നു ശ്രീലങ്കയിൽ നിലനിന്നിരുന്നത്.

സർക്കാർ പാസാക്കിയ സിംഹളീസ് വൺലി ആക്ട് ശ്രീലങ്കൻ തമിഴരുടെ പ്രതിഷേധങ്ങൾക്ക് ഇടയാക്കുകയും ശ്രീലങ്കയുടെ വടക്കൻ പ്രദേശങ്ങളിൽ തമിഴ് തീവ്രവാദ പ്രസ്ഥാനങ്ങൾ തുറക്കുന്നതിന് വഴിയൊരുങ്ങുകയും സൈന്യവുമായി ഏറ്റുമുട്ടുന്നതിന് ഇടയാക്കുകയും ചെയ്തു. ആയിരത്തിത്തൊള്ളായിരത്തി എൺപത്തിമൂന്ന് ജൂലൈയിൽ കൊളംബോ നഗരത്തിൽ എത്തിയ തമിഴ് ജനവിഭാഗത്തെ കൂട്ടക്കൊല ചെയ്തത് സർക്കാറിനോടും സിംഹളരോടും തമിഴ് ജനവിഭാഗത്തിന്റെ ശത്രുതയ്ക്ക് കാരണമായി. ശ്രീലങ്കൻ സർക്കാരിന്റെ തമിഴ് വിരോധ പ്രവർത്തനങ്ങൾ യുവതിയുവാക്കളെ തമിഴ് തീവ്രവാദ പ്രസ്ഥാനങ്ങളിലേക്ക് ആകർഷിച്ചു. ശ്രീലങ്കൻ തമിഴ് വിമോചന പോരാളികൾക്ക് വേണ്ട സഹായങ്ങൾ നൽകാൻ അക്കാലത്തെ ഇന്ത്യൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി തയ്യാറാവുകയും എൽ.ടി.ടി.ഇ നേതാവായ പ്രഭാകരൻ ഉൾപ്പെടെയുള്ളവർക്ക് ഇന്ത്യയിൽ നിന്ന് പരിശീലനം ലഭിക്കുകയും ചെയ്തു. അങ്ങനെ ശ്രീലങ്കൻ ഗവൺമെന്റിനെതിരെ കരുക്കൾ നീക്കാൻ അവർക്ക് സാധിച്ചു.

ശ്രീലങ്കയിലെ ന്യൂനപക്ഷവിഭാഗമായ തമിഴരുടെ സ്വാതന്ത്ര്യവും നീതിയും സമത്വവും ആവശ്യപ്പെട്ടുകൊണ്ടുള്ള എൽ.ടി.ടി.ഇയുടെ പ്രവർത്തനങ്ങളെ അടിച്ചമർത്താനുള്ള ശ്രമങ്ങളാണ് ശ്രീലങ്കൻ ഭരണകൂടം നടത്തിയിരുന്നത്. തമിഴ് താവളങ്ങൾ സിംഹള കോളനികൾ ആക്കാനുള്ള ജയവർദ്ധനയുടെ ലക്ഷ്യത്തിനെതിരെ ആഞ്ഞടിച്ചുകൊണ്ടാണ് എൽ.ടി.ടി.ഇ സിംഹള കോളനികൾ ആക്രമിച്ചത്. അവകാശ സ്വാതന്ത്ര്യങ്ങൾക്ക് വേണ്ടിയുള്ള എൽ.ടി.ടി.ഇയുടെ പ്രക്ഷോഭങ്ങൾ തമിഴ് വിമോചനപോരാട്ടം എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. എന്നാൽ തമിഴ് വിമോചന പോരാട്ടങ്ങളെ ശ്രീലങ്കൻസർക്കാർ ഒരു ഭീകര പ്രവർത്തനമായി മുദ്രകുത്താനാണ് ശ്രമിച്ചത്.

## 3. സുഗന്ധി എന്ന ആണ്ടാൾ ദേവനായകിയിലെ ഹിംസയുടെ രാഷ്ട്രീയം

ജനാധിപത്യത്തിന്റെ മൂടുപടമണിഞ്ഞ ഫാസിസത്തിന്റെ മുഖമായിരുന്നു ശ്രീലങ്കൻ ഭരണകൂടത്തിന്റേത്. ശ്രീലങ്കൻ ഭരണകൂടവ്യവസ്ഥയെ വിമർശിക്കുമ്പോൾ തന്നെ എൽ.ടി.ടി.ഇയുടെ പോരാട്ടങ്ങളെ ന്യായീകരിക്കാൻ 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി'യിൽ നോവലിസ്റ്റ് ശ്രമിക്കുന്നില്ല. പക്ഷം ചേരാതെയും സത്യസന്ധമായും ഇരുവരുടെയും ജനാധിപത്യരഹിതമായ ക്രൂരതകളെ അവതരിപ്പിക്കുകയാണ് നോവലിൽ.

കാലാകാലങ്ങളിലായി നിലനിന്നു പോരുന്ന ഹിംസയുടെ രാഷ്ട്രീയവും അതിന്റെ ഫാസിസ്റ്റ് മനോഭാവവും 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി'യിൽ പ്രധാനമായും ചർച്ച ചെയ്യുന്നു. തമിഴ് ദേശീയതയും അവരുടെ വിശ്വാസപാരമ്പര്യങ്ങളും പോരാട്ടങ്ങളും നോവലിന്റെ മുഖ്യകഥാതന്തുവായി മാറുന്നു. കൊടുംക്രൂരതകളുടെ രക്തക്കറകളാണ് ശ്രീലങ്കൻഭരണകൂടത്തിന്റെ ചരിത്രത്തിൽ കാണാനാവുന്നത്. ഭരണകൂടത്തിന്റെ ഈ ഫാസിസ്റ്റ് ക്രൂരതകളെ വിമർശിക്കാൻ നോവലിനെ കഥാപാത്രങ്ങളിലൂടെ നോവലിസ്റ്റിന് സാധിച്ചിരിക്കുന്നു. പൂർവ്വകാല ശ്രീലങ്കൻ ഭരണകൂടം സൃഷ്ടിച്ച രക്തച്ചൊരിച്ചിലുകളുടെ കഥ പറയുന്നതോടൊപ്പം സുഗന്ധിയുടെ അതിഭീകരതകൾക്കെതിരെയുള്ള പോരാട്ടങ്ങൾ കൂടി നോവലിൽ ആവിഷ്കരിക്കുന്നുണ്ട്. വയലൻസ് അത് ഏതുവിധത്തിൽ തന്നെയായാലും ജാതി, മത, വംശീയ, രാഷ്ട്രീയ, ഭരണകൂട ഭീകരതകൾ വിപത്കരമാണെന്ന സാമൂഹ്യ അഭിവേക്ഷണം നോവൽ മുന്നോട്ടുവയ്ക്കുന്നു.

ജനാധിപത്യത്തിന്റെയും സമാധാനത്തിന്റെയും മുഖംമൂടി അണിഞ്ഞ ഫാസിസ്റ്റ് ഭരണത്തിന്റെ ചരിത്രപശ്ചാത്തലങ്ങൾ നോവലിൽ വിശദീകരിക്കുന്നുണ്ട്. കാലാകാലങ്ങളായി തുടർന്നുപോരുന്ന ചെറുതും വലുതുമായ ഫാസിസ്റ്റ് ഭീകരതകളെയും ശ്രീലങ്കയുടെ പൗരാണികവും ആധുനികവുമായ കഥകളെയും 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി'യിൽ ടി.ഡി. രാമകൃഷ്ണൻ സമന്വയിപ്പിക്കുന്നു.

ശ്രീലങ്കൻ ഭരണകൂടത്തിന്റെ ഏറ്റവും നീചമായ ക്രൂരതയ്ക്ക് ഉദാഹരണമാണ് ആനന്ദസമരകൂൺ എന്ന വിഖ്യാതനായ ശ്രീലങ്കൻ സംഗീതജ്ഞന്റെ ദുരന്ത ജീവിതം. ഭരണകൂടം എത്ര ലാഘവത്തോടുകൂടിയാണ് രാഷ്ട്രീയപ്രശ്നങ്ങളെ കണക്കാക്കുന്നത് എന്ന് അദ്ദേഹത്തിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. സർക്കാർ നിയോഗിച്ച

സർ എഡ്വിൻ വിജയരത്നെ അധ്യക്ഷനായ കമ്മിറ്റി ആയിരത്തിത്തൊള്ളായിരത്തി അമ്പത്തിയൊന്ന് നവംബർ ഇരുപത്തിരണ്ടിന് ആനന്ദസമരകൂൺ രചിച്ച 'നമോ നമോ മാത' ശ്രീലങ്കയുടെ ദേശീയഗാനമായി തിരഞ്ഞെടുത്തു. എന്നാൽ പിന്നീട് ഇതേ സർക്കാർ തന്നെ 'ശ്രീലങ്ക മാതാ നമോ നമോ' എന്ന് തിരുത്തി എഴുതുകയും ആയിരത്തിയഞ്ഞൂറ് രൂപ പ്രതിഫലം നൽകി സമരകോണിന് ഇനിമുതൽ ആ ഗാനത്തിൽ യാതൊരു അവകാശമില്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. 'അവർ എന്റെ തല വെട്ടി മാറ്റി മറ്റൊരു തല വെച്ചു'[6] എന്ന് അദ്ദേഹം ഈ സംഭവത്തെക്കുറിച്ച് പ്രതികരിക്കുകയുണ്ടായി. തമിഴ് ദേശീയവർഗ്ഗത്തോടുള്ള വംശീയ വിരോധമാണ് കലാപങ്ങൾക്കും യുദ്ധക്കെടുതികൾക്കും കാരണമെന്ന യാഥാർത്ഥ്യത്തെ മറച്ചുവെച്ചുകൊണ്ട് അന്ധവിശ്വാസങ്ങളെ ന്യായീകരിക്കാനുള്ള സർക്കാരിന്റെ ശ്രമങ്ങളിൽ മനംനൊന്ത ആനന്ദസമരകൂൺ ആത്മഹത്യ ചെയ്യുകയാണുണ്ടായത്.

യുദ്ധവും ഭീകരതയും ഭരണകൂടത്തിന്റെ സൃഷ്ടിയാണ്. എന്നാൽ ഇവയുടെ ഇരകളാക്കപ്പെടുന്നത് സാധാരണ ജനങ്ങളാണ്. ശ്രീലങ്കയിലെ സിംഹളരുടെ ഫാസിസ്റ്റ് പ്രവണതകളെ ശക്തമായി എതിർക്കുമ്പോഴും തമിഴ് പുലികളുടെ ഹിംസാത്മകമായ പ്രവർത്തനങ്ങളോട് വിയോജിപ്പും അവിടത്തെ ജനങ്ങൾക്ക് പ്രകടിപ്പിക്കേണ്ടിവരുന്നു. ഇവയിൽ രണ്ടിലും ഉൾപ്പെടാത്ത സാധാരണക്കാരുടെ ദുരിതപൂർണമായ ജീവിതം ആശങ്കയുണർത്തുന്നവയാണ്. രണ്ടായിരത്തിഒമ്പതിൽ നടന്ന അവസാനത്തെ ഈഴപ്പോരിൽ കൊല്ലപ്പെട്ടത് എൺപതിനായിരത്തിലധികം വരുന്ന സാധാരണ ജനങ്ങളാണ്.

രണ്ടായിരത്തിഒമ്പത് മെയ് പത്തൊമ്പതിന് വേലുപ്പിള്ള പ്രഭാകരനെയും അദ്ദേഹത്തിന്റെ കൂട്ടാളികളെയും കൊലപ്പെടുത്തിയതോടുകൂടി ശ്രീലങ്കൻ തമിഴ് വംശീയ പ്രശ്നം അവസാനിക്കപ്പെട്ടു എന്ന് പ്രചരിപ്പിക്കാൻ മഹീന്ദ രാജപക്സെയുടെ സർക്കാരിന് സാധിച്ചു. ശ്രീലങ്കൻ വംശഹത്യാചരിത്രത്തെ ഭീകരവിരുദ്ധതയുടെയും സമാധാന പുനഃസ്ഥാപനത്തിന്റെയും മുഖംമൂടിയണിയിച്ച് ന്യായീകരിക്കാനുള്ള ശ്രമങ്ങളാണ് ശ്രീലങ്കൻ സർക്കാർ കൈക്കൊണ്ടത്. രണ്ടായിരത്തി പതിനൊന്നിൽ ബ്രിട്ടനിലെ ചാനൽ ഫോർ സംപ്രേഷണം ചെയ്ത 'കില്ലിങ്ങ് ഫീൽഡ്സ്' എന്ന ഡോക്യുമെന്ററി അവസാനത്തെ ഈഴപ്പോരിന്റെ മനുഷ്യത്വരഹിതമായ യുദ്ധരംഗത്തെ നേർചിത്രങ്ങൾ

ലോകത്തിനു മുൻപിൽ വെളിപ്പെടുത്തി. ഇത് ശ്രീലങ്കൻ സർക്കാരിനേറ്റ തിരിച്ചടിയായിരുന്നു.

ആഗ്രഹമാണ് മനുഷ്യന്റെ ദു:ഖങ്ങൾക്ക് കാരണമായിത്തീരുന്നത്; ആഗ്രഹങ്ങളിൽ നിന്നുള്ള മോചനം ആനന്ദത്തിലേക്കുള്ള വഴിയാണ് എന്ന ബുദ്ധമത ആദർശങ്ങളെ മുറുകെ പിടിക്കുന്ന രാഷ്ട്രമാണ് ശ്രീലങ്ക. അതേസമയം ശ്രീലങ്കൻ ഭരണകൂടത്തിന്റെ ചക്രത്തെ തിരിക്കുന്നതും ഇതേ ബുദ്ധമതവിശ്വാസികളാണ് എന്ന ദ്വന്ദാത്മകതയും നോവൽ മുന്നോട്ടുവയ്ക്കുന്നു. ബുദ്ധമതാദർശങ്ങളുടെ ആവരണമണിഞ്ഞുകൊണ്ട് ഫാസിസത്തിന്റെ വയലൻസാണ് ശ്രീലങ്കയെ ഭരിക്കുന്നത്.

ആദ്യകാലങ്ങളിൽ, വയലൻസിന്റെ തുറന്നുപറച്ചിൽ എന്ന നിലയിൽ ഒട്ടേറെ വിമർശനങ്ങൾക്ക് വിധേയമായി തീർന്ന നോവലാണ് ടി.ഡി. രാമകൃഷ്ണന്റെ 'ഫ്രാൻസിസ് ഇട്ടികോര'യും 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി'യും. ലോകത്തിൽ നടമാടുന്ന വയലൻസിനെ വയലൻസ് കൊണ്ട് തന്നെ വിമർശിക്കാൻ ശ്രമിക്കുന്ന എഴുത്തുകാരനാണ് ടി.ഡി. രാമകൃഷ്ണൻ എന്ന് ഇരുനോവലുകളും വ്യക്തമാക്കുന്നു.

# കുറിപ്പ്

1. രാമകൃഷ്ണൻ. ടി.ഡി, ഫ്രാൻസിസ് ഇട്ടിക്കോര, പുറം 78.
2. രാമകൃഷ്ണൻ. ടി.ഡി, ഫ്രാൻസിസ് ഇട്ടിക്കോര, പുറം 20.
3. ശ്രീധരൻ. എ.എം, തിന്മയുടെ ഇതിഹാസം അഥവാ ഇട്ടിക്കോരയുടെ'പ്രതി'യാത്രകൾ, പുറം 30.
4. ശ്രീധരൻ. എ.എം, തിന്മയുടെ ഇതിഹാസം അഥവാ ഇട്ടിക്കോരയുടെ'പ്രതി'യാത്രകൾ, പുറം 126.
5. രാമകൃഷ്ണൻ. ടി.ഡി, ഫ്രാൻസിസ് ഇട്ടിക്കോര, പുറം 244.
6. രാമകൃഷ്ണൻ. ടി.ഡി, കറുപ്പും വെളുപ്പും, പുറം 206.

# ഉപസംഹാരം

## ഉപസംഹാരം

മലയാള നോവൽസാഹിത്യചരിത്രത്തിൽ വളരെക്കുറച്ച് രചനകൾകൊണ്ട് തന്നെ ചിര പ്രതിഷ്ഠ നേടിയ നോവലിസ്റ്റാണ് ടി.ഡി. രാമകൃഷ്ണൻ. ഫാന്റസിയുടെ സാധ്യതകളെ ഫലപ്രദമായി ഉപയോഗപ്പെടുത്തിക്കൊണ്ട് സമകാലികസമൂഹത്തിൽ നടമാടുന്ന വയ ലൻസിനെ ശക്തമായി എതിർക്കാനുള്ള ശ്രമമാണ് 'ഫ്രാൻസിസ് ഇട്ടിക്കോര'യിലും 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി'യിലും കാണാൻ കഴിയുന്നത്. ഒരു ബൃഹദാ ഖ്യാനമെന്ന നിലയിൽ 'ഫ്രാൻസിസ് ഇട്ടിക്കോര' ഏറെ പ്രസക്തി ആർജ്ജിക്കുന്നു. നില വിലുണ്ടായിരുന്ന ഫിക്ഷൻ ചരിത്രനോവലുകളെ അപേക്ഷിച്ച് വേറിട്ടൊരു വഴിയാണ് 'ഫ്രാൻസിസ് ഇട്ടിക്കോര' വായനക്കാർക്ക് മുമ്പിൽ തുറന്നിടുന്നത്. നിസ്സാരമായിക രുതി അവഗണിച്ചുകളയുന്ന സാമൂഹ്യയാഥാർത്ഥ്യങ്ങളെ അവതരിപ്പിക്കുകയും അതുവഴി വായനക്കാരനെ സംവാദങ്ങളുടെ അനന്തസാധ്യതയിലേക്ക് കൂട്ടിക്കൊണ്ടു പോവുകയും ചെയ്യുന്ന രചനാശൈലിയാണ് ടി.ഡി. രാമകൃഷ്ണന്റേത്.

'ഫ്രാൻസിസ് ഇട്ടിക്കോര' ഒരു ഫാന്റസി നോവലായിരിക്കുമ്പോൾ തന്നെ ചരിത്ര ത്തിന്റെ ഇരുളടഞ്ഞ ഏടുകളിലേക്ക് വാതിൽ തുറക്കുന്ന ഒന്നായും മാറുന്നു. പോർച്ചു ഗീസുകാർക്ക് മുമ്പുതന്നെ കേരളവും വിദേശരാജ്യങ്ങളുമായുള്ള വ്യാപാരത്തിൽ സജീ വമായിരുന്ന ഒരാളായാണ് ഇട്ടിക്കോരയെ നോവലിൽ അവതരിപ്പിക്കുന്നത്. പോർച്ചു ഗീസുകാരുടെ വരവോടെ ഇട്ടിക്കോരയുടെ കച്ചവടം മോശമായിത്തീർന്നതായും നോവലിൽ പരാമർശിക്കുന്നുണ്ട്. ഇട്ടിക്കോരയുടെ വിദേശവ്യാപാരബന്ധങ്ങളെക്കുറിച്ചു ള്ള വിവരണങ്ങളിലൂടെ കേരളത്തിൻറെ സുദീർഘമായ ചരിത്രവും നോവലിൽ ആവി ഷ്കരിക്കപ്പെടുന്നു. അധീശവർഗ്ഗത്തിന്റെ താല്പര്യങ്ങളിൽ മറയ്ക്കപ്പെട്ടുപോകുന്ന യാ ഥാർഥ്യങ്ങളെക്കുറിച്ച് വായനക്കാരെ ഓർമപ്പെടുത്തുക, ചിന്തിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ജീവൻകൊള്ളുന്ന കഥാപാത്രമാണ് ഫ്രാൻസിസ് ഇട്ടിക്കോര.

കേവലം ഒരു ഫാന്റസി രചനയായി മാത്രം 'ഫ്രാൻസിസ് ഇട്ടിക്കോര'യെ വായിക്കാനാ വില്ല. മനുഷ്യവാസനകളുടെ ഭ്രമകല്പന എന്നതിനപ്പുറം ചരിത്രത്തിന്റെയും സമകാലിക സാമൂഹ്യയാഥാർഥ്യങ്ങളുടെയും അനാവരണമായിക്കൂടി നോവൽ മറുന്നു. നോവലി സ്റ്റിന്റെ വ്യക്തിപരമായ ചില നിലപാടുകൾ ഇട്ടിക്കോര കഥാപാത്രത്തിന്റെ രൂപീകരണ ത്തിൽ വളരെയധികം സ്വാധീനം ചെലുത്തിയിട്ടുണ്ട്. "എന്റെ അമ്മ ചെറുപ്പകാലത്ത്

പറഞ്ഞുതന്ന ചില കഥകളിൽ ആർത്താറ്റ് കടപ്പുറത്തുനിന്ന് കെട്ടുവഞ്ചികളിൽ സാധന ങ്ങൾ കൊണ്ടുപോയി നാടായനാടെങ്ങും വിൽക്കുന്ന ഒരു കോരയുണ്ടായിരുന്നു. ആ കോര പക്ഷേ ക്രിസ്ത്യാനിയായിരുന്നില്ല. ഈഴവനായിരുന്നു. 'ഹോർത്തൂസ് മലബാറി ക്കൂസി'ന്റെ രചനയിൽ കാര്യമായി സഹായിച്ച ഇട്ടിഅച്ചുതനും ബ്രാഹ്മണരുടെ ഇടയി ലുള്ള ഇട്ട്യാതിരി, ഇട്ടിച്ചരി, ഇട്ട്യാസു എന്നിങ്ങനെയുള്ള പേരുകളുമെല്ലാം എന്നെ ഇട്ടിക്കോരയിലേക്കെത്തിക്കുന്നതിൽ വലിയ പങ്കു വഹിച്ചിട്ടുണ്ട്" എന്ന് നോവലിസ്റ്റ് തന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട്.(കറുപ്പും വെളുപ്പും- പുറം.7). നോവലിസ്റ്റിന്റെ ഈ വെളിപ്പെടുത്തൽ ഇട്ടിക്കോര യഥാർത്ഥത്തിലുള്ള ഒരു ചരിത്രപുരുഷനല്ല മറിച്ച് എഴു ത്തുകാരന് ചിരപരിചിതമായ സമൂഹത്തിന്റെ തന്നെ ഭാഗമാണെന്നും വ്യക്തമാകുന്നു. ത്യാഗവും കാരുണ്യവുമെല്ലാം കാലഹരണപ്പെട്ടു കൊണ്ടിരിക്കുന്ന പുതിയകാ ലത്തെക്കൂടി പ്രതിനിധാനം ചെയ്യുന്ന ഒരു നോവലാണ് 'ഫ്രാൻസിസ് ഇട്ടിക്കോര'. കച്ച വടലാഭത്തിനായി എന്ത് നെറികേടും പ്രവർത്തിക്കുന്ന 'ഇട്ടിക്കോര' എന്ന കഥാപാത്രം ആഗോളവത്കരണം സൃഷ്ടിച്ച വ്യാപാരതന്ത്രങ്ങളെകൂടി പ്രതീകവത്കരിക്കുന്നുണ്ട്. ലാഭത്തിനു വേണ്ടിയുള്ള മത്സരങ്ങളെയും കച്ചവടവസ്തുവായി അധഃപതിക്കുന്ന സ്ത്രീയെയും സമകാലിക രാഷ്ട്രീയവ്യവസ്ഥിയെയും നോവൽ അടയാളപ്പെടുത്തുന്നു. ഫിക്ഷന്റെ സാധ്യതകളെ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട് ഇന്നത്തെ പൊതു സമൂഹത്തിൽ നടമാടുന്ന ക്രൂരവും ഹിംസാത്മകവുമായ യാഥാർത്ഥ്യങ്ങളിലേക്ക് വായ നക്കാരുടെ ശ്രദ്ധയാകർഷിക്കാനാണ് നോവലിസ്റ്റ് ശ്രമിച്ചിരിക്കുന്നത്.

ശ്രീലങ്കയുടെ ചരിത്രവുമായി ബന്ധപ്പെടുന്ന രചനകൾ മലയാളത്തിൽ വിരളമാണ്. ഇത്തരമൊരു സാഹചര്യത്തിൽ ശ്രദ്ധേയമാകുന്ന ഒരു നോവലാണ് ശ്രീലങ്കയുടെ ചരി ത്രപശ്ചാത്തലത്തിൽ രചിക്കപ്പെട്ട 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി'. ഭ്രമാത്മക കല്പനകളിലൂടെ, പത്താം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ദേവനായകിയുടെ പുരാവൃത്തം ശ്രീലങ്കയുടെ വർത്തമാനകാലപരിസരങ്ങളിൽ ഇപ്പോഴും തുടരുന്നു എന്ന ബോധ്യ മാണ് ഈ നോവൽ മുന്നോട്ട് വയ്ക്കുന്നത്. ശ്രീലങ്കയുടെ സമകാലിക രാഷ്ട്രീയപരിത സ്ഥിതികളെയും അധികാരാധിപത്യത്തിന്റെ ഫാസിസ്റ്റ് പ്രവണതകളെയും അവതരി പ്പിക്കാനാണ് ദേവനായകിയുടെ മിത്ത് നോവലിസ്റ്റ് പ്രയോജനപ്പെടുത്തിയിരിക്കു ന്നത്. ബുദ്ധമതാദർശം ഉൾക്കൊണ്ടിരുന്നെങ്കിലും യഥാർത്ഥത്തിൽ ഒരു ഫാസിസ്റ്റ് ഭര ണമായിരുന്നു ശ്രീലങ്കയിൽ നിലനിന്നിരുന്നത്. കാലാകാലങ്ങളായി തുടർന്ന് പോരുന്ന ഫാസിസ്റ്റ് ഭരണകൂടത്തിന്റെ ക്രൂരതകൾ ദേവനായകിയുടെ മിത്തിലൂടെയും തമിഴ്

സിംഹള വംശീയ കലാപങ്ങളിലൂടെയും നോവലിൽ ആവിഷ്കരിക്കപ്പെടുന്നു. അതോടൊപ്പം തന്നെ പുരുഷാധിപത്യത്തിന്റെ കൈയിൽ ഞെരിഞ്ഞമരുന്ന സ്ത്രീയുടെ ദാരുണമായ ജീവിതത്തെയും നോവൽ അടയാളപ്പെടുത്തുന്നു.

ഫാന്റസിയുടെ ബൃഹദാഖ്യാനസാധ്യതകളെ ഉപയോഗപ്പെടുത്തിക്കൊണ്ട് വർത്തമാനകാല ഹിംസയുടെ രാഷ്ട്രീയത്തെ ശക്തമായി എതിർക്കുകയാണ് നോവലിസ്റ്റ് ചെയ്യുന്നത്. വയലൻസ് ഒന്നിനും ഒരു പരിഹാരമല്ല എന്ന തിരിച്ചറിവാണ് നോവൽ മുന്നോട്ടുവയ്ക്കുന്നത്. ഹിംസയുടെ ആഘോഷങ്ങളായി മാറുന്ന യാഥാർത്ഥ്യങ്ങളെ നോവലിൽ രേഖപ്പെടുത്തുന്നു. സ്ത്രീവിരുദ്ധതയും സാമൂഹ്യവിരുദ്ധതയും ഇരുനോവലുകളിലെയും കഥാപാത്രങ്ങളുടെ സംഭാഷണങ്ങളിൽ കടന്നുവരുന്നുണ്ട്. മനുഷ്യനന്മയെ കുറിച്ചുള്ള ജനാധിപത്യ ബോധത്തിന്റെയും യാഥാർത്ഥ്യത്തിന്റെയും വൈരുദ്ധ്യമാണ് ഇവിടെ തുറന്നെഴുതാൻ നോവലിസ്റ്റിനെ പ്രേരിപ്പിക്കുന്നത്.

# ഗ്രന്ഥസൂചി

# ഗ്രന്ഥസൂചി


1. ജോർജ്ജ്. കെ.എം(എഡി.), ആധുനിക മലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡിസി ബുക്സ്, കോട്ടയം, 2021.
2. പരമേശ്വരൻപിള്ള എരുമേലി, മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, കോട്ടയം, 2021.
3. ബഷീർ. എം.എം, മലയാളം നോവൽ സാഹിത്യമാല - വാല്യം 3, ഡിസി ബുക്സ്, കോട്ടയം, 2020.
4. ഭാസ്കരൻ മുചുകുന്ന്, നോവലിന്റെ രാഷ്ട്രീയം, ഹരിതം ബുക്സ്, എറണാകുളം, 2021.
5. രാജഗോപാലൻ. ഇ.പി, ലോകത്തിന്റെ വാക്ക്, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം, 1999.
6. രാജശേഖരൻ. പി.കെ, ഏകാന്ത നഗരങ്ങൾ, ഡിസി ബുക്സ്, കോട്ടയം, 2006.
7. രാമകൃഷ്ണൻ. ടി.ഡി, സുഗന്ധി എന്ന ആണ്ടാൾ ദേവനായകി, ഡിസി ബുക്സ്, കോട്ടയം, 2022.
8. രാമകൃഷ്ണൻ. ടി.ഡി, ഫ്രാൻസിസ് ഇട്ടിക്കോര, ഡിസി ബുക്സ്, കോട്ടയം, 2010.
9. രാമകൃഷ്ണൻ. ടി.ഡി, കറുപ്പും വെളുപ്പും, ഗ്രീൻ ബുക്സ്, തൃശ്ശൂർ, 2019.
10. വത്സലൻ വാതുശ്ശേരി, കഥയും ഫാന്റസിയും, കറൻറ് ബുക്സ്, കോട്ടയം, 2004.
11. ശ്രീകുമാർ. പി.കെ, ചരിത്ര ഫാന്റസിയുടെ ഗണിത വായനകൾ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2009.
12. ശ്രീധരൻ. എ.എം(എഡി), തിന്മയുടെ ഇതിഹാസം അഥവാ ഇട്ടിക്കോരയുടെ ‘പ്രതി’യാത്രകൾ, ഡിസി ബുക്ക്സ്, 2016.

**ARTICLES**

1. The Blending of Fact and Fiction : Historicizing T.D. Ramakrishnan's Sugandhi Alias Andal Devanayaki,(Aouthers : Parvathy Krishna, Lavanya.S, Devi.k), Literary Endeavour(ISSN 0976-299X) : Vol. X : Issue : 5, 2019.
2. Myth-History Interface in Literary Fiction : A study of T.D. Ramakrishnan's "Sugandhi Enna Andal Devanayaki", Deepa Rachel Thomas, SP Publications,2021.